ISSN : 2393-9222

# പ്രാചീനകൈരളി

വാല്യം 42 ലക്കം 1 & 2 ജനുവരി - ഡിസംബർ 2019

# പ്രാചീനകൈരളി

വാല്യം 42 ലക്കം 1& 2 ജനുവരി - ഡിസംബർ 2019

ഓറിയന്റൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്
ആൻഡ് മാനുസ്ക്രിപ്റ്റ്സ് ലൈബ്രറി
കേരളസർവകലാശാല
കാര്യവട്ടം

**Prachinakairali**
(Yearly Journal in Malayalam)

Oriental Research Institute
and Manuscripts Library
University of Kerala

Editor
**Dr. Rejani R.S.**

Joint Editor
**Dr. Sainaba. M.**

Edited, Printed and Published by
Dr. Rejani R.S.
Asst. Professor & Head, ORI and Mss Library
on behalf of the University of Kerala

Cover Design
S.dot, Kariavattom

At Prasanth Printers
Ambalathinkara,
Kazhakuttom, Trivandrum

Annual Subscription Rs. 50/-

# ഉള്ളടക്കം


| | | പേജ് നമ്പർ |
|---|---|---|
| 1. | കോലെഴുത്ത് വന്ന വഴി<br>ഡോ. സാമുവൽ നെല്ലിമുകൾ | 1-12 |
| 2. | ദേശീയതയിലധിഷ്ഠിതമായ വിശാലദർശനം - വെണ്ണിക്കുളം ഗോപാലക്കുറുപ്പിന്റെ കവിതകളിൽ<br>ഡോ. സെലിൻ എസ്.എൽ. | 13-33 |
| 3. | വിവർത്തനത്തിന്റെ സാംസ്കാരിക വിവർത്തനത്തിന്റെ സാംസ്കാരിക ഭൂമിക പ്രാചീന ഭക്തികാവ്യങ്ങളിൽ<br>ഹർഷ സിറിയക്ക് | 34-41 |
| 4. | ഉത്തരകേരളത്തിലെ സ്ത്രീകൾക്കിടയിലുണ്ടായിരുന്ന ആചാരാനുഷ്ഠാനങ്ങളും വിശ്വാസങ്ങളും<br>ശ്രീജ എസ്. ആർ. | 42-65 |
| 5. | മലയാള മഹാനിഘണ്ടുവിന്റെ പ്രചാരണം സാദ്ധ്യതയും പ്രതിസന്ധിയും<br>ദിവ്യ. ആർ.ജി. | 66-73 |
| 6. | അറബികളും അറബിമലയാളവും കേരളത്തിലേക്ക്<br>കെ. മൻജിദ് മാനെ | 74-88 |
| 7. | കോഴിക്കോടൻ ഗ്രന്ഥവരി<br>ആശ. സി.എസ് | 89-95 |
| 8. | ആഭരണങ്ങളിലെ വൈജാത്യവും തിരുവിതാംകൂർ സമൂഹവും - ഒരു അവലോകനം<br>ജിഷ. ജെ.എസ്. | 96-107 |
| 9. | കാവുകളും വൃക്ഷാരാധനയും<br>ജയലക്ഷ്മി എസ് | 108-114 |

## Statement about the ownership and other particulars of the Prachinakairali

(Form IV (See Rule 8)

| | | |
|---|---|---|
| Place of Publication | : | Kariavattom Thiruvananthapuram |
| Periodicity of Publication | : | Yearly |
| Printer, Publisher and Editor | : | Dr. Rejani R.S. |
| Nationality | : | Indian |
| Address | : | Asst. Professor and Head Oriental Research Institute and Manuscripts Library Kariavattom |
| Name and address of individuals who own the newspaper and partners or Shareholders holding more than one percent of the total capital | : | University of Kerala Thiruvananthapuram |

I Dr. Rejani R.S. hereby declare that the particulars given above are true to the best of my knowledge and belief.

Sd/-
**Dr. Rejani R.S.**

Kariavattom
31.12.2019

# കോലെഴുത്ത് വന്ന വഴി

**ഡോ. സാമുവൽ നെല്ലിമുകൾ**

## എഴുത്തിന്റെ തുടക്കം

മനുഷ്യർ ആശയവിനിമയം നടത്താൻ ശബ്ദം, ആഗ്യം തുടങ്ങിയ പ്രയോഗങ്ങളെ വരകളായോ, ചിത്രങ്ങളായോ ആവിഷ്ക്കരിക്കാൻ ആരംഭിച്ചത് എന്നു മുതൽ ആണ് എന്നതിനു തെളിവുകളില്ല. മൃഗങ്ങൾ, പക്ഷികൾ, മത്സ്യങ്ങൾ, എന്നിവയുടെ ഒപ്പം മനുഷ്യരുടെ തന്നെ ചിത്രങ്ങളോ പ്രതീകങ്ങളോ ആയിരിക്കും ആദ്യം ആശയവിനിമയത്തിന് ആലേഖനം ചെയ്തിരുന്നത് എന്നു കരുതാം. അതിൽനിന്ന് പല പരിണാമങ്ങൾക്കുശേഷമാകാം ലിപിസമ്പ്രദായം ആരംഭിച്ചത്. ''എഴുത്തുവി ദ്യ ആരംഭിച്ചിട്ട് ഏറിയാൽ അയ്യായിരം വർഷത്തെ പഴക്കമേ ആയിട്ടുള്ളൂ'' എന്നാണ് ഗവേഷകന്മാരുടെ നിഗമനം.[1]

1 പ്രൊഫ. കെ.പി. ജലീൽ: ലിപികളും മാനവ സംസ്കാരവും; 1989, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, പുറം. 4.





എഴുത്തുവിദ്യ ആദ്യം ആരംഭിച്ചത് മെസൊപ്പൊത്തേമ്യ യിലെ സുമേനിയക്കാരാണ് എന്ന നിഗമനം ലിപിചരിത്രഗവേഷകന്മാർ അംഗീകരിച്ചിട്ടു ്. ഓരോ ആശയത്തിനും ഓരോ ചിഹ്നം ആയിരുന്നു ഉപയോഗിച്ചിരുന്നത്. കല്ലിലോ ഘനമുള്ള ഏതെങ്കിലും പ്രതലത്തിലോ മൂർച്ചയുള്ള ആയുധംകൊ ു വെട്ടിയാണ് ചിഹ്നങ്ങൾ ഉ ാക്കിയിരുന്നത്.

ഇംഗ്ലീഷിൽ write എന്ന പദത്തിന്റെ ആംഗ്ലോ - സാക്സൺ രൂപം writam എന്നാണ്. വെട്ടുക, വെട്ടി അടയാളപ്പെടുത്തുക എന്നെല്ലാമാണ് ഈ പദത്തിന് അ ർത്ഥം.

മലയാളത്തിൽ എഴുത്ത് എന്ന പദത്തിന്റെ ധാതു 'ഏഴു' അഥവാ 'അഴു' എന്നതിന് അർത്ഥം അഴുത്തുക, വെട്ടി ചാലു ാക്കുക എന്നെല്ലാമാണ്. കടലാസ് വരുന്നതിനുമുമ്പ് തൂലികകൊ ് എഴുതുക ആയിരുന്നില്ല പതിവ്. പാറയിലും, ചെമ്പുതകിടിലും അക്ഷരങ്ങൾ വെട്ടി ഉ ാക്കുകയായിരുന്നു. ഓലയിലും കൂർത്തനാരായം കൊ ് ചാലുകൾ ഉ ാക്കിയാണല്ലോ അക്ഷരങ്ങൾ എഴുതിയിരുന്നത്.

## ചിത്രലിപി (Hairoglyphie)

എഴുത്തിന്റെ ആദ്യപൂരം ഇതാണെന്ന് ലിപിഗവേഷണവിദഗ്ദ്ധർ അംഗീകരിച്ചിരിക്കുന്നു. ഒന്നിലധികം പദങ്ങൾകൊ ു നിർവ്വഹിക്കേ ആശയ വിനിമയം ഒരു ചിത്രം കൊ ു സാധിക്കുക. പുരാതന ഈജിപ്റ്റിൽ ഫറവോമാരുടെ ഭരണകാലത്ത് ഇത്തരം ചിത്രലിപികൾ ആയിരുന്നു അവിടെ പ്രചാരത്തിൽ ഉ ായിരുന്നത്.

ചിത്രലിപികൾ ആലേഖനം ചെയ്ത ഫലകങ്ങൾ കെയ്റോയിലെ മ്യൂസിയത്തിൽ സൂക്ഷിച്ചിട്ടു ്.

രാമേശസ് ര ാമൻ ഫറവോയുടെ പത്നി തൗഫർറ്റാരി (NEPERTARY- B.C. 1300)യുടെ ശവകുടീരത്തിന്റെ ഭിത്തികളിൽ കൊത്തിവച്ച ചിത്രലിപികൾ താഴെ കാണിക്കുന്നു.[2]

**സിന്ധുനദീതടലിപികൾ**

സിന്ധുനദീതടപ്രദേശങ്ങളിൽ വസിച്ചിരുന്ന ഒരു ജനത ആശയവിനിമയത്തിന് അനേകം ചിത്ര ലിപികൾ (മുദ്രകൾ) കട്ടികുറഞ്ഞ ഒരുതരം കല്ലിൽ കൊത്തി ഉപയോഗിച്ചിരുന്നു. ഈ ചിത്രലിപികൾക്ക് സുമേത്യന്മാരുടെ ക്യൂണിഫോം ലിപികളുമായി സാമ്യമു ന്ന് തെളിഞ്ഞിട്ടു ്. "സുമേത്യന്മാരുമായി സൈന്ധവ ജനതയ്ക്ക് വ്യാപാരബന്ധം ഉ ായിരുന്നതായി തെളിവുകളു ്."[3] ഹാരപ്പായിൽനിന്നു ലഭിച്ച മുദ്രകളിലെ ചിത്രലിപികൾ വായിക്കുന്നതിൽ ഗവേഷകന്മാർ ഇന്നും വിജയിച്ചിട്ടില്ല. മനോഹരമായ ആ ലിപികളുടെ പകർപ്പ് താഴെ കാണിക്കുന്നു.[4]



FIG. [illegible]: A sampling of words or phrases found on Harappan seals in the still undeciphered script.

---

[2] Ancient Egypt; The American University in Cairo Press.
[3] പ്രൊഫ. കെ.പി. ജലീൽ: Ibid; p.15.
[4] George Feuerstein; In search of the cradle of civilization, p. 128.






"The Indus script, like the hieroglyphie Egyptian, is generally written from right to left."[5]

**ബ്രാഹ്മിലിപി**

സൈന്ധവ ലിപികളിൽനിന്നും ബ്രാഹ്മിലിപി രൂപപ്പെട്ടു. "In 1934, G.R. Hunter published a first study on the relationship between the Indus - Saraswathi glyphs and the Brahmi script."[6]



ബ്രാഹ്മി ലിപിയിൽ നിന്നാണ് ഭാരതത്തിലെ മിക്ക ഭാഷകളിലെയും ലിപികൾ രൂപപ്പെട്ടത്; പ്രത്യേകിച്ച് ഉത്തരേന്ത്യൻ ഭാഷകളിലെ ലിപികൾ.


---

[5] Ibid; p. 137.
[6] The search of the cradle of civilization; p. 137.

**വെട്ടെഴുത്ത്**

ബ്രാഹ്മിയിൽനിന്നു രൂപപ്പെട്ടതാണ് വെട്ടെഴുത്ത് എന്ന് പ്രാചീന ലിപിവിദഗ്ദ്ധർ അഭിപ്രായപ്പെടുന്നു, ''ഭാരതത്തിലെ എല്ലാ പ്രാദേശിക ഭാഷാ ലിപികളുടേതും എന്നപോലെ വെട്ടെഴുത്ത് ലിപി യുടെ ഉത്ഭവവും ബ്രാഹ്മിയിൽനിന്നാണ്. ബ്രാഹ്മി → തമിഴ് ബ്രാഹ്മി → വെട്ടെഴുത്ത് → കോലെഴുത്ത് → മലയാണ്മ എന്നിങ്ങ നെയാണ് അവയുടെ പരിണാമക്രമം.''[7]

വെട്ടെഴുത്തിന് ചിലർ 'വട്ടെഴുത്ത്' എന്ന് തെറ്റായി പറയാ റു ് എന്ന് എൽ.എ. രവിവർമ്മ രേഖപ്പെടുത്തിയിട്ടു ്.[8] വെട്ടെ ഴുത്ത് ശിലകളിലോ ചെമ്പു തകിടുകളിലോ അല്ലാതെ എഴുതിയിരു ന്നില്ല. 18-ാം നൂറ്റാ ുമതൽ ചുരുക്കമായി താളിയോലയിലും.



9 to 12 Century AD scripts

[7] ഡോ. എം. സാം; കേരളത്തിലെ പ്രാചീനലിപി മാതൃകകൾ; സംസ്ഥാനപുരാ രേഖാ വകുപ്പ്; 2006, പുറം. 13.

[8] എൽ. രവിവർമ്മ; പ്രാചീനകേരളലിപികൾ, പ്രവേശിക; p. iii.





**കോലെഴുത്ത്**

വെട്ടെഴുത്തു ലിപികൾക്കു ചെറിയ മാറ്റം വന്നതാണ് കോലെഴുത്തു ലിപികൾ. എഴുത്തിന്റെ ഉപകരണവും പ്രതലവും മാറിയപ്പോൾ വന്ന മാറ്റം. ഉപകരണം കോലും (നാരായം) പ്രതലം പനയോലയും ആയി. വാസ്തവത്തിൽ ഇതും ഒരുതരം വെട്ടെഴുത്ത് തന്നെയാണ്. മഷി ഉപയോഗിക്കാതെ പനയോലയുടെ പുറത്ത് അമർത്തി ചാലു ാക്കി (കോറി)യാണല്ലോ ലിപികൾക്കുരൂപം നൽകുന്നത്.


കോലെഴുത്തു ലിപികൾ 18-ാം നൂറ്റാ ിനുശേഷമാണ് ക ുതുടങ്ങിയത് എന്നു പറയുന്നതു ശരിയല്ല.

"We could not find any Kolezhuthu or Malayanma script during the period from 12th to 15th century. Kolezhuthu records are seen only after 18th century''[9] എന്ന് കേരള സർക്കാരിന്റെ സാംസ്കാരിക വകുപ്പിന്റെ ജേർണലിൽ എഴുതിയിരിക്കുന്നതു ശരി യല്ല. 1675-ൽ ഹോർത്തൂസ് മലബാറിക്കൂസിൽ ഇട്ടി അച്യുതൻ എഴുതിയ ആമുഖം കോലെഴുത്തു ലിപിയിലാണല്ലോ.

[9] Thaliyola, Kerala Archive journal, 2010, Jan - March, p.22.

**ഹോർത്തൂസ് മലബാറിക്കൂസ്**

**കൊല്ലാട്ടു ഇട്ടി അച്യുതന്റെ സാക്ഷിപത്രം - 1675**








**ഇട്ടി അച്യുതന്റെ സാക്ഷ്യപത്രം മലയാളം ലിപിയിൽ**

കരപ്പുറത്ത കടക്കരപ്പള്ളി തേചത്ത കൊല്ലാടു വീട്ടിൽ പിറന്ന അവിടെ കുടിയിരിക്കും ചെകോ വർണ്ണത്തിൽ... പുറതായ്മ ഒള്ള മലെയാം വൈത്തിയെൻ നിച്ചയിക്കും പിറകാരം എന്തിരിക്കി വൻൻെറത് കുമ്മതൊരീടെ കല്പനയാല് കൊച്ചിയില് കോട്ടയില് വന്നാ വൊത്തകത്തില് ചാർത്തിയ വിരക്കങ്ങളും ചെറു വിരക്ക ങ്ങളും വള്ളികളും പുല്ക്കുലങ്ങളും വിത്ത ചാതികളു കൊ ് കൈ ചെയ്കയും നമ്മടെ കെരന്തങ്ങളിൽനിന്ന് കെറവിക്ക കൊ ും ഓരോന്നിൻെറ പിറകാരവും അതു കൊ ് ഒള്ള ചികി ലിത്തയും ഒക്കെയും വക തിരിച്ച് ചിത്തറത്തു ് കെൽ എഴുതിയ പിറകാരവും വിവെത്ത വരുത്തി വെകുമാനപ്പെട്ട കൊമ്പത്തിയെടെ തുപ്പായി ആയ മന്നുവേലക്കരന്നെരോട് പറഞ്ഞ് തിരിച്ച അങ്ങ് അറിയിക്കുകയും ചൈതുയിവണ്ണം ചമുചെയം തീർത്ത് തിരിച്ച് അങ്ങ് അറിയിച്ചതിൽ മലൈയാളത്തില് ഇതുകൊണ്ട് ഒള്ളതിൽ തലച്ചെനങ്ങടെ ചങ്കുടെയംയെന്നിയെ എഴുതിയമൈല്ല ആ പിരിവ് മാതം 20 തീയതി 1675 മത് കൊച്ചിയില് കോട്ടയില് എഴുത്ത്.

ഒപ്പ്


കൊല്ലാട്ടു വൈത്തിയൻ ഒപ്പ്


ബ്രാഹ്മി വെട്ടെ ഴുത്ത് കോലെ ഴുത്ത് മല

















**ഡോ. സാമുവൽ നെല്ലിമുകൾ**
റിട്ടയേർഡ് പ്രൊഫസ്സർ
മലയാള വിഭാഗം
സി.എം.എസ്. കോളേജ്
കോട്ടയം

## ദേശീ യ ത യി ല ധി ഷ്ഠി ത മായ വിശാ ല ദർശനം - വെണ്ണി ക്കുളം ഗോപാ ല ക്കു റു പ്പിന്റെ കവി ത ക ളി□

ഡോ. സെലിൻ എസ്. എ□.

രചനാസൗകമാര്യം തികഞ്ഞ ലളിതവും പ്രസാദാത്മകവു മായ കവിതകളിലൂടെ മലയാള കാവ്യരംഗത്തേക്കു കടന്നുവന്ന കവിയാണ് വെണ്ണിക്കുളം ഗോപാലക്കുറിപ്പ്. സാമൂഹിക ജീവിതാവ സ്ഥയും അതിനോടുള്ള സവിശേഷ പ്രതികരണവും കൊണ്ട് ഭാവ ഗീതങ്ങൾക്ക് വേറിട്ട അന്തർഭാവം പ്രദാനം ചെയ്ത കവിയാണ് അദ്ദേഹം.വെണ്ണിക്കുളത്തിന്റെ കവി പ്രതിഭയെ മുഖ്യമായും ഉജ്ജ്വ ലിപ്പിച്ചത് ദേശസ്നേഹവും ജീവിത്തെ ജീവിതവ്യയമാക്കുന്നമൂല്യ ങ്ങളെക്കുറിച്ചുള്ള അവബോധവുമായിരുന്നു.

ദേശം എല്ലാ മനുഷ്യരുടെയുള്ളിലും നിറഞ്ഞുനിൽക്കുന്ന ഒരു ഇടമാണ്. അത് കേവലം മണ്ണും നിദിയും നിറഞ്ഞ സ്ഥലംമാത്രമല്ല. തന്റെ ജീവിതത്തെയും സംസ്കാരത്തെയും ഫല വത്താക്കുന്ന ഒരു ഘടകമാണ്. അത് വ്യക്തിസ്വാതന്ത്ര്യത്തെയും സാമൂഹിക സ്വാതന്ത്ര്യത്തെയും നിർണ്ണയിക്കുന്നു എന്നുകൂടി പറയാം. ജന്മഭൂമിയെ മാതാവിനോടുപമിക്കുമ്പോൾത്തന്നെ ദേശ ത്തോടുള്ള മനുഷ്യന്റെ ജൈവബന്ധം പ്രകടമാണല്ലോ.

19-ാം നൂറ്റാിൽ ഇംഗ്ലീഷ്വിദ്യാഭ്യാസം ഇന്ത്യയിൽ ദേശാഭി മാനമുള്ള ഒരു ജനതയെ വാർത്തെടുക്കുന്നതിൽ സുപ്രധാന പങ്കു വഹിച്ചു. ഇംഗ്ലീഷുകാരുടെ അനുകർത്താക്കളാകുന്നതിൽ അഭി





മാനം കൊണ്ടിരുന്നവർ ക്രമേണ അതൊരു കുറവായി കണക്കാക്കി തുടങ്ങി. ദേശാഭിമാനത്തെയും സ്വാതന്ത്ര്യത്തെയും സമത്വത്തെയും കുറിച്ചുള്ള പല പുതിയ ചിന്തകളും ഉൾക്കൊണ്ട് ഭാരതീയർ നമ്മുടെ നാടിനെയും അഭിമാനത്തോടെ കണ്ടു. ഭാരതത്തിന്റെമഹ ത്തായ ഭൂതകാലത്തെ അന്നത്തെ സാഹിത്യകാരന്മാർ തങ്ങളുടെ കൃതികൾക്ക് വിഷയമാക്കി.

''ഒരു രാജ്യത്തെ സ്നേഹിക്കണമെങ്കിൽ അത് സ്നേഹിക്ക ത്തക്കതായിരിക്കണം''[1] എന്ന് എഡ്മന് ബർഗ്ഗ് പ്രസ്താവിച്ചിട്ട്. ഭാരതത്തെ സംബന്ധിച്ചാണെങ്കിൽ ഈ പ്രസ്താവന തികച്ചും സത്യമാണ്. മഹത്തായ ഒരു ഭൂതകാല പാരമ്പര്യമാണ് ഭാരതത്തിന് അവകാശപ്പെടാവുന്നത്. ആ ഭൂതകാലമഹത്വവും വർത്തമാനകാല അടിമത്തവും താരതമ്യം ചെയ്തപ്പോഴാണ് നമ്മുടെ ദേശീയ ബോധം ആളിക്കത്തിയത്. ''ദേശീയത എന്നത് നിശ്ചയമായും കഴിഞ്ഞ കാലങ്ങളിലെ നേട്ടങ്ങൾ, പാരമ്പര്യങ്ങൾ, അനുഭവങ്ങൾ എന്നിവയുടെ ഒരു സാമൂഹ്യസ്മരണയാകുന്നു.''[2] എന്ന ജവ ഹർലാൽ നെഹ്റുവിന്റെ വാക്കുകളും ഇതു ശരിവയ്ക്കുന്നു.

ഭാരതത്തിലും കേരളത്തിലും സ്വാതന്ത്ര്യത്തിനുവേിയുള്ള സമരങ്ങൾ കൊടുമ്പിരിക്കൊിരുന്ന ഒരു കാലഘട്ടത്തിലാണ് വെണ്ണി ക്കുളം കാവ്യരംഗത്തേക്ക് കടന്നുവന്നത്. ജാതിമതഭേദമന്യേ എല്ലാ വർക്കും സ്വാതന്ത്ര്യം എന്ന ലക്ഷ്യം മുൻനിർത്തി പരിശ്രമിച്ചിരുന്ന കാലമായിരുന്നു അത്. അന്നത്തെ സാഹിത്യകാരന്മാരും ജനങ്ങളെ പ്രചോദിപ്പിക്കാൻ സ്വന്തം കൃതികളിലൂടെ ശ്രമിച്ചു. ബംഗാളിൽ ടാഗോറും ഹിന്ദിയിൽ പ്രേംചന്ദും മൈഥിലീശരൺ ഗുപ്തയും തമി ഴിൽ സുബ്രഹ്മണ്യഭാരതിയും ഈ രീതിയിൽ പ്രശസ്തി നേടിയ വരാണ്. ഭാരതീയ ജീവിതത്തിന്റെ നാനാതുറകളിലും വമ്പിച്ച മാറ്റ മുണ്ടായ ദേശീയ നവോത്ഥാനത്തെത്തുടർന്ന് അന്ന് പാരതന്ത്ര്യ ത്തിലു കിടന്ന ജനതയെ ആർഷസംസ്കാരത്തിന്റെ മഹത്തായ

പാരമ്പര്യങ്ങളാൽ ആവേശം കൊള്ളിച്ച് അവരെ ഒരൊറ്റ ജനത യാക്കി മാറ്റി.സ്വാതന്ത്ര്യത്തിനുവേണ്ടി പോരാടാൻ ശ്രമിച്ചു അന്നത്തെ സാഹിത്യകാരന്മാർ കലാകാരന്റെ രാഷ്ട്രസേവനം കല യിൽ കൂടിയാണെന്ന് അവർ വിശ്വസിച്ചു.

''ഭൂതകാലത്തിൻ പ്രഭാവതന്തുക്കളാൽ
ഭൂതിമത്താമൊരു ഭാവിയെനെയ്ക നാം''[3]

എന്ന്പാടി വർത്തമാനകാലത്തിന്റെ ദോഷങ്ങൾ പരിഹരിക്കുന്നതി നായി ഭൂതകാലത്തിലേക്ക് നോക്കുക മാത്രമല്ല. അതിൽനിന്നു തന്നെയാണ് സമകാലിക ജീവിതം രൂപപ്പെടുത്തിയെടുക്കേത് എന്ന് വിശ്വസിക്കുകയും ചെയ്ത വള്ളത്തോളിനോടൊപ്പം വെണ്ണിക്ക ളവും നിലകൊു.

''ഭാരതമെന്ന പേർകേട്ടാലഭിമാന–
പൂരികമാകണമന്തരംഗം
കേരളമെന്നു കേട്ടാലോ തിളയ്ക്കണം
ചോര നമുക്കു ഞരമ്പുകളിൽ''[4]

എന്ന വള്ളത്തോളിന്റെ വരികളിൽനിന്ന് പ്രചോദനം നേടിയ വെണ്ണിക്കുളത്തിലും ദേശസ്നേഹം അതിന്റെ ഉദാത്തമായഅവസ്ഥ യിൽത്തന്നെ ദർശിക്കാൻ സാധിക്കും. 'അമ്മയ്ക്കുവേണ്ടി', 'മറ്റമ്മയു ണ്ടെങ്കിൽ' തുടങ്ങിയ കവിതകൾ ഇതിനുദാഹരണമാണ്. മാതൃഭൂമി ക്കുവേി മരിക്കുന്നതിൽ കവിഞ്ഞ് ഒരു പുണ്യമില്ലെന്നു കരുതുന്ന കവി.

''അന്തരംഗത്തിൽ മുഴങ്ങട്ടെ, നാൾ തോറു–
മെന്തിലും മീതെയീ ശബ്ദം.
ഇന്ത്യയ്ക്കുവേി ഞാൻ ജീവിക്കും, മല്ലെങ്കി–
ലിന്ത്യയ്ക്കുവേി മരിക്കും.'' (അമ്മയ്ക്കുവേണ്ടി)





എന്ന് സുന്ദരമായ ഒരു ഭാവി കെട്ടിപ്പടുക്കാൻ ഭാരതത്തിലെ ജന ങ്ങളെ തന്റെ ദേശാഭിമാനോജ്ജ്വലങ്ങളായ കവിതകളിലൂടെ ആഹ്വാനം ചെയ്തു.

'വിശാലദർശനം' എന്ന വെണ്ണിക്കുളത്തിന്റെ കവിത പേരു സൂചിപ്പിക്കുന്നതുപോലെ ഭാരത്തെ വിശാലമായ കാഴ്ചപ്പാടിൽ നോക്കികാണുന്ന ഒന്നാണ്. ചുറ്റും നോക്കുന്ന കവി കാണുന്നതൊ ക്കെയും സ്വന്തം ആൾക്കാലെ മാത്രമാണ്. പല പേരിനാൽ വിളിക്ക പ്പെടുമെങ്കിലും,

''ഭാരതീയർ, നാമന്യോന്യ സൗഹൃദോ–
ദാര ജീവിതമാർഗ്ഗ സഞ്ചാരികൾ'' (വിശാലദർശനം)

എന്ന ചിന്തയാണ് കവിയിലുാകുന്നത്. എപ്പോഴും ഭാരതത്തിന്റെ ഐക്യം മാത്രം സ്വപ്നം കിരുന്ന കവി,

''ഇന്ത്യ രണ്ടായ് മുറിഞ്ഞെന്ന ദീനമാം
ചിന്തയിന്നേ മറന്നാൽ ജയിച്ചു നാം'' (സ്വാതന്ത്ര്യഗീതം)

എന്നുപറയുമ്പോൾ ഭാരതത്തെകുറിച്ചുള്ള കവിയുടെ വ്യക്തിപര മായ കാഴ്ചപ്പാടാണ് തെളിഞ്ഞുകാണുന്നത്. പൂന്താനത്തെപ്പോലെ ഈ ഇന്ത്യാ മഹാരാജ്യത്തിൽ വന്നു പിറക്കാൻ കഴിഞ്ഞത് മഹാഭാ ഗ്യമായി കരുതുന്നകവി അതിന് കാരണങ്ങളും കത്തെുന്നു. ഇവി ടെയുാകുന്ന പുൽക്കൊടിത്തുമ്പചന്റ കൂടിനലസുഷമ നൃത്തം വെയ്ക്കുന്നു. ഇവിടെ അലതല്ലുന്ന കുളിർകാറ്റിൽ കവിതയുടെ നൂപുരധ്വനി കേൾക്കുന്നു. മഴത്തുള്ളികളിൽ നൽമുത്തുകളും ഇതൾവിരിയുന്ന മൊട്ടുകളിൽ പുതുമയുടെ പുഞ്ചിരിയും കേൾക്കുന്നു. മനസ്സിൽ അമിതാഹ്ലാദം നിറയ്ക്കുന്ന ഇവ ഉള്ള പ്പോൾ തനിക്ക് മറ്റൊരു 'സുരഭുവന'ത്തിന്റെ ആവശ്യം ഇല്ലെന്ന് 'സ്വർഗം എന്തിന്?'എന്ന കവിതയിൽ പ്രസ്താവിക്കുമ്പോൾ ഭാരത ത്തിലെ ഓരോ വസ്തുവും തനിക്ക് എന്തൊക്കെയാണെന്ന് കവി

വ്യക്തമാക്കിത്തരികയാണ്. വള്ളത്തോളുംമാതൃഭൂമിയുമായി താരതമ്യപ്പെടുത്തുമ്പോൾ സ്വർഗ്ഗത്തെ തൃണപ്രായമായാണ് കരുതിയത്.[5]

ഭാരതത്തെ വിദേശികളുടെ ആധിപത്യത്തിൽനിന്ന് മോചിപ്പിക്കുവാൻ ഏറെ ശ്രമിച്ചവരാണ് നമ്മുടെ നേതാക്കന്മാർ.അവരുടെ ശ്രമഫമായി ലഭിച്ച സ്വാതന്ത്ര്യത്തെ കൊണ്ടാടുന്ന കവിയുടെ മനസ്സിലുണരുന്നചിന്തകളാണ് 'കടലിൽനിന്ന് ഒരുകൂട്ടം' എന്നകവിത, മദിരാശി നഗരത്തിന്റെ ദൃശ്യമാണ് ഈ അനുഭവത്തിന്റെ പിന്നിൽ. സ്വാതന്ത്ര്യപതാക പാറിക്കളിക്കുന്ന മദിരാശി, മംഗലരാശി തന്നെയാണ് വെണ്ണിക്കുളത്തിന് അനുഭവപ്പെടുന്നത്. സ്വാതന്ത്ര്യ പതാകയാകട്ടെ,

''മൂവർണ്ണപൊല്ക്കൊടിക്കൂറ മാടിമാടി വിളിക്കുന്നു
ലാവണ്യ സ്വർല്ലോകഖണ്ഡം കാണുവിനെന്നായ്''
(കടലിൽനിന്ന് ഒരു കുടം)

എന്ന പ്രതീതിയാണ് കവിയിലുളവാക്കുന്നത്. 'വാസുദേവവക്ഷസ്സിലെ വനമാലയായി വള്ളത്തോൾ വിശേഷിപ്പിക്കപ്പെടുന്ന ഭാരത പതാക വെണ്ണിക്കുളത്തിന് മിന്നുന്ന കൊടിക്കൂറയും പൊന്നിന്റെ കൊടിക്കൂറയും മാത്രമല്ല, വിജയത്തിന്റെ കൊടിക്കൂറയും കൂടിയാണ്.

സ്വാതന്ത്ര്യത്തിന്റെ രണ്ടാംവാർശികവേളയിൽ ഭാരതത്തെ പുനർദർശിക്കുകയാണ് 'മഹാഭാരതം' എന്ന കവിതയിൽ.ആറ്റുനോറ്റു ലഭിച്ച സ്വാതന്ത്ര്യത്തെ അതിന്റേതായ രീതിയിൽ നമുക്കു സംരക്ഷിക്കാനായില്ലല്ലോ എന്നോർത്തു കവി ദുഃഖിക്കുന്നു. ഒരു കാലത്ത് പച്ചക്കാടായിരുന്ന ഈ ആർഷഭാരതം ഇന്ന് കരിഞ്ഞും നീറിയും ചാമ്പലായും മാറിയ കാഴ്ചകണ്ട് കവി ഞെട്ടിപ്പോകുന്നു. ഇവിടെയെല്ലാം പ്രതീക്ഷ മങ്ങുകയും കവിതയിൽ വിഷാദം കലരുകയും ചെയ്യുന്നു. ഭാരതത്തിലെ ജനങ്ങൾ അജ്ഞതയാലും ദാരിദ്ര്യത്താലും വീർപ്പുമുട്ടുന്നു. എങ്കിലും എല്ലാ ആപത്തുകളെയും താണ്ടാൻ ഭാരത്തിനു കഴിയുമെന്ന് കവി പ്രത്യാശിക്കുന്നു. പുതിയ





രാഷ്ട്രനിർമ്മിതിയിൽ പങ്കാളികളാകുന്ന എല്ലാവർക്കും അദ്ദേഹം വിജയം ആശംസിക്കുന്നു.

''അപശബ്ദങ്ങൾ മാറ്റിക്കൊ-
ണ്ടർത്ഥ പുഷ്പകലമാക്കിയാൽ
അമൃതസ്യന്ദിയായ്ത്തീരും
ഭാരതം ഭാരതോപമം''(മഹാഭാരതം)

എന്ന് മനോഹരമായ ഒരു യമകാലങ്കാരത്തിലൂടെ ഭാരതത്തിനും കവിതയ്ക്കും തുല്യത കല്പിക്കുകയാണ്. യാതൊരു ഭിന്നതകളുമില്ലാതെ ഭാരതത്തെ സമ്പൽസമൃദ്ധമാക്കാൻ നാം പരിശ്രമിച്ചാൽ അത് അമൃതിനു തുല്യമായആനന്ദം പകർന്നു തരികയും അനുപമമായി തീരുകയും ചെയ്യുംഎന്ന് ഭാരതപക്ഷത്തിലും യാതൊരു അപശ്ബദ പ്രയോഗവുമില്ലാതെ, അർത്ഥസമ്പുഷ്ടമായ കവിത രചിച്ചാൽ അത് മഹാഭാരതം പോലെ അമൃത(മരണമില്ലാത്തത്)മായി തീരും എന്ന് കവി താ പക്ഷത്തിലും അർത്ഥം പറയാം. ഒരു മനസ്സോടെ ഭാരതത്തിനുവേണ്ടി പ്രവർത്തിക്കേണ്ടതിന്റെ ആവശ്യകത എടുത്തു പറയുന്ന കവി ഒരു ഭാരതപൗരൻ എന്ന നിലയിലുള്ള തന്റെ കാഴ്ചപ്പാടുകളാണ് ഇവിടെയെല്ലാം അവതരിപ്പിക്കുന്നത്.

തന്റെ മഹത്തായ നാട്ടിലേക്ക് ഇരുൾ മാറ്റാൻ കടന്നുവരുന്ന നൂതനയുഗത്തെ ഹൃദ്യമായി സ്വാഗതം ചെയ്യുന്ന കവിയെ 'നിലയ്ക്കാത്ത ചലനം' എന്ന കവിതയിൽ കാണാം. സ്വാതന്ത്ര്യത്തിനു വേണ്ടി ഉഴറുന്ന ജനത, കയ്യും മെയ്യും മറന്ന് പ്രവർത്തിക്കുകയാണ്. അതിനുവേണ്ടിഅവൻ സഹിക്കുന്ന യാതനയാൽ അവന്റെ ഹൃദയം കനലിൽ പൊന്നിന് മാറ്റ് ഏറുന്നതുപോലെ കരുത്തു നേടുന്നു. ആ കഠിനയത്നത്തിന്റെ ഫലമായി പിൽക്കാലത്ത് അവന് പലതും എത്തിപ്പിടിക്കാനാവുമെന്ന് അന്നത്തെ കവികൾ പ്രത്യാശിച്ചു.[6] ഉറച്ച ആത്മവിശ്വാസവും ശുഭപ്രതീക്ഷയും വെണ്ണിക്കുളവും പുലർത്തുന്നുണ്ട്.

''ശാസ്ത്രത്തിൻ ചിറകിൻമേലുയരം ഗോളാന്തര

യാത്രികരുടെ മുമ്പിലെൻ നാട്ടുകാരും കാണും''
(നിലയ്ക്കാത്ത ചലനം)
''ശാഖോപശാഖമായ് നിന്നുടൻ
ശാസ്ത്രദാരുവിൽ നിന്നുടൻ
കൈയുയർത്തുന്നു ഭാരതം'' (വികസ്വരഭാരതം)

എന്ന് വർഷങ്ങൾക്കു മുമ്പ് വെണ്ണിക്കുളം കണ്ടസ്വപ്നം ഇന്ന് നാം യാഥാർത്ഥ്യമാക്കിയിരിക്കുന്നു.

ഭാരതത്തെ ഐശ്വര്യത്തിന്റെയും സമ്പത് സമൃദ്ധിയുടെയും പ്രതീകമായി എപ്പോഴും കാണാൻ ആഗ്രഹിച്ച കവിയാണ് വെണ്ണിക്കുളം. ഭാരതത്തെ 'സുരഭി'യായി കാണുന്ന കവി, ഇന്ത്യാക്കാർ എപ്പോഴും ഒന്നായീരിക്കണം എന്ന ബോധം മനസ്സിൽ സൂക്ഷിച്ചിരിന്നു. ആയുധബലം ഉള്ള എത്രയധികം വിശ്വാമിത്രരൂപികൾ ഈ ഭാരതസുരഭിയെ ആക്രമിക്കാൻ വന്നാലും ഇവിടുത്തെ എല്ലാ ജനങ്ങളും അടർക്കളത്തിലേക്കിറങ്ങുമെന്നും നമ്മുടെ മനോദാർഢ്യത്തിനു മുന്നിൽ അവരുടെ ആയുധബലം തീരെ നിസ്സാരമാണെന്നും വെണ്ണിക്കുളം ഉറച്ചുവിശ്വസിച്ചിരുന്നു. ഭാരതത്തെക്കുറിച്ചും ഇവിടുത്തെ പൗരന്മാരെക്കുറിച്ചുമുള്ള കവിയുടെ വ്യക്തിപരമായ കാഴ്ചപ്പാടാണ് ഇത് വെളിപ്പെടുത്തുന്നത്.

ആറ്റുനോറ്റുണ്ടായ സ്വാതന്ത്ര്യസന്താനത്തെ പോറ്റാൻ നാം ദൃഢവ്രതം കൈക്കൊള്ളേണ്ടതിന്റെ ആവശ്യകത വ്യക്തമാക്കുന്ന കവിതകളാണ് 'സർവാർപ്പണം', 'ഇന്ത്യയെ സ്നേഹിക്കുവിൻ' എന്നിവ.

''ഏതൊരൈക്യത്താൽ നേടീ, സ്വാതന്ത്ര്യ, മതിന്നുനാം
ചേതസ്സും വപുസ്സമിങ്ങരുളി നിൽക്കാം''(സർവാർപ്പണം)

എന്നുപറയുന്ന കവി തന്നെത്തന്നെ രാഷ്ട്രത്തിനു സമർപ്പിക്കുക മാത്രമല്ല അതിന് എല്ലാവരെയും ആഹ്വാനം ചെയ്യുകയും ചെയ്യുന്നു.





ഒരു കവി എന്ന നിലയിൽ തന്റെ ജന്മഭൂമിയെ ആത്മാർത്ഥമായി സേവിക്കേണ്ടത് തന്റെ ധർമ്മമാണെന്ന് അദ്ദേഹം വിശ്വസിച്ചു. ജനങ്ങളിൽ ആത്മവിശ്വാസം ജനിപ്പിക്കുന്ന സമരവീര്യം ഉണർത്തുന്ന ദേശസ്നേഹം നിറഞ്ഞുതുളുമ്പുന്ന കുറേ കവിതകൾ അദ്ദേഹം രചിച്ചിട്ടുണ്ട്. ലോകമഹായുദ്ധത്തിന്റെ അലകൾ ആഞ്ഞടിച്ചപ്പോൾ താൻ നിശബ്ദനായിരിക്കുന്നതിനു കാരണമായി അദ്ദേഹം പറയുന്നത് ഇതാണ്. ''ഞാൻ ഉറങ്ങുന്നത് മാനവരെ മുഴുവൻ ഉണർത്താനാണ്. ഞാൻ കൂമ്പിയ പുഷ്പമല്ല, പുഷ്പത്തിനുമേൻ പകരുന്ന ചൈത്രകാലമാണ്. ആയുധങ്ങൾക്കും അഗ്നിക്കും കീഴടക്കാനാവാത്ത ഒരു ശാസ്ത്രമാണ് ഇന്ത്യയുടെ കയ്യിലുള്ളത്. അതിന്റെ വെളിച്ചം എമ്പാടും പരത്തുവാനാണ് എന്റെ ശ്രമം.''

''ദീനയാകിലുമിന്ത്യതൻ കൈവശം
ഹാനീചേരാത്ത ശാസ്ത്രമൊന്നില്ലയോ?
ആയുധങ്ങൾക്കുമഗ്നിക്കുമേൽക്കുവാ-
നാവതല്ലാത്തൊരാത്മീയദീധിതി!
ഇന്നതിൻ ദീപ്തി നീളെപ്പരത്തുവാൻ
തന്നെയെൻ തൂവൽ വെമ്പുന്നു തോഴരെ!
സ്വസ്വധർമ്മമനുഷ്ഠിച്ചു, കൊൾകയാ-
ണസ്വാതന്ത്ര്യയാമമ്മ തൻ സേവനം
ശോണിതാർദ്രനായ് കാവ്യകർത്താവിനെ-
ക്കാണുവാനില്ല ലോകത്തിനാഗ്രഹം''(കവികാഹളം)

തന്റെ കർമ്മമണ്ഡലമായ കവിതയിൽക്കൂടി ഭാരതമാതാവിന് ആവുന്നതെല്ലാം ചെയ്യാൻ അദ്ദേഹം മോഹിക്കുന്നുണ്ട്.

ഭാരതം നമ്മുടെ പെറ്റമ്മയാണ്. ആ അമ്മയെ ആക്രമിക്കാൻ വരുന്ന ഓരോ വിദേശിയിൽനിന്നും ഭാരതത്തെരക്ഷിക്കേണ്ടത് പൗരന്റെ കടമയാണ്. ഭാരതത്തെ ചൈന ആക്രമിച്ചപ്പോൾ ദേശാഭിമാനത്താലും ദേശസ്നേഹത്താലും ജ്വലിക്കന്ന് കവി ഭാരതത്തിലെ

ഓരോ പൗരനോടും ഓരോ സിംഹമായി മാറാൻ ആഹ്വാനം ചെയ്യുന്നു. എങ്കിൽ മാത്രമേ ഈ ചെന്നായ്ക്കൂട്ടത്തെ ഇവിടെനിന്നും തുരത്താനാവൂ. അവർ ആക്രമിച്ചാൽ നാളിതുവരെ ഭാരതം ആർജ്ജിച്ച തപസ്സിദ്ധികളും വരങ്ങളും എല്ലാം നിമിഷനേരംകൊണ്ട് നഷ്ടമാകും. ഭാരതഭൂമിയുടെ മണ്ണും വിണ്ണും വെടിയൊച്ചയാൽ കമ്പിതമായാലും അതിനെയും തകർക്കാൻ പോരുന്ന മനോദാർഢ്യം ഭാരതാംബയ്ക്ക് - ഇവിടത്തെ പൗരർക്ക്- ഉണ്ടെന്ന് വെണ്ണിക്കുളം വിശ്വസിക്കുന്നു. മനസ്സിന്റെ ഈ ദാർഢ്യത്തിനു മുമ്പിൽ എന്തും തോറ്റു പിൻമാറും. വിശാലഹൃദയയായ ഭാരതം ശത്രുവായ ചീനനെപ്പോലും മെരുക്കാം എന്നു വിശ്വസിച്ച് അവനുമുന്നിൽ ഈ താപസക്ഷേത്ര കവാടം മലർക്കേ തുറന്നിട്ടെങ്കിലും അവൻ നമ്മെ ആക്രമിച്ച് കീഴ്പ്പെടുത്താനാണ് തുനിഞ്ഞത്.

''വഹ്നിപോലെരിയുന്ന ദേശാഭിമാനത്തോടെ
പിന്നണിപ്പടയാളിമാരാക നാമെല്ലാരും.'' (ഒരേ ലക്ഷ്യം)

എന്നു പാടിയ കവി മാതൃഭാരതവീര്യം ഒരു മലപോലെ പോരാടുന്നതായും അത് സാമ്രാജ്യത്വ നാഗത്താന്റെ മസ്തകം തകർക്കുന്നതായും കണ്ടെത്തുമ്പോൾ, ഭാരതീയന്റെ മനക്കരുത്തിനുമുന്നിൽ എന്തും നിഷ്പ്രഭമാണെന്ന വിശ്വാസം തെളിഞ്ഞുവരുന്നു.

ഭാരതത്തെയും അതിന്റെ പൂർവ്വകാല മാഹാത്മ്യത്തെയും ഓർക്കുന്ന കവി വികാരഭരിതമായി അവയെ വാഴ്ത്തിപ്പാടുന്നു. ഗംഗയും കാളിന്ദിയും സിന്ധുവും സംസ്കാരത്തിന്റെ ഇരിപ്പിടങ്ങളായിരുന്ന ആ കാലത്ത്, കർഷകരുടെ നിത്യപൂജ കൈക്കൊള്ളുവാൻ സമ്പദ്ദേവത ഭൂമിയിലേക്ക് എഴുന്നള്ളിയതു കാരണം ഇവിടുത്തെ കുടിലുകൾ പോലും ഇന്ദ്രലോകത്തിന് അസൂയ ജനിപ്പിച്ചിരുന്നു. ഭാരതം അത്രത്തോളം സമ്പത്സമൃദ്ധമായിരുന്നു. ഋഷിമാരുടെ തപശ്ശക്തിയുടെ ഫലമായി ഇവിടെ ലക്ഷ്മീദേവി വിളയാടിയിരുന്നു. സാഹിത്യത്തിനും കലകൾക്കും ഇരിപ്പിടമായ ഭാരതം, അവയാൽ





സർവരുടെയും ആദരവിനും വിസ്മയത്തിനും പാത്രമായി. ധർമ്മഭ്രംശം ആത്മഹത്യയ്ക്കു തുല്യമായി കരുതുന്ന നിർമ്മലാത്മാക്കളുടെ നാടായിരുന്നു ഭാരതം. ദീനരെ രക്ഷിക്കാൻ സ്വജീവൻപോലും ബലിനൽകിയ ശിബിയ്ക്കും ചാരിത്ര്യത്തിന്റെ പ്രതീകമായ സാവിത്രിയ്ക്കും കന്മഷം തീണ്ടാത്ത കൃഷിമാർക്കും അമ്മയായിരുന്നത് ഈ ഭാരതമാണ്.

''സ്വാതന്ത്ര്യസുഭഗമായ, ശാന്തമായ്, ശോഭിച്ചൊരാ–
ബ്ഭുതകാലത്തെയോർത്തുകൂപ്പുകെൻ കരങ്ങളേ''

(അന്നത്തെ ഭാരതം)

എന്ന് അഭിമാനപുരസ്സരം വെണ്ണിക്കുളം പ്രസ്താവിക്കുന്നു. ഇങ്ങനെ മഹത്വം നിറഞ്ഞ ഭാരതത്തെ എന്തു വിലകൊടുത്തും നാം സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത 'വീരഭാഷണം' എന്നകവിത വ്യക്തമാക്കുന്നുണ്ട്. ഭാരതീയരുടെ ഐക്യം തകർന്നതിൽ ദുഃഖിതനുമാണ് കവി.

''ഇന്ത്യതൻ കഥയെല്ലാം മാറിപ്പോയി ജനാവലി
സന്തതം വേർതിരിഞ്ഞു കലഹിക്കുന്നു തമ്മിൽ
'ഞങ്ങൾതൻ മാതാവേ! നീ വെല്കയെന്നനുമാത്രം
തിങ്ങിയ രാജ്യസ്നേഹമിന്നേതോ പഴമയായ്
തഞ്ചത്തിലെത്തുന്നുണ്ടിങ്ങാക്രമിച്ചടക്കീയാൻ
വഞ്ചിച്ചു കാര്യം നേടാൻ, വെള്ളക്കാരനാരതം.''

(വീരഭീഷണം)

എന്ന ഹൈദരലിയുടെ വാക്കുകളിലൂടെ ഭാരതീയരുടെ രാജ്യസ്നേഹവും വെള്ളക്കാരുടെ ചതിയും വഞ്ചനയും വ്യക്തമാക്കുന്നു. അതുവഴി ഭാരതീയർ ഉണർന്നു പ്രവർത്തിക്കേണ്ടതിന്റെ ആവശ്യകതയും വെളിപ്പെടുന്നു.

ഭാരതത്തിന്റെ മഹനീയപാരമ്പര്യത്തെ ഉദ്ഗാനം ചെയ്യുന്നകവി, സമകാലസമൂഹത്തിന്റെ വൈരുദ്ധ്യങ്ങളിലേക്ക് വികാരവിഹ്വലനായ മടങ്ങി വരുന്നു. ഭാരതത്തിന്റെ മഹത്വത്തെ നിർണ്ണയിച്ച മൂല്യങ്ങൾ നഷ്ടമായിക്കൊണ്ടിരിക്കുന്നതിൽ കവി ആശങ്കാകുലനാണ്. എങ്കിലും വിഷാദമഗ്നനാകുന്നില്ല. ഭാവിയെക്കുറിച്ചുള്ള പ്രത്യാശ അദ്ദേഹം കാത്തുസൂക്ഷിക്കുന്നുണ്ട്. ഏതു പ്രസിസന്ധിയിലും പ്രതീക്ഷ കൈവിടാതെ ഭാരതീയരെ ജീവിക്കാൻ പ്രേരിപ്പിക്കുന്നതും ഈ പ്രത്യാശതന്നെ.

''അകിഞ്ചനത്വം, പല മട്ടുരോഗം
മതപ്പിണക്കം, ദുര, ജാതിവൈരം
നിരക്ഷരത്വം, മദിരാപ്രിതത്വം''(വിശുദ്ധമാക്കാം)

എന്നിങ്ങനെ നിരവധി ശത്രുക്കളുണ്ടെന്ന് പറയുന്ന കവി അവയെ തുരത്താൻ മനക്കരുത്ത് എന്ന മഹായുധത്തിന് സാധിക്കുമെന്നും അത് എല്ലാവരും നിശ്ചയമായി പ്രയോഗിക്കണമെന്നും ആവശ്യപ്പെടുന്നു. അങ്ങനെ ചെയ്താലാകട്ടെ,

''സമത്വ സുന്ദര, മമർത്യപൂജിതം
സമസ്തമംഗള സാധകം
നമുക്കാരാനന്ദ മണിനികതന–
മൊരുക്കിയൊന്നിച്ചു വാണിടാം.'' (ഗ്രാമങ്ങളിലേക്ക്)

എന്ന് പ്രത്യാശിക്കുന്നു. സ്വാതന്ത്ര്യം ലഭിച്ചപ്പോൾ, വിമുക്തിയുടെ വൈജയന്തി പാറിച്ച് നാം നമുക്ക് തന്നെ 'നാഥരായി'ക്കഴിഞ്ഞിരിക്കുന്നുവെന്ന് തിരിച്ചറിയുന്ന വെണ്ണിക്കുളം, അലംഭാവം പൂണ്ടിരുന്നാൽ വീണ്ടും നാം അനർത്ഥത്തിന്റെ പടുകുഴിയിലേക്കാവും ആണ്ടിറങ്ങുക എന്നും വ്യക്തമാക്കുന്നു.

ഭാരതീയരുടെ ഐക്യം കാണാൻ എപ്പോഴും ആഗ്രഹിച്ച വെണ്ണിക്കുളം തന്റെ കവിതകളിലും അത് സ്വപ്നം കണ്ടിട്ടുണ്ട്.



*ദേശീ യ ത യി ല ധി ഷ്ഠി ത മായ.......*
*പ്രാചീ ന കൈ രളി*

സ്വാതന്ത്ര്യസമരകാലത്തുണ്ടായ ഹിന്ദുമുസ്ലീം ലഹളയും ഇന്ത്യയുടെ ഐക്യം നഷ്ടപ്പെടുന്ന രീതിയിലുള്ള ജനങ്ങളുടെ പെരുമാറ്റവും വെണ്ണിക്കുളത്തെ അലട്ടിയിരുന്നു. ധർമ്മയുദ്ധത്തിന്റെ രംഗമായിരുന്ന ഈകർമ്മഭൂമി സ്വാതന്ത്ര്യം ലഭിച്ചപ്പോൾ ഇടിയും മിന്നലും ഒഴിഞ്ഞ ശാരദാകാശം പോലെയാണ് കവിക്ക് അനുഭവപ്പെടുന്നത്. ആറ്റുനോറ്റുണ്ടായ ഈ സ്വാതന്ത്ര്യസന്താനത്തെ പോറ്റാൻ നാം എല്ലാവരും ദൃഢപ്രതിജ്ഞ എടുക്കേണ്ടതാണ്. ഗാന്ധിജി പഠിപ്പിച്ച അഹിംസയുടെയും ത്യാഗത്തിന്റെയും പാഠങ്ങൾ നാം മറന്നു കഴിഞ്ഞിരുന്നു.

''ഒക്കെയുമുണർന്നപ്പോഴോമനസ്വപ്നംപോലെ
നിഷ്ക്രമിക്കയായൊരു ഞൊടിയിടയിൽ''(സർവ്വാർപ്പണം)

എന്ന് അദ്ദേഹം തിരിച്ചറിയുന്നു. ഏത് ഐക്യത്താലാണോ നാം സ്വാതന്ത്ര്യം നേടിയത്, അതിനുവേണ്ടി നമ്മുടെ ശരീരവും മനസ്സും അർപ്പിക്കാം എന്നു പറയുന്ന കവി ഐക്യം നഷ്ടമായാൽ,

''അന്യോന്യസ്നേഹത്തിന്റെ കണ്ണികളറുക്കുവാൻ
പിന്നെയും 'കുരുക്ഷേത്ര'നടയിലെത്തും''

എന്ന നടുക്കുന്ന യാഥാർത്ഥ്യം വെളിപ്പെടുത്തുന്നുമുണ്ട്. അതുണ്ടാവാതിരിക്കണമെങ്കിൽ,

''ഭാഷയും ഭൂഷാദിയുംഭിന്നമെന്നിരിക്കിലും
ഭാരതമൊറ്റത്തറവാടുമാത്രം'' (സർവ്വാർപ്പണം)

എന്ന് നാം അടിയുറച്ചു വിശ്വസിക്കണം എന്നു പറയുന്ന കവിയിൽ ദേശസ്നേഹം അത്യന്തം തീവ്രമാണ്.

''സമരം വിനിർമ്മിക്കും, നരകം ധരിങ്കൽ
അമരസ്ഥാനമാക്കും, ധരയെസ്സമാധാനം.''

(നിലയ്ക്കാത്ത ചലനം)

എന്ന കണ്ടെത്തൽഏതുകാലത്തും സാർത്ഥകമാണ്.കന്യാകുമാരി മുതൽ കാശ്മീർ വരെയുള്ള ദേശം എല്ലാവരും ഒരുപോലെ കരുതണമെന്ന് അദ്ദേഹം പറയുമ്പോൾ മാതൃഭൂമിയെ സമഗ്രമായി വീക്ഷിക്കുന്ന കവിയെയാണ് കാണാനാവുക.

''എന്തൊരദ്ഭുതം! കാണുന്നതൊക്കെയും

സ്വന്തമാൾക്കാരെ മാത്രം; സഗർഭ്യരെ''

(വിശാലദർശനം)

എന്നു ചിന്തിക്കാൻകൂടി അദ്ദേഹം ആഹ്വാനം ചെയ്യുന്നുമുണ്ട്.

''വെള്ളക്കാരൊഴിഞ്ഞാലും

ക്രൂരമാം മതദ്വേഷ;-

മുള്ളിലെക്കൊള്ളക്കാര;-

നൊഴിയാതുണ്ടോ, സിദ്ധി?''

നാടിന്റെ പുരോഗതിക്ക് മതവിദ്വേഷം മാറ്റിവെച്ച് പ്രവർത്തിക്കേണ്ടതിന്റെ ആവശ്യകതയും ആ കാലത്തെന്നപോലെ ഇപ്പോഴും പ്രസക്തമാണ്.

ഭാരതത്തെ സ്വർഗ്ഗതുല്യമായും സ്വന്തം അമ്മയെപ്പോലെയും കണ്ട കവിയാണ് വെണ്ണിക്കുളം.

''ലോകനന്ദനക്കാവെന്നു കാണുവോ-
രാകെ വാഴ്ത്തുന്ന നീട്ടിലെപ്പൗരർ നാം
ഉള്ളഥത്രയുമൊപ്പം ഭുജിക്കുകെ-
ന്നുള്ളൊരാദർശമാലംബമാക്കിയാൽ
സുന്ദരസ്വർഗ്ഗഭൂമിയിലാണു നാ-
മെന്നു സംതൃപ്തി കൈക്കൊണ്ടുമേവിടാം'' (രത്നമേഖല)
''പാടണമോരോ ഭാര-
തീയനു; മേകത്വത്തിൻ



*ദേശീ യ ത യി ല ധി ഷ്ഠി ത മായ......*
*പ്രാചീ ന കൈ രളി*

നാടിതാണി, താനെന്റെ

നന്ദനപ്പൂങ്കാവനം'' (തിരുവെഴുത്ത്)ോ

ഈ ഭൂമിയിലെ നന്ദനം തന്നെയായിരുന്നു വെണ്ണിക്കുളത്തെ സംബന്ധിച്ചിടത്തോളം ഭാരതം. അമ്മയായ ഭാരതത്തിനുവേണ്ടി കയ്യും മെയ്യും മറന്നുപോരാടാനും സ്വന്തം ജീവൻ തന്നെ നൽകാനും അദ്ദേഹം പല കവിതകളിലും ആവശ്യപ്പെടുന്നു. എങ്കിൽ മാത്രമേ നമ്മുടെ നാട് ശ്രേഷ്ഠമായ ദനപദമായി മാറുകയുള്ളൂ.

''ചിന്തയും വാക്കും, ശ്രേഷ്ഠകർമ്മവും രാജ്യശ്രീത-

ന്നന്തസ്സും മഹത്ത്വവും വീണ്ടെടുക്കട്ടേ മേന്മേൽ!

ധീരരും ധീമാന്മാരുമാക നീം, ഭാരതോർവ്വീ-

പൗരരേ, സർവ്വോദയസ്വർഗ്ഗസൗഭാഗ്യം പൂൺമാൻ

സ്വാതന്ത്ര്യപാനഥരേ, ഹേയമാം പരദാസ്യ-

പാതാളപ്പരിപ്പിലേക്കാപതിക്കൊല്ലേ, നിങ്ങൾ

(ഇന്ത്യയെ സ്നേഹിക്കുവിൻ)

എന്റെ മാതൃഭൂമി മറ്റു രാജ്യങ്ങൾക്ക് മാതൃകയാകട്ടേ എന്നൊരു നേർച്ച എല്ലാ പൗരരും എടുക്കണമെന്ന് കവി പറയുമ്പോൾ ദേശസ്നേഹം ശരിക്കും ഒരു വികാരവും അടക്കാനാവാത്ത ആവേശവും ആവുകയാണെന്നു വ്യക്തം. ഇന്ത്യയുടെ മക്കളെല്ലാം നിത്യവും തന്റെ ജീവിതം തന്റെ അമ്മയായ ഭാരതത്തിനവേണ്ടിയാണെന്ന മന്ത്രം ഉരുക്കഴിക്കണമെന്നും അങ്ങനെ ചെയ്താൽ,

''എങ്കിലുൾക്കാമ്പിൽനിന്നുച്ചെസ്തരമൊരു

ശംഖനിർഘോഷമുയരും

കർമ്മവീര്യത്തിന്റെ സംഗരവീചികൾ

നമ്മെ ക്ഷണത്താലുണർത്തും

ഓടിക്കളിച്ചിടും ഭാരതശോണിത-

മോരോ ഞരമ്പിലുമൊപ്പം

ചോടു വെച്ചിടുക മുമ്പോട്ടു മുമ്പോട്ടു

മാടിവിളിക്കയാണാരോ'' (അമ്മയ്ക്കുവേണ്ടി)

എന്ന അനുഭവമാണുണ്ടാകുന്നതെന്നും കവി പ്രസ്താവിക്കുന്നു.

സ്വാതന്ത്ര്യാനന്തരം വാനിൽ പറക്കുന്ന ഭാരതപതാകയെ കണ്ടപ്പോൾ കവി മനസ്സിലുണ്ടായ ചിന്തകളാണ് 'ഭാരതപതാക' എന്ന കവിതയിൽ,

''കോരിത്തരിക്കുന്നു സർവാംഗ, മെന്തിനോ

കോടിക്കണക്കിനു കൂമ്പുന്നു പാണികൾ'' (ഭാരതപതാക)

എന്നു പാടുന്ന കവി സ്വാതന്ത്ര്യം നേടുന്നതിനായി ഭാരതീയർ നടത്തിയ പരിശ്രമങ്ങളെപ്പറ്റി വികാരാധീനനാകുന്നുണ്ട്. മംഗല്യസൂത്രങ്ങൾ അറ്റ കണ്ഠങ്ങളും അച്ഛനെ കാത്ത് കഴിയുന്ന കൊച്ചുകുട്ടികളുടെ സങ്കടം നിറഞ്ഞ കണ്ണുകളും കവിയെ അലട്ടുന്നു. പോരാട്ടത്തിൽ മരിച്ചവർക്ക് കവി കണ്ണുനീരാൽ ഹാരം തീർക്കുന്നു.

ഭാരതത്തിലെ പുൽക്കൊടിപോലും പുണ്യം ചെയ്തതാണെന്നു വിശ്വസിക്കുന്ന കവി വ്യത്യസ്തദേശക്കാരായ, വ്യത്യസ്ത ഭാഷക്കാരായ ആൾക്കാർ ഇവിടെ എത്തുമ്പോൾ

''ഏകമാം ലോകം കാണാ, മേകഭാവനകാണാം

നാകവും ധരണിയുമൊന്നിപ്പതായിക്കാണാം.'' (രാജഘട്ടം)

എന്നു പറയുമ്പോൾ ആ കാവ്യഭാവന പോകുന്നത് ഏറ്റവും വിശാലമായ ഒരു ദർശനത്തിലേക്കാണ്. മാത്രമല്ല,

''ഇത്രയും വിശുദ്ധമാമഭയസ്ഥാം മന്നി-

ലത്രയും തിരഞ്ഞാലും മറ്റൊന്നു കാണാനാമോ?''





(രാജഘട്ടം)

എന്നുകൂടി അദ്ദേഹം ചോദിക്കുന്നുണ്ട്. ഇവിടെയെല്ലാം തികച്ചും വ്യക്തിപരമായ പ്രതികരണങ്ങളാണ് കവി അവതരിപ്പിക്കുന്നത്.

ആറ്റുനോറ്റുണ്ടായ സ്വാതന്ത്ര്യസന്താനത്തെ പോറ്റാൻ നാം ദൃഢവ്രതം കൈക്കൊള്ളേണ്ടതിന്റെ ആവശ്യകത വ്യക്തമാക്കുന്ന കവിതകളാണ് 'സർവാർപ്പണം', 'ഇന്ത്യയെ സ്നേഹിക്കുവിൻ' എന്നിവ.

''ഏതൊരൈക്യത്താൽ നേടീ, സ്വാതന്ത്ര്യ, മതിന്നു നാം

ചേതസ്സും വപസ്സും, മിങ്ങരുളീ നിൽക്കാം.''(സർവാർപ്പണം)

എന്നു പറയുന്ന കവി തന്നെത്തന്നെ രാഷ്ട്രത്തിനു സമർപ്പിക്കുക മാത്രമല്ല, അതിന് എല്ലാ വരെയും ആഹ്വാനം ചെയ്യുകയും ചെയ്യുന്നു. സ്വന്തം രാജ്യത്തെ കാര്യങ്ങൾ ആത്മനിഷ്ഠമായി നോക്കിക്കാണുന്ന ഒരാൾക്കു മാത്രമേ ഇത്ര ആവേശകരമായി ആഹ്വാനം ചെയ്യാൻ കഴിയൂ.

ഇന്ത്യൻ സ്വാതന്ത്ര്യസമരതതിലെ അനിഷേധ്യനേതാവാണ് ഗാന്ധിജി. അദ്ദേഹം സ്വാതന്ത്ര്യസമരത്തിന്റെ നേതൃത്വം ഏറ്റെടുത്തതോടെ ഇന്ത്യയ്ക്ക് ഒരു പുതിയ ചൈതന്യം കൈവന്നു. അഹിംസ, അക്രമരാഹിത്യം തുടങ്ങിയ സമരമുറകളിലൂടെ ജനങ്ങളിൽ സ്വാതന്ത്ര്യാഭിവാഞ്ഛ ഉണർത്താൻ ഗാന്ധിജി ശ്രമിച്ചു. ഗാന്ധിജിയെ ഗുരുവായി സ്വീകരിച്ച്, അദ്ദേഹത്തിൽ അവതാരപുരുഷന്മാരെയെല്ലാം ദർശിച്ച്, ആർഷപാരമ്പര്യത്തിന് നല്ലൊരു മാതൃക കണ്ടെത്തിയ വള്ളത്തോളിനെയും ജി.യെയുംപോലെ ഗാന്ധിജിയെ പ്രകീർത്തിച്ച് നിരവധി കവിതകൾ വെണ്ണിക്കുളം രചിച്ചു. 'ആരമ്മേ ഗാന്ധി?' 'ധീരശാസനൻ', 'അസ്തമയം', 'രാജഘട്ടം' തുടങ്ങിയ കവിതകൾ ഇവിടെ ഓർക്കാം. ഇവിടെയെല്ലാം കവിയുടെ വ്യക്തിപരമായ കാഴ്ചപ്പാടാണ് പ്രതിഫലിക്കുന്നത്. 'ആരമ്മേ! ഗാന്ധി?' എന്ന് ഒരു കുഞ്ഞ് തന്റെ അമ്മയോട് ചോദിക്കുന്ന ചോദ്യത്തിന്

ഉത്തരമായി രചിച്ചിരിക്കുന്ന കവിതയിൽ ഗാന്ധിജിയെക്കുറിച്ചുള്ള തന്റെ കണ്ടെത്തലുകളും തന്റെ ഹൃദയത്തിൽ പ്രതിഫലിക്കുന്ന ഗാന്ധിജിയുടെ രൂപവും വെണ്ണിക്കുളം തുറന്നുകാട്ടുന്നു. ഈ ചെറിയ ചോദ്യത്തിന്റെ ഉത്തരം എത്ര വിവരിച്ചാലും മതിയാവുകയില്ല. ആരിലും കനിവുള്ളവനും കൊച്ചുകുട്ടികളോട് കളിക്കാൻ കൊതിയുള്ളവനുമാണദ്ദേഹം. 'ബാപ്പു' എന്നും 'മഹാത്മാ' എന്നും നാം വിളിക്കുന്ന ആ ശ്രേഷ്ഠൻ, വെണ്ണിക്കുളത്തിന് സത്യത്തെ ദൈവമായിക്കണ്ടുപൂജിച്ച പുരുഷോത്തമനും പരിപാവനമായ കർമ്മത്താൽ തങ്കംപോലെ തിളങ്ങുന്നവനുമാണ്. എല്ലാ ഗുണങ്ങളും ഒത്തുചേർന്ന ഗുരുവുമാണ് അദ്ദേഹം.

''ഖാദി, യക്രമരാഹിത്യ,-

മൈക്യം, മദ്യവിവർജ്ജനം

ധർമ്മയുദ്ധം നടത്താനീ

നാലംഗപ്പട കൂട്ടുവിൻ'' (ആരമ്മേ ഗാന്ധി?)

എന്ന് ആഹ്വാനം ചെയ്ത ഗാന്ധിജിക്കു മുൻപിൽ വെള്ളക്കാർക്ക് മുട്ടുമടക്കേണ്ടിവന്നു എന്ന് പ്രസ്താവിക്കുന്ന വെണ്ണിക്കുളം ഗാന്ധിജിയെ അത്ഭുതമായി കാണുന്നു.

'അസ്തമയം' എന്ന കവിതയിൽ ഗാന്ധിജിയ്ക്ക് വെണ്ണിക്കുളം നൽകുന്ന വിശേഷണങ്ങൾ നോക്കുക - ജിതമഹാവിശ്വൻ, കൃതിജനാഗ്രിമൻ, യതികുലേശ്വരൻ, പതിതപാവനൻ, അഹങ്കാരികളുടെ അഹങ്കാരം ശമിപ്പിച്ച് വരം തരാനായി വന്ന ദൈവം. അങ്ങനെയുള്ള ഗാന്ധിജിക്കു മുൻപിൽമയൂരപീഠവും കോഹിന്നൂർ രത്നവുംപോലും നിസ്സാരവസ്തുക്കളാണെന്ന് വെണ്ണിക്കുളം കണ്ടെത്തുന്നു. അദ്ദേഹത്തിന്റെ മരണം.

''ഇരുൾപ്പരപ്പായി, ശനിക്കളമായി





മരുപ്പറമ്പായി, മദീയഭാരതം'' (അസ്തമയം)

എന്ന അവസ്ഥാവിശേഷണമാണ് ജനിപ്പിക്കുന്നത്. കവിയ്ക്ക് ഗാന്ധിജിയോടുള്ള വ്യക്തിപരമായ ബന്ധവും ആരാധനയുമാണീ കവിതയിൽ ധ്വനിക്കുന്നത്.

ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന്റെ നായകസ്ഥാനത്തുനിന്ന് ഗാന്ധിജി നമുക്കു പകർന്നുതന്ന ആത്മവിശ്വാസവും ബലവും ആർക്കും ഒരിക്കലും വിസ്മരിക്കാനാവുന്നതല്ല. സ്വാതന്ത്ര്യസന്ദേശവുമായി ഇന്ത്യ മുഴുവൻ സഞ്ചരിച്ച ഗാന്ധിജിയെ ഒരു നോക്കുകാണാൻ അന്ന് ജാതിമതഭേദമന്യേ ജനങ്ങൾ തടിച്ചുകൂടിയിരുന്നു. അങ്ങനെയുള്ളൊരു സന്ദർഭം വിവരിക്കയാണ് 'ധീരശാസനൻ' എന്ന കവിതയിൽ. ഇരുപതാംനൂറ്റാണ്ട് നമുക്കു സമ്മാനിച്ച സ്വർലോകോചിതമായ രത്നമാണ് ഗാന്ധിജി. അഹിംസ എന്ന ഈടേറിയ മന്ത്രവുമായി ഈ ജഗത്തിനെ സേവിക്കാൻ വന്ന കല്യാണപ്രദായകനാണ് അദ്ദേഹം.

''ഇക്കണ്ണാൽ ഭവദ്രൂപം

കാണാനു, മതേ വിധ-

മിക്കാതൽ ഭവദുക്തി

മാധുരി നുകരാനും

ഇക്കൈയാൽ ഭവൽപദം

തൊട്ടൊന്നു വന്ദിപ്പാനും

സദ്ഗുരോ, സാധിച്ചതെൻ

സഞ്ചിത പുണ്യം തന്നെ'' (ധീരശാസനൻ)

എന്ന ഈ പ്രസ്താവനയും വൈയക്തിക വികാരംകൊണ്ട് പ്രഭാവിതമാണ്.

ഗാന്ധിജിയുടെ അന്ത്യത്തെത്തുടർന്ന് ഈ നാടിന്റെ പുണ്യം നിഷ്ക്രമിച്ചുപോയി എന്ന് വിലപിക്കുന്ന കവിയെയാണ് കാണാനാവുക. നിസ്വയായ ഇന്ത്യയ്ക്കായി സ്വർഗ്ഗം കനിഞ്ഞു നൽകിയ കല്പവൃക്ഷം വേരറ്റുപോയതായും കവി ദുഃഖിക്കുന്നു. ഗാന്ധിജി അന്ത്യവിശ്രമം കൊള്ളുന്ന രാജഘട്ടം കാണുന്ന കവിയുടെ ചിന്താഗതികളാണ് 'രാജഘട്ടം' എന്ന കവിതയിലുള്ളത്. മാറിനിന്ന്, സ്വന്തം നാടിന്റെ ആദ്ധ്യാത്മികപാരമ്പര്യത്തിനും സംസ്കാരത്തിനും ധാർമ്മികമൂല്യങ്ങൾക്കും വ്യാഖ്യാനം നൽകാൻ ശ്രമിച്ച കവിയാണ് വെണ്ണിക്കുളം ഗോപാലക്കുറുപ്പ്. അതിന് അദ്ദേഹം കാരണവും പറയുന്നുണ്ട്. ''ധാർമ്മികബുദ്ധിയോടുകൂടി സമസൃഷ്ടികളെ സ്നേഹിക്കുകയും പരദുഃഖത്തിൽ മനസ്സലിയുകയും കഴിയുന്ന സഹായം ചെയ്തുകൊടുക്കുകയും അതിനു വേണ്ടി സ്വജീവിതം ഒരു യജ്ഞമാക്കിത്തീർക്കുകയും ചെയ്യുമ്പോൾ മാത്രമേ മനുഷ്യജീവിതം ശ്രേഷ്ഠമായിത്തീരുകയുള്ളൂ. അല്ലാതെ കാണുന്ന വൃക്ഷലതാദികളെയെല്ലാം പിടിച്ചുകുലുക്കി വിറപ്പിക്കുകയും കടയടർത്തു തള്ളുകയും ചെയ്യുന്ന കൊടുങ്കാറ്റിന്റെ സംഹാരവാസന അനുകരണീയമല്ല. അതൊരു യഥാർത്ഥ വിപ്ലവവുമല്ല. എന്റെ ജീവിതം വിപ്ലവോന്മുഖമായിരുന്നില്ല. ഒരിക്കലും ഇത് ഒരു അപകർഷമാണെന്നു ഞാൻ വിചാരിക്കുന്നില്ല. കാരണം സാമൂഹികശ്രേയസ്സിനു വേണ്ടിയാണ് എല്ലാ വിപ്ലവവുമെന്നു വിശ്വസിക്കുന്ന കൂട്ടത്തിലല്ല ഞാൻ. ചിലത് അങ്ങനെ വന്നു കൂടാമെന്നേ ഉള്ളൂ. ശാന്തമായും സ്വതന്ത്രമായും ചിന്തിച്ചു ബുദ്ധിപൂർവ്വം പ്രവർത്തിക്കുന്നതിനു വലിയ വിപ്ലവാവേശം ആവശ്യമില്ല.'' ഒരു അധ്യാപകനായിരുന്ന വെണ്ണിക്കുളത്തിന്റെ ഈ നിലപാട് അത്യന്തം ശ്രദ്ധേയമാണ്. കമ്മ്യൂണിസ്റ്റാശയങ്ങൾ സാഹിത്യത്തെ ശക്തിമായി സ്വാധീനിക്കുന്ന കാലമായിരുന്നു അത്. വള്ളത്തോൾപോലും തന്റെ കാവ്യജീവിതത്തിന്റെ സായാഹ്നത്തിൽ മാർക്സിയൻ ഹ്യൂമനിസത്തിന്റെ സ്വാധീനവലയത്തിൽപ്പെടുന്നതു കാണാം. വെണ്ണിക്കുളമാ





കട്ടെ, അത്തരം പ്രലോഭനങ്ങളിൽനിന്ന് ബോധപൂർവ്വം മാറി നിൽക്കുകയും സ്വാതന്ത്ര്യസമരത്തെ സംബന്ധിച്ചിടത്തോളം സ്വന്തമായ ഒരു നിലപാടെടുക്കുകയും ചെയ്യുന്നു. ദേശാഭിമാനോജ്ജ്വലമായ കവിതകളുടെ പിന്നിൽ ആത്മനിഷ്ഠതയുടെ ഈ തലമുണ്ടെന്നത് ശ്രദ്ധിക്കപ്പെടേണ്ടതാണ്.

> ''വീതിച്ചില്ലാ വിഭൂവൊരുവന്നും വിഭവം ലവലേശം
>
> വീറോടെന്റേതോന്റേതെന്നൊരു വിഡ്ഢിത്വം ചൊല്ലാൻ''
>
> ''ആരവകാശം നൽകി മർത്ത്യനു
>
> പാരു ഭരിപ്പാൻ'' - അറിയേണം''
>
> ''സകലർക്കും സുഖമാഗതമാവാൻ
>
> തകരണമിവരുടെ തൻകാര്യം'' (പച്ചക്കിളികൾ)

തുടങ്ങിയ ശ്രദ്ധേയമായ നിരീക്ഷണങ്ങൾ ആ കാവ്യലോകത്തുണ്ടെങ്കിലും അവ ഒരിക്കലും രക്തരൂഷിതമായ വിപ്ലവത്തെക്കുറിച്ചുള്ള സ്വപ്നത്തിൽ എത്തിച്ചേരാത്തതും അതുകൊണ്ടുതന്നെയായിരിക്കണം.

**കുറി പ്പു കൾ**

1. തായാട്ട് ശങ്കരൻ, ചിന്താസൗരഭം, പുറം. 21.
2. ''Nationalism is essentially a group momory of past achievements, traditions and experiences" Jawaharlal Nehru, The Discovery of India, 'The Importance of the National Idea-Changes Necessary in India', p. 618.

3. വള്ളത്തോൾ നാരായണമേനോൻ, സാഹിത്യമഞ്ജരി, ഏഴാം ഭാഗം, 'ഖാദിവസനങ്ങൾ കൈക്കൊൾവിനേവരും', പുറം.361.

4. വള്ളത്തോൾ നാരായണമേനോൻ, വള്ളത്തോൾ കവിതകൾ, 'ചോര തിളയ്ക്കണം', 'ദിവാസ്വപ്നം' പുറം.867.

5. ''സ്വർഗ്ഗവും തൃണപ്രായം നിങ്ങൾക്കും ജഗത്തിങ്കൽ മൃഗ്യമായൊന്നേയുള്ളൂ, സ്വാതന്ത്ര്യം - സാക്ഷാൽ മോദം.''

   വള്ളത്തോൾ നാരായണമേനോൻ, സാഹിത്യമഞ്ജരി, രണ്ടാം ഭാഗം, 'പുരണങ്ങൾ', പുറം.98.

6. ''ഹാ! വരും വരും നൂനമാദ്ദിന, മെൻ നാടിന്റെ

   നാവനങ്ങിയാൽ ലോകം ശ്രദ്ധിക്കും കാലം വരും''

   ജി. ശങ്കരക്കുറുപ്പ്, 'മുത്തുകൾ', 'അഴിമുഖത്ത്', പുറം. 420.

''ജ്ഞാനത്തെ, സൗന്ദര്യത്തെ

ദ്ധർമ്മത്തെ, ച്ചിരന്തന-

ദ്ധ്യാനത്താൽ സാക്ഷാത്കരി-

ച്ചഖില പ്രപഞ്ചത്തെ

ചേതനാ പ്രകാശത്താൽ

മധുര പ്രസാദത്താൽ

നൂതനമാക്കാൻ, നിത്യ-

നൂതനമാക്കാ, നാര്യേ,

ധന്യാഗ്ര്യയാകും നിന്റെ

മക്കൾ നേടുന്നു മേന്മേ-

ളവർക്കെന്നാശീർ വാദം''





ജി. ശങ്കരക്കുറുപ്പ്, വിശ്വദർശനം, 'അമ്മാവൻ ആശിർവദിക്കുന്നു' പുറം. 53.

7. വെണ്ണിക്കളം ഗോപാലക്കുറുപ്പ്, കദളീവനം, 'കവികാഹളം', പുറം. 105.

8. ''ധ്വസ്തുവനമാം ദൗഷ്ട്യമേ, നിൻ തല-

   യെത്ര പരത്തിയുയർത്തിയാലും

   ഇക്കർമ്മ ഭൂമിതൻ പിഞ്ചുകാൽ പോരുമേ

   ചിക്കെന്നതൊക്കെ ചവുട്ടിത്താഴ്ത്താൻ''

   വള്ളത്തോൾ നാരായണമേനോൻ, സാഹിത്യമഞ്ജരി, നാലാം ഭാഗം, 'കർമ്മഭൂമിയുടെ പിഞ്ചുകാൽ', പുറം.194.

9. വെണ്ണിക്കളം ഗോപാലക്കുറുപ്പ്, ആത്മരേഖ, പുറം. 169.

**ഡോ. സെലിൻ എസ്. എ□.**
അസിസ്റ്റന്റ് പ്രൊഫസർ
മലയാളവിഭാഗം
മഹാരാജാസ് കോളേജ്
എറണാകുളം

## വിവർത്ത ന ത്തിന്റെ സാംസ്കാ രിക വിവർത്ത ന ത്തിന്റെ സാംസ്കാ രിക ഭൂമിക പ്രാചീ ന ഭ ക്തി കാ വ്യ ങ്ങ ളി□

ഹർഷ സിറി യക്ക്

ഒരു ഭാഷയിലെ വിവർത്തന കൃതികൾ ആ ഭാഷ സംസാരിക്കുന്ന ജനതയുടെ സംസ്കാരത്തിന്റെ പ്രതിഫലനമാമ്. സ്രോതഭാഷയിലെ സംസ്കാരത്തിന്റെ രൂപം ലക്ഷ്യഭാഷയ്ക്ക് പ്രയോജനപ്രദമായ രീതിയിൽ ആവിഷ്കരിക്കുകയാണ് വിവർത്തനത്തിലൂടെ ലക്ഷ്യമിടുന്നത് സാഹിത്യ സൃഷ്ടിയുടെ ആവിർഭാവം മുതൽ തന്നെ വിവർത്തനവും ആരംഭിച്ചിരുന്നു. വ്യത്യസ്ത ഭാഷകളിലെ സാഹിത്യങ്ങൾ തമ്മിലുള്ള പരസ്പരാശ്രയത്വവും എഴുത്തുകാർക്കിടയിലെ ആശയവിനിമയവും വളർന്നുവരുവാൻ കൃതികളുടെ വിവർത്തനം സഹായകമായി. ഭാഷയുടെയും സാഹിത്യത്തിന്റെയും വളർച്ചയേയും സംസ്കാരത്തിന്റെയും ശാസ്ത്രത്തിന്റെയും വികാസത്തെയും സഹായിക്കുവാൻ വിവർത്തനത്തിലൂടെ സാധിച്ചു.

ലോകത്തെ വിവിധ ജനവിഭാഗങ്ങളുടെ ജീവിതരീതി, സംസ്കാരം, മാനുഷിക സവിശേഷതകൾ തുടങ്ങിയവ മനസ്സിലാക്കുന്നതിനും മനുഷ്യർ തമ്മിലുള്ള അകലം കുറയ്ക്കുന്നതിനും പരസ്പരമുള്ള ധാരണകൾ വർദ്ധിപ്പിക്കുന്നതിനും അത് തങ്ങളുടെ സംസ്കാരത്തിലേക്ക് ഉപകാരപ്രദമായ രീതിയിൽ പുനരാവിഷ്ക്കരിക്കുന്നതിനും ഇത്തരം സാഹിത്യപരിശ്രമങ്ങൾ സഹായകമായി. ഭാരതീയ ഭാഷകളിൽ വിവർത്തനസാഹിത്യ സമ്പത്ത് വർദ്ധിപ്പിക്കുന്നതിന് സഹായകമായി. ഭാരതീയ ഭാഷകളിൽ വിവർത്തനസാ





ഹിത്യ സമ്പത്ത് വർദ്ധിപ്പിക്കുന്നതിന് സംസ്കൃത കൃതികൾ വളരെയധികം സഹായിച്ചിട്ടുണ്ട്. സംസ്കൃത അനഭിജ്ഞരായ ബഹുഭൂരിപക്ഷം ജനതയ്ക്ക് പുരാണ ഇതിഹാസകൃതികൾ മനസ്സിലാക്കുവാനും സാംസ്കാരികപരമായ ശ്രേഷ്ഠത കൈവരിക്കുവാനും ആ കൃതികളുടെ വിവർത്തനം അല്ലാതെ മറ്റൊരു മാർഗ്ഗമില്ല. അവിടെയാണ് മലയാളത്തെ സംബന്ധിച്ചിടത്തോളം ഭക്തി പ്രസ്ഥാനത്തിന്റെ പ്രസകിതി, രാമചരിതം മുതലുള്ള ഭക്തിസാഹിത്യ കൃതികൾ പരിശോധിക്കുമ്പോൾ ഈ വിവർത്തനത്തിന്റെ സാംഗത്യം എത്രയെന്ന് നമുക്ക് മനസ്സിലാക്കാവുന്നതാണ്.

സംസ്കൃതത്തിലെ ഒട്ടുമിക്ക പുരാണ ഇതിഹാസ കൃതികളും അതിന് അനുബന്ധമായ കൃതികളും, വിവിധ രൂപത്തിൽ ഭാഷയിലേക്ക് വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്. പൂർണ്ണവിവർത്തനം, സ്വതന്ത്രവിവർത്തനം, വിവർത്തസംക്ഷേപം, ഭാഗിക കഥാവിവർത്തനം എന്നിങ്ങനെ പലരീതികളിലൂടെയാണ് ഇത് സാധ്യമായത്. രാമചരിതകാരനും കണ്ണശന്മാരും എഴുത്തച്ഛനും അതിനു ശേഷം വന്ന കവികളും സംസ്കൃതകാവ്യങ്ങളുടെ സ്വതന്ത്രവിവർത്തനങ്ങളും വിവർത്തന സംക്ഷേപങ്ഹളും മനോഹരമായി അവതരിപ്പിച്ചിട്ടുള്ളവരാണ്.

''ഊനമറ്റേഴുമിരാമചരിതത്തിലൊരുതെ–

ല്ലൂഴിയിൽ ചെറിയവർക്കറിയുമാറുര ചെയ്‌വാൻ''[1]

ആണ് താൻ ശ്രമിക്കുന്നതെന്നാണ് രാമചരിതകാരൻ പറഞ്ഞത്. ഇത് ഈ കൃതിയുടെ വിവർത്തനസ്വഭാവവും സാംസ്കാരിക പാരമ്പര്യവും വ്യക്തമാക്കുന്നു.

''ചൊല്ലേറിയ വാല്മീകിമഹാമുനി
ചൊല്ലിയ രാമായണമിനിയേതും
വല്ലാതെ ഞാൻ ഇന്നുരചെയ്‌വതു
മാനസിപൊറുക്ക മഹാജനമെല്ലാം;
ഉല്ലാസത്തൊടു വിനതാതനയ–

ന്നുയയർന്നു പറന്നകാശേ മറ്റൊരു
പൊല്ലാമക്ഷിക്ക തന്നാലാവതു
പൊങ്ങുവതിന്നാരേ മുനിയുന്നോർ?''[2]

എന്നു പറയുന്ന രാമപ്പണിക്കർ വാല്മീകി ഗരുജനാണെന്നും വിവർത്തകനായ താൻ തേനീച്ചയാണെന്നും പറയുന്നു. മിതവാക്കായ രാമകവിക്ക് പരത്തിപ്പറയുന്നതല്ല ഒതുക്കിപ്പറയുന്നതാണിഷ്ടം. വാല്മികി രാമായണത്തിലെ ഇരുപത്തിനാലായിരം ശ്ലോകങ്ങൾ മൂവായിരത്തി അൻപത്തിഒൻപത് പാട്ടുകളിൽ സംഗ്രഹിച്ചതിന്റെ പിന്നിലുള്ള വിവേചനശക്തിയും സർഗ്ഗാത്മകപാടവും വിലമതിക്കേണ്ടതു തന്നെ. സ്രോതഭാഷയുടെ മഹനീയതയും ലക്ഷ്യഭാഷയുടെ സ്വാധീനവും എത്രത്തോളം ഉണ്ടെന്ന് സ്വയം മനസ്സിലാക്കാൻ കണ്ണശ്ശന്മാർക്ക് സാധിച്ചു.

''മലയരയനൊടുനേർ വേദവ്യാസൻ
മറ്റും സംസ്കൃതപദ്യങ്ങളിനാൽ
നലനല ഞാനാർത്ഥങ്ങളുരത്തതു
ഞാനും ഭാഷാകവിയിലുരപ്പേൻ;
വിലയറിവാനരുതാകി രത്നം
വെറുമൊരു പൊന്നിൻചെപ്പതിലല്ലാൽ
അലവലയാകിയ തുകലിൽപ്പൊതികിലു-
മതിനുടെ മഹിമവിരോധം വരുമോ ?''[3]

എന്ന് എഴുതിയ ഭാഷാഭഗവത്ഗീതാകാരൻ ആകട്ടെ ഇതിഹാസകൃതിയെ പൊന്നിൻ ചെപ്പിൽ വച്ച രത്നമായും തന്റെ വിവർത്തനത്തെ പഴന്തുണിയിൽ പൊതിഞ്ഞ രത്നമായും സ്വയം മനസ്സിലാക്കുന്നു. സ്രോതഭാഷയേയും ലക്ഷ്യഭാഷയേയും കുറിച്ചുള്ള ഉത്തമബോധ്യത്തിൽ നിന്നാണ് മാധവപ്പണിക്കർ 'പൊന്നിൻ ചെപ്പ്' 'പഴന്തുണി' എന്നീ പ്രയോഗങ്ങൾ നടത്തിയത്. 'അഹമിതു സംക്ഷേപിച്ചുര ചെയ്തേൻ' എന്നു പറയുന്ന കവി ഗീതയിലെ





തത്ത്വവിചാരത്തിന് ഒരു തരത്തിലും മങ്ങലേല്ക്കാതെയാമ് തന്റെ കൃത്യം നിർവഹിച്ചത് എന്നത് വ്യക്തമാണ്. മഹാഭാരതത്തിന്റെ കാതലായ ഭഗവത്ഗീത വിവർത്തനത്തെ സമുദ്രം കുടിച്ചുതീർക്കാനുള്ള ഉറുമ്പിന്റെ ആവേശത്തോടാണ് കവി സാദൃശ്യപ്പെടുത്തിയിരിക്കുന്നത്.

'' ഒരുപടി യോഗത്താലുള്ളിൽക്ക-
ണ്ടുത്തമനാകിയ വേദവ്യാസൻ-
തിരുവടി ചൊല്ലിയ പുണ്യപുരാണം
തികയച്ചൊല്ലുവനെനനു നിനച്ചതു
പെരുമതകും ശ്രീ പാല്ക്കടൽ കണ്ടു
പിപീലി കുടിപ്പാൻ കരുതിയതൊക്കും;
ഗുരുജനമായ മഹാജനമിതിനൊരു
കുറ പറകായ്കെന്നടിമലർതൊഴുതേൻ''[4]

ഗീതയിലെ ശ്ലോകങ്ങളുടെ അർത്ഥഭാരം അയത്നമായി വഹിക്കാൻ അന്നേ മലയാളഭാഷയ്ക്ക് കഴിഞ്ഞിരുന്നു എന്നതിനു തെളിവാണ് ഭാഷാഭഗവത്ഗീത. ഒരിന്ത്യൻ പ്രാദേശിക ഭാഷയിൽ ആദ്യത്തെ സംഗൃഹീത സ്വതന്ത്രരചനയായ മാധവപ്പണിക്കരുടെ ഭാഷാഭഗവത്ഗീത കേരളസംസ്കാരത്തിലും സാമൂഹിക ജീവിതത്തിലും ചെലുത്തിയ സ്വാധീനം ശ്രദ്ധേയമാണ്.

ഒരുലക്ഷത്തി ഇരുപതിനായിരം ശ്ലോകങ്ങളുള്ള മഹാഭാരതം ആയിരത്തിമുന്നൂറ്റി അറുപത്തിമൂന്ന് ശീലുകളിൽ ഒതുക്കുക എന്നതാണ് ഭാരതമാലകാരൻ ഭാഷയിലേക്കുള്ള വിവർത്തനത്തലൂടെ സാധിച്ചത്. ഇത് നിസ്സാരമായ കാര്യയജ്ഞം ആയിരുന്നില്ല. മഹാഭാരതകാവ്യത്തിന്റെ അന്തഃസത്ത പൂർണ്ണമായി ഉൾക്കൊണ്ടിട്ടുള്ള ശങ്കരൻ മഹാഭാരതസംക്ഷേപം നടത്തിയിരിക്കുന്നത് ഉപാഖ്യാനങ്ങളും അനുബന്ധമായ വർണ്ണനകളും തീർത്തും ഉപേക്ഷിച്ചും ചിലവ സംക്ഷേപിച്ചും സൂചിപ്പിച്ചുമാണ്. ഇവിടെയും വിവർത്തനത്തിന്റെ സ്വഭാവം മനസ്സിലാക്കിയ വിവർത്തകനായ

കവിയെയാണ് കാണാൻ കഴിയുന്നത്. വിവർത്തനത്തിന് സരസ്വതീദേവിയോട്,

''വാരിധി തന്നിൽ തിരമാലകളെന്നപോലെ
ഭാരതീപദാവലി തോന്നേണം കാലേ കാലേ''

എന്ന് ലക്ഷ്യഭാഷയിൽ പദസമ്പത്ത് ആവശ്യപ്പെടുകയാണ്. അദ്ദേഹത്തിന്റെ അധ്യാത്മരാമായണം അതേ പേരിലുള്ള സംസ്കൃതഗ്രന്ഥത്തിന്റെ സ്വതന്ത്ര വിവർത്തനമാണ്. രാമായണകഥയിലെ വിവിധഭാഗങ്ങൾ കിളിപ്പാട്ടുകളായി എഴുതപ്പെട്ടതും സ്വതന്ത്രവിവർത്തനത്തിന് ഉദാഹരണമായെടുക്കാം. വ്യാസന്റെ മഹാഭാരതത്തിന്റെ വിവർത്തനസാരം സ്വതന്ത്രവിവർത്തനരീതി ഉപയോഗിച്ച് അവതരിപ്പിച്ച എഴുത്തച്ഛൻ അത് ഒരു ശക്തമായ സ്വതന്ത്രകാവ്യം തന്നെയാക്കിത്തീർത്തു.

ഈ ഭാഷാകവികൾ വിവർത്തനത്തിലൂടെ നിർവഹിച്ചത് സാംസ്കാരികമായ സമുദ്ധാരണം ആയിരുന്നു. ഭോഗാലസതയിലും മതപരമായ സങ്കുചിത സ്വഭാവത്തിലും മുഴുകി കഴിഞ്ഞിരുന്ന ജനവിഭാഗത്തെ നവീകരിച്ച് ആദ്ധ്യാത്മിക ജീവിതത്തിലേക്ക് കൂട്ടിക്കൊണ്ടുവരുവാൻ അവനവന്റെ ഭാഷതന്നെ സ്വീകരിക്കേണ്ടതിന്റെ പ്രാധാന്യം ഇവർ തിരിച്ചറിഞ്ഞു. നാടുവാഴിത്തവും ദേവദാസുസമ്പ്രദായവും സാംസ്കാരിക ജീർണതയ്ക്ക് വഴിയൊരുക്കിയ സന്ദർഭത്തിൽ സമൂഹത്തിന്റെ താഴേത്തട്ടിൽ മറ്റൊരു സമാന്തര സംസ്കാരം രൂപപ്പെട്ടു വന്നതിന്റെ തെളിവാണ് ഈ കൃതികൾ. ജനങ്ങളുടെ യുദ്ധവീര്യം പ്രചോദിപ്പിക്കുയാണ് രാമചരിതത്തിന്റെ ലക്ഷ്യമെങ്കിൽ മൊത്തത്തിലുള്ള സംസ്കാരത്തിന്റെ പ്രബോധനമായിരുന്നു കണ്ണശ്ശകൃതികളുടെ ലക്ഷ്യം. എഴുത്തച്ഛനാകട്ടെ ജനങ്ങളുടെ ആത്മീയവും ഭൗതികവുമായ ജീവിതത്തിന് കാവ്യാത്മകമായ രൂപം നൽകി പുതിയ കാലത്തിന്റെ സൃഷ്ടാവായി മാറുകയും ചെയ്തു. ഒരു ദേശം, ഒരു ജനത എന്നീ നിലകളിൽ നാടിന്റെ സ്വരൂപം നിർണയിക്കുന്നതിൽ തങ്ങളുടേതായ പങ്കുവഹിക്കാൻ ഈ സാംസ്കാരിക നായകന്മാർക്ക് വിവർത്തനത്തിലൂടെ സാധിച്ചു.





ഈ കൃതി വിവർത്തനം ചെയ്തു കളയാമെന്ന ഭാഷാ പാണ്ഡിത്യഗർവ്വൊന്നും ആയിരുന്നില്ല ഈ കവികളെ ഭരിച്ചിരുന്ന ചേതോവികാരം. പാണ്ഡിത്യഗർവ്വൊന്നും ആയിരുന്നില്ല ഈ കവികളെ ഭരിച്ചിരുന്ന ചേതോവികാരം അങ്ങനെയായിരുന്നുവെങ്കിൽ അവർ പദാനുപദവിവർത്തനമല്ലേ നടത്തുക. സ്വന്തം ഭാഷയുടെ വിവർത്തക്ഷമത മനസ്സാലാക്കി കൃതികൾ വിവർത്തനം ചെയ്യുവാൻ പ്രാചീനകാലം മുതൽ തന്നെ സാഹിത്യ രചയിതാക്കൾ താല്പര്യമായിരുന്നു. മലയാളഭാഷ വിവർത്തനക്ഷമമാണ് എന്നതിന്റെ ഏറ്റവും വലിയ തെളിവാണ് കൗടലീയം മൊഴിമാറി ഭാഷാകൗടലീയം ആയത്.

മലയാള സാഹിത്യ ചരിത്രത്തിന്റെ ആദ്യഘട്ടം പരിശോധിക്കുന്ന ആർക്കും എല്ലാ സാഹിത്യപ്രസ്ഥാനങ്ങളും മറ്റു ഭാഷാകൃതികളുടെ വിവർത്തനസ്വഭാവം ഉള്ളവയാണെന്ന് മനസ്സിലാക്കുന്നത് രസകരമാണ്. പക്ഷെ ഈ വിവർത്തനസ്വഭാവം സ്വന്തം സാംസ്കാരിക ഉത്തരവാദിത്വമായി മാറിയപ്പോൾ വിവർത്തനത്തിൽ ത്യാജഗ്രാഹ്യവിവേചനബുദ്ധി പ്രയോഗിക്കുവാൻ പ്രത്യേകം ശ്രദ്ധിച്ചിരുന്നുയ ഒരു തരം അനുകല്പനത്തിന്റെ വിവർത്തനസ്വഭാവമാണ് രാമചരിതകാരനും കണ്ണശ്ശന്മാരും എഴുത്തച്ഛനും എല്ലാം കേരളീയ സംസ്കാരത്തിൽ നിർവ്വഹിച്ചത്. ചുരുക്കി പറഞ്ഞാൽ നമ്മുടെ സാംസ്കാരിക സ്വത്വത്തിന്റെ വീണ്ടെടുപ്പുകൾ ആയിരുന്നു ഇവർ നിർവ്വഹിച്ചത്. വിവർത്തനം ഇവർ അതിനൊരു മാധ്യമമായി കണ്ടതായിരിക്കാം. ഈ പ്രവണത എഴുത്തച്ഛനിൽ അവസാനിച്ചു എന്ന് പൂർണ്ണമായും പറയാൻ സാധിക്കുകയില്ല. കാരണം സരസകവിയായ കുഞ്ചൻ നമ്പ്യാർ മഹാഭാരതം, രാമായണം തുടങ്ങി പ്രസിദ്ധ സംസ്കൃതേതിഹാസങ്ങളിലെ കഥകളെയും കഥാപാത്രങ്ങളെയും കേരളീയ പശ്ചാത്തലത്തിൽ പരിഹാസ രൂപേണ അപനിർമ്മിക്കുമ്പോഴും ഈ വിവർത്തന സ്വഭാവം തന്നെയാണ് അനുവർത്തിച്ചത്.

''ഭടജനങ്ങളെ നടുവിലുള്ളൊരു
പടയിണിക്കിഹ ചേരുവാൻ
വടിവിയന്നൊരു ചാരുകേരള-

ഭാഷതന്നെ ചിതം വരു
കടുപടെക്കടുകഠിനസംസ്കൃത-
വികടകടുകവി കേറിയാൻ
ഭടജനങ്ങൾ ധരിക്കയില്ല
തിരിക്കുമൊക്കെയുമേറ്റുടൻ
ഭാഷയേറിവരുന്ന നല്ല
മണിപ്രവാളമതെങ്കില്ലോ
ദൂഷണം വരുവാനുമില്ല,
വിശേഷണഭൂഷണമായ് വരും
വേഷസംഗതിയോടു
ചേർന്നൊരു ഭാഷവേണമതെങ്കിലേ
ശേഷമുള്ള ജനത്തിനും
പിരതോഷമെന്നു വരുംദൃഢം"[6]

എന്ന വരികളിലൂടെ ഇത് വ്യക്തമാകുന്നു. സംസ്കൃതം അറിയാത്ത ആയിരക്കണക്കിനാളുകൾ ഈ മലയാളകൃതികളിലൂടെ സംസ്കൃത കൃതികളിലെ കഥാംശം ഗ്രഹിക്കുകയും ആസ്വദിക്കുകയും ചെയ്തു. അത് കവിത്രയത്തിൽക്കൂടി പിന്നെയും നാം തുടർന്നു കൊണ്ടിരിക്കുന്നു.

**അടി ക്കു റിപ്പുകൾ**

1. കൃഷ്ണൻ നായർ പി. വി. പ്രൊഫ., രാമചരിതം (വ്യാഖ്യാനം), സാഹിത്യ പരിഷത്ത് സഹകരണസംഘം, എറണാകുളം, 1963, പുനം 3.
2. പുതുശ്ശേരി രാമചന്ദ്രൻ ഡോ. കണ്ണശ്ശരാമായണം പഠനവും വ്യാഖ്യാനവും, ബാലകാണ്ഡം, നിരണത്തു രാമപ്പണിക്കർ, കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം 2013, പുറം 5.
3. പുതുശ്ശേരി രാമചന്ദ്രൻ, ഡോ. ഭാഷാ ഭഗവത്ഗീത പഠനവും വ്യാഖ്യാനവും, അർജ്ജുനവിഷാദയോഗം, നിരണത്ത് മാധവപ്പണിക്കർ, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2014, പുറം 4.





4. അതിൽത്തന്നെ, പുറം 4
5. നാരായണമേനോൻ, പഴൂർ വിദ്യാരത്നം (പ്രകാശകൻ), ശ്രീമദ ദ്ധ്യാത്മ രാമായണം, ഇ. എസ്. ഡി. പ്രിന്റിംഗ് ഹൗസ്, പാലക്കാട് 1959, പുറം 2.
6. അമ്പലപ്പുഴ രാമവർമ്മ പ്രൊഫ. കല്യാണസൗഗന്ധികം (വ്യാഖ്യനം), കുഞ്ചൻ നമ്പ്യാർ, സാഹിത്യ പ്രവർത്തക സഹകരണ സംഘം, കോട്ടയം, 2018, പുറം 11.

**സഹാ യ ക ഗ്ര ന്ഥ ങ്ങൾ**


1. അമ്പലപ്പുഴ രാമവർമ്മ പ്രൊഫ. കല്യാണസൗഗന്ധികം (വ്യാഖ്യാനം)
2. കൃഷ്ണൻ നായർ, പി. വി. പ്രൊഫ., രാമചരിതം (വ്യാഖ്യാനം), സാഹിത്യപരിഷത്ത് സഹകരണ സംഘം, എറണാകുളം, 1963.
3. കൃഷ്ണപിള്ള എൻ, കൈരളിയുടെ കഥ, ഡി. സി ബുക്സ്, കോട്ടയം 2016.
4. ഡേവിസ് സേവ്യർ ഡോ, പ്രാചീന കവിതപാഠം പഠനം വ്യാഖ്യാനം, അസ്സന്റ് പബ്ലിക്കേഷൻസ്, കോട്ടയം, 2012.
5. നാരായണമോനോൻ പഴൂർ വിദ്യാരത്നം (പ്രകാശകൻ), ശ്രീമദ ദ്ധ്യാത്മ രാമായണം, ഇ. എസ്. ഡി. പ്രിന്റിംഗ് ഹൗസ്, പാലക്കാട് 1959.
6. പുതുശ്ശേരി രാമചന്ദ്രൻ, ഡോ. ഭാഷാ ഭഗവത്ഗീത പഠനവും വ്യാഖ്യാനവും, അർജ്ജുനവിഷാദയോഗം, നിരണത്ത് മാധവപ്പണിക്കർ, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2014.
7. വിശ്വനാഥയ്യർ എൻ ഇ. ഡോ. വിവർത്തനവിചാരം, കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2014.


**ഹർഷ സിറി യക്ക്**
ഗസ്റ്റ് ലക്ചറർ, മലയാളവിഭാഗം,

## ഉത്തരകേരളത്തിലെ സ്ത്രീകൾക്കിടയിലുണ്ടായിരുന്ന ആചാരാനുഷ്ഠാനങ്ങളും വിശ്വാസങ്ങളും

ശ്രീജ എസ്. ആർ.

ഓരോ സമൂഹത്തിനും അവരുടേതായ ആചാരാനുഷ്ഠാനങ്ങളും വിശ്വാസങ്ങളും വിലക്കുകളും ഉണ്ടായിരിക്കും. ഒരു സമൂഹം മറ്റൊന്നിൽനിന്ന് വ്യത്യസ്തമാകുന്നതു തന്നെ ഇവയുടെ പ്രത്യക്ഷത്തിലുള്ള പ്രകടനവൈവിധ്യത്തിലൂടെയാണെന്നു പറയാം. ആചാരാനുഷ്ഠാനങ്ങളുടെ പിന്നിൽ ഒരു ജനതയുടെ വിശ്വാസത്തിന്റെ പ്രേരകശക്തിയാണ് പ്രധാനമായും കുടികൊള്ളുന്നത്. പരിഷ്കൃതസമൂഹം ഇത്തരം സ്വത്വബോധങ്ങളിൽ അകന്നുപോയിരിക്കയാണെങ്കിലും മതം, ജാതി എന്നിവയുടെ ഇടപെടലുകൾ ഒരു പരിധിവരെയെങ്കിലും ഇന്ന് ആചാരാനുഷ്ഠാനങ്ങളെയും വിശ്വാസങ്ങളെയും പിടിച്ചു നിർത്തുന്നുണ്ട്. വൈവിധ്യമാർന്ന ആചാരങ്ങൾ, അനുഷ്ഠാനങ്ങൾ എന്നിവ ഒരു സമൂഹത്തിന്റെ കൂട്ടായ്മയുടെയും ബന്ധസ്ഥാപനത്തിന്റെയുമൊക്കെ പ്രതീകങ്ങളാണ്.

ഒരു സമൂഹത്തിന്റെ വിശ്വാസങ്ങളുടെയും സങ്കല്പങ്ങളുടെയും ജീവിതപ്രതീക്ഷകളുടെയും ആകെത്തുകയാണ് ആചാരാനുഷ്ഠാനങ്ങൾ എന്നു പറയാം. ഇവ ഒരു കാലത്ത് സമൂഹബന്ധവും കെട്ടുറപ്പും കൂട്ടായ്മയും ഐക്യവും നിലനിർത്താൻ സഹായിച്ചി രുന്നു. “വിലയിരുത്തുമ്പോൾ വികാരങ്ങളുടെ പങ്കുവയ്ക്കലിൽ നിന്നാണ് ആചാരാനുഷ്ഠാനങ്ങൾ രൂപപ്പെടുന്നത്” എന്ന് ഡോ.എം.വി. വിഷ്ണുനമ്പൂതിരി (നാടോടി വിജ്ഞാനീയം)





അഭിപ്രായപ്പെ ടുന്നു. സാമൂഹിക പരിതസ്ഥിതികളിൽ വ്യക്തികളുടെ പെരുമാറ്റങ്ങളെ നിയന്ത്രിക്കുന്ന തത്വങ്ങളായും ആചാരാനുഷ്ഠാനങ്ങൾ പ്രവർത്തിക്കുന്നു. സാമൂഹിക സാംസ്കാരിക പഠനത്തിൽ വിധിനിയമങ്ങളെ നാട്ടുനടപ്പ്, വഴക്കങ്ങൾ, ആചാരമര്യാദകൾ, ഉപചാരങ്ങൾ, ചടങ്ങുകൾ, അനുഷ്ഠാനങ്ങൾ, സംസ്കാരക്രിയകൾ എന്നിങ്ങനെ തിരിക്കാം. സാമൂഹിക ജീവിതത്തിന്റെ ഭാഗമായി ചിന്തയിലും കർമ്മങ്ങളിലും അനുഷ്ഠിക്കുന്ന നടപടിക്രമങ്ങളും ചര്യാവിശേഷങ്ങളുമായ ആചാരാനുഷ്ഠാനങ്ങളിൽ സ്ത്രീയുടെയും പ്രകൃതിയുടെയും പങ്കാളിത്തം അവഗണിക്കത്തക്കതല്ല.

ഓരോ ജനവർഗ്ഗത്തിന്റെയും വിശ്വാസസംഹിതകളാണ് ആചാരങ്ങളും ഉപചാരങ്ങളുമായി മാറുന്നത്. ഒരു വലിയ സമൂഹത്തിലെ ഓരോ വ്യക്തിയും പൊതുവായി പ്രവർത്തിച്ചുവരുന്ന ബാഹ്യചേഷ്ടകളാണ് ആചാരങ്ങൾ. “ജനസാമാന്യത്തിന്റെ വിശ്വാസങ്ങളെ പ്രതിഫലനമാക്കിക്കൊണ്ട് പാരമ്പര്യമായി കരഗതമാകുന്ന ക്രിയകളാണ് ആചാരങ്ങൾ”. ഓരോ സമൂഹത്തിന്റെയും നിത്യജീവിതത്തിന്റെ പ്രതിഫലനമാണിതെന്ന് പറയാം. സമൂഹത്തിന്റെ നന്മയാണ് പ്രധാനമായും ആചാരങ്ങൾ ലക്ഷ്യമിടുന്നത്. ഒരു സമൂഹം പിൻതുടർന്നുവരുന്ന ആചാരമാർഗ്ഗങ്ങൾ അനുകരണങ്ങളിലൂടെയോ നേരിട്ടുള്ള നിർദ്ദേശങ്ങളിലൂടെയോ പുതുതലമുറയ്ക്ക് കൈമാറുകയാണ് ചെയ്യുന്നത്. സാമൂഹികമായ പാരമ്പര്യത്തെ സംരക്ഷിക്കുവാൻ ഒരു പരിധിവരെ ആചാരാനുഷ്ഠാനങ്ങൾക്ക് സാധിക്കുന്നു എന്നതാണ് വാസ്തവം.

സമൂഹത്തിന്റെ നട്ടെല്ലാണ് സ്ത്രീകൾ. സമൂഹത്തെ നിലനിർത്തുന്നതിൽ സവിശേഷമായ പങ്ക് സ്ത്രീയ്ക്കുണ്ട്. ആചാരാനുഷ്ഠാനങ്ങളിൽ പലതും സ്ത്രീപങ്കാളിത്തം ഉറപ്പിക്കുന്നതാണ്. സ്ത്രീയെയും പ്രകൃതിയെയും ഉർവ്വരതയുടെ പ്രതീകമായി കല്പിച്ച് അനുഷ്ഠിക്കപ്പെടുന്ന കർമ്മങ്ങളും ആചാരങ്ങളും കേരള

ത്തിൽ സമൃദ്ധമായിരുന്നു. സ്ത്രീയ്ക്കും പ്രകൃതിയ്ക്കും നൽകുന്ന പരിഗണന ഉത്തരകേരളത്തിൽ ശക്തമായിരുന്നുവെന്ന് ആചാരാനുഷ്ഠാനങ്ങളെക്കുറിച്ച് പഠിക്കുമ്പോൾ മനസ്സിലാക്കാവുന്നതാണ്.

ഉത്തരകേരളത്തിലെ സ്ത്രീകളുടെ അവസ്ഥ മറ്റു സ്ത്രീകളിൽ നിന്നും തികച്ചും വ്യത്യസ്തമാണ്. പല ആചാരാനുഷ്ഠാനങ്ങളും വിശ്വാസങ്ങളും സ്ത്രീകൾ തലമുറകളായി ചെയ്തുവരുന്നതായി കാണുന്നു. വർഗ്ഗപരവും ലിംഗപരവും ജാതീയവും വംശീയവുമായ സ്വത്വബോധം ഉയർത്തുന്ന സമസ്യകളും സംഘർഷങ്ങളും പങ്കിടുന്ന വികാരങ്ങൾ നിശ്ചിത മാർഗ്ഗത്തിലൂടെ ചലിക്കുമ്പോഴാണ് ആചാരാനുഷ്ഠാനങ്ങൾ രൂപം കൊള്ളുന്നത്. സാമൂഹിക ജീവിതം ഭദ്രമാക്കുന്നത് സാമൂഹിക വിധികളുടെ ആചരണത്തിലൂടെയാണെന്നും അതിലൂടെ സാംസ്കാരിക സംക്രമണം സാധ്യമാകുന്നുവെന്നും വിശ്വസിക്കുന്ന ഒരു ജനതയാണ് ഉത്തരകേരളത്തിലുള്ളത്. അവരുടെ ആചാരാനുഷ്ഠാനങ്ങളിൽ പാരമ്പര്യ വിശ്വാസത്തോടൊപ്പം ശാസ്ത്രതത്വങ്ങളും ഉൾക്കൊള്ളുന്നു.

ഉർവ്വരതാനുഷ്ഠാനങ്ങൾ

ലോകത്തിലെല്ലായിടത്തും ഒരു ആരാധനാരീതിയുണ്ട്. നിലനിൽപ്പിനാവശ്യമായ ഭക്ഷണം നൽകുന്ന ഭൂമി തന്നെ മനുഷ്യനെ തന്റെ ഉദരത്തിൽ ലയിപ്പിക്കുന്നു എന്ന അഭയഭാവം ആയിരിക്കണം ഈ സങ്കല്പത്തിനാധാരം. ''ഈജിപ്ഷ്യൻ സംസ്കാരത്തിലും യവനസംസ്കാരത്തിലും ദ്രാവിഡ സംസ്കാരത്തിലുമെല്ലാം ജഗദംബ ശക്തിയേറിയ ഒരു ആദിപ്രതീകമാണ്''. റോമൻ ദേവതയായ ഡയാനയും ഗ്രീക്ക് ദേവതയായ ആർമീസും ഉർവ്വരതാ ദേവതകളാണ്. ഉർവ്വരതാനുഷ്ഠാനങ്ങൾ നടത്തുന്നത് നല്ലതിന്റെ പ്രതീകമായിട്ടാണ്. കൃഷി ആവശ്യങ്ങൾക്കാണ് ഇത് നടത്തുന്നത്. നന്മയുടെ പ്രതീകമായിട്ടാണ് ഈ അനുഷ്ഠാനത്തെ കാണുന്നത്.





പൂരം, നിറ, പുത്തരി, ഉച്ചാരൽ തുടങ്ങി ഉർവ്വരതയുമായി ബന്ധപ്പെട്ട അനുഷ്ഠാനങ്ങൾ കൃഷി, പ്രകൃതി, ഉർവ്വരത, സ്ത്രീ എന്നിവയുമായി ബന്ധപ്പെട്ടാണ് ഉത്തരകേരളത്തിൽ ആഘോഷിക്കപ്പെടുന്നത്. കാലത്തിന്റെ ഗതിവേഗം പാരിസ്ഥിതിക പ്രകൃതിഭാവങ്ങളെ മാറ്റിമറിക്കുമ്പോഴും ഈ ഉർവ്വരതാനുഷ്ഠാനങ്ങൾ ഇന്നും നിലനിൽക്കുന്നു. ഇത് സ്ത്രീയും പ്രകൃതിയും ഒന്നിക്കുന്ന സവിശേഷമായ ഒരു ഭാവുകത്വത്തിന്റെ പ്രതിഫലനമാണ്.

സ്ത്രീയും പ്രകൃതിയും ഒന്നുതന്നെയാണെന്ന് വളരെ പുരാതനമായ ഒരു ആചാരത്തിൽ നിന്നുമുണ്ടായ അനുഷ്ഠാനമാണ് ഉച്ചാരൽ. രണ്ടാം വിളവെടുപ്പ് കഴിഞ്ഞുവരുന്ന വേനലിൽ ഭൂമിയുടെ അടിയിലുള്ള ചൂട് ഉയർന്നുവരുന്ന കാലമാണിത്. നാലു ദിവസമാണിത് ആഘോഷിക്കപ്പെടുന്നത്. ഭൂമി ഋതുവാകുന്നുവെന്ന വിശ്വാസമാണ് ഇതിനു പിന്നിലുള്ളത്. സ്ത്രീശരീരത്തിന് സംഭവിക്കുന്ന ശാരീരികക്രിയകളെല്ലാം ഭൂമിക്കുമുണ്ടെന്ന സങ്കല്പത്തിൽ, സ്ത്രീയെ എങ്ങനെയാണോ സമൂഹത്തിൽനിന്നും അകറ്റിനിർത്തുന്നത് അതുപോലെ ഭൂമീദേവിയുടെ ആർത്തവകാലമായി ആദ്യത്തെ മൂന്നുനാളുകൾ ഭൂമിയെ അകറ്റി നിർത്തുന്നു. ആ ദിവസങ്ങളിൽ പത്തായം തുറക്കുകയോ നെല്ലെടുക്കുകയോ കൃഷിപ്പണി ചെയ്യുകയോ പാടില്ലെന്നാണ് പറയുന്നത്. കാലം മാറിയപ്പോൾ ദിവസങ്ങളെന്നത് ഇപ്പോൾ ഒരു ദിവസം ആഘോഷിക്കുന്ന അനുഷ്ഠാനമായിട്ട് ഇത് മാറിയിട്ടുണ്ട്. ഇന്ന് സ്ത്രീക്കെതിരായും പ്രകൃതിയ്ക്കെതിരായും നടത്തുന്ന ചൂഷണങ്ങൾ കൊടികുത്തി വാഴുമ്പോൾ ഉത്തരകേരളസമൂഹം സ്ത്രീയോടും പ്രകൃതിയോടും കാണിക്കുന്ന പരിഗണനയാണ് ഇത്തരം അനുഷ്ഠാനങ്ങളിൽ പ്രകടമാകുന്നത്. ഇത് അനുഷ്ഠാനം എന്നതിലുപരി സ്വയം ശുദ്ധീകരണത്തിനായി പ്രകൃതിയെ സ്നേഹിക്കുന്ന കാർഷിക സമൂഹത്തിന്റെ വിശ്രമദിനം കൂടിയായി കണക്കാക്കുന്നു. ഗൃഹാന്തരീക്ഷത്തിൽ പെണ്ണ് ഋതുവായതിനുശേഷം ശുദ്ധികർമ്മം നടത്തുന്നതുപോലെയാണ് ഭൂമിയിലും ശുദ്ധികർമ്മം നടത്തുന്നത്. ശുദ്ധികർമ്മം

കഴിഞ്ഞ മണ്ണിൽ ആദ്യം വിത്തിടുന്നതും പുരുഷന്മാരാകണം എന്നതും മണ്ണിനെയും പെണ്ണിനെയും ബന്ധിപ്പിച്ചുകൊണ്ടുള്ള പരികല്പനയിലാണ് രൂപപ്പെട്ടിട്ടുള്ളത്.

നിറയും പുത്തരിയും ആഘോഷിക്കുന്നതും മണ്ണിനോടുള്ള മനുഷ്യന്റെ സവിശേഷസമീപനം വ്യക്തമാക്കുന്നതിനുവേണ്ടിയാണ്. പുത്തൻ നെൽക്കതിർ നല്ല മുഹൂർത്തം നോക്കി ഗൃഹത്തിൽ കയറ്റി പൂജിക്കുന്ന കർമ്മമാണ് നിറ. നെൽക്കതിർ ഐശ്വര്യത്തിന്റെ പ്രതീകമാണെന്ന വിശ്വാസമാണ് വീടിന്റെ കട്ടിളപ്പടിയിൽ നെൽക്കതിർ തൂക്കിയിടുന്നതിന്റെ പിറകിലുള്ളത്. പുത്തരിച്ചടങ്ങും നെൽകൃഷിയുമായി ബന്ധപ്പെട്ടതാണ്. കൊയ്ത്തു കഴിഞ്ഞ പുതിയ നെല്ലരിച്ചോറ് കഴിച്ചു തുടങ്ങുന്ന ശുഭമുഹൂർത്തമാണ് 'പുത്തരി' ചടങ്ങ്. പുത്തരിക്കും നിറയ്ക്കും വിഭവസമൃദ്ധമായ സദ്യയൊരുക്കി ബന്ധുക്കൾക്കും മറ്റും നൽകുന്ന പതിവുമുണ്ട്. ഉത്തരകേരളത്തിൽ ചിലയിടങ്ങളിൽ കാണുന്ന ഒരു തരം അനുഷ്ഠാനമാണ് 'ഏർപ്പ്'. ഇത് മകരമാസം അവസാനം (മകരം 23) നടത്തുന്ന ഒരു അനുഷ്ഠാനമാണ്. ഏർപ്പുകാറ്റിനെ പൂജിച്ചുകൊണ്ട് വീടുകളിൽ തുവര, പയറ്, അരി, ഉഴുന്ന് തുടങ്ങിയ ധാന്യങ്ങൾ പുഴുങ്ങി നാക്കിലയിൽ വിളമ്പുന്നു. തണുത്തതും ശക്തവുമായ കാറ്റിനെ വരുതിയിലാക്കാൻ നടത്തുന്ന ചടങ്ങാണിത്. കണ്ണൂർ ജില്ലയിലെ രാമന്തളി ശ്രീശങ്കരനാരായണ ക്ഷേത്രത്തിൽ ഏർപ്പുത്സവം പ്രധാനമായി നടത്തുന്നതായി ഡോ.എം.വി. വിഷ്ണുനമ്പൂതിരി രേഖപ്പെടുത്തിയിട്ടുണ്ട്.

മീനമാസത്തിൽ ഉത്തരകേരളത്തിൽ ആഘോഷിക്കുന്ന അനുഷ്ഠാനങ്ങളാണ് പൂരവും പൂരക്കളിയും. ഉത്തരകേരളത്തിലെ പ്രമുഖ ദേവീക്ഷേത്രങ്ങളിലും നായരുടെയും തീയ്യരുടെയും ഗൃഹങ്ങളിലും നടത്തുന്ന കാമപൂജയാണിത്. അനുഗുണമായ ദാമ്പത്യവും സന്താനസൗഭാഗ്യമാണ് ഇതിന്റെ ലക്ഷ്യം. മാതൃത്വത്തിന് പ്രാധാന്യം നൽകുന്ന സമൂഹം സ്ത്രീ–പുരുഷ ബന്ധത്തിന്റെ





നൈസർഗ്ഗിക ധർമ്മത്തെ ആദരിക്കുന്ന ഒരു ചടങ്ങായാണ് പൂരാഘോഷം നടത്തുന്നത്. ആഗോളവത്കൃതമായ പുതിയ തലമുറയിൽ പെൺകുഞ്ഞുങ്ങൾ പിറന്നില്ലെങ്കിൽ തറവാടറ്റുപോയിയെന്ന് വിശ്വസിക്കുന്ന ഒരു കൂട്ടായ്മയുടെ പെൺകുട്ടികൾക്കുവേണ്ടിയുള്ള ഒരു കരുതൽ അനുഷ്ഠാനമാണ് പൂരോത്സവം.

ഉത്തരകേരളത്തിലെ തീയ്യസമുദായത്തിന്റെ ഇടയിലുള്ള അനുഷ്ഠാനമാണ് 'കലം കനിപ്പ്'. സ്ത്രീയും പ്രകൃതിയുമായുള്ള ഇഴയടുപ്പത്തിന്റെ മറ്റൊരു ദൃശ്യമാണ് 'കലം കനിപ്പ്'. ഉർവ്വരതാനുഷ്ഠാനത്തിന്റെ ഭാഗമായി നടത്തുന്ന ഈ ആഘോഷം ഉണക്കലരി പൊടിച്ച് മൺപാത്രത്തിൽ നിറച്ച് അതിനുമുകളിൽ വെറ്റില, അടയ്ക്ക, നാളികേരം, ശർക്കര എന്നിവ പൊതികെട്ടി വച്ച് ആയിരക്കണക്കിന് കലങ്ങൾ നിരത്തിവെച്ച് വ്രതമനുഷ്ഠിച്ച സ്ത്രീകൾ 'കലം കനിപ്പ്' നടത്തുന്നു. പിറ്റേന്നാൾ അരിപ്പൊടിയും ശർക്കരയും നാളികേരവും ചേർത്ത് അപ്പമുണ്ടാക്കി സ്ത്രീകൾക്ക് പ്രസാദമായി നൽകും. ഉർവ്വരതാനുഷ്ഠാനത്തിൽ സ്ത്രീകൾക്ക് നൽകുന്ന പരിഗണനയും അതിൽ പ്രകൃതിയിൽ നിന്നു ലഭിക്കുന്ന കാർഷികസമൃദ്ധിയുടെ പ്രതീകവൽക്കരണവും സ്ത്രീയ്ക്കും പ്രകൃതിയ്ക്കും നൽകുന്ന സവിശേഷമായ സ്ഥാനത്തിന്റെ അടയാളമായി കണക്കാക്കാവുന്നതാണ്.

സാമുദായികമായ ആചാരാനുഷ്ഠാനങ്ങൾ

കുടുംബജീവിതത്തിലും ആചാരാനുഷ്ഠാനങ്ങളിലും ഉപജീവനോപാധികളിലും ഉത്തരകേരളത്തിലെ സ്ത്രീ വഹിക്കുന്ന പങ്ക് വളരെ വലുതാണ്. ജനനം മുതൽ തന്നെ സ്ത്രീ തിരിച്ചറിയപ്പെടണമെന്നാണ് ഉത്തരകേരളത്തിലെ ഗോത്രവിശ്വാസം. ഒരു കുട്ടി ജനിച്ചുകഴിഞ്ഞാൽ പെൺകുട്ടിയാണെങ്കിൽ മുറം, കൊടുവാൾ ഇവയിൽ ഏതിലെങ്കിലും തട്ടി ശബ്ദമുണ്ടാക്കി അന്യരെ അറിയിക്കുകയാണ് പതിവ്. ആൺകുട്ടിയാണ് ജനിച്ചതെങ്കിൽ ഞാൺ വലി

ച്ചുവിട്ടോ പാള നിലത്തടിച്ചോ ശബ്ദമുണ്ടാക്കണം. ഭാവിയിൽ അവർ ഉപയോഗിക്കേണ്ട ഉപകരണങ്ങൾ ഏതെന്ന സൂചനയും ഇതിലടങ്ങിയിരിക്കുന്നു എന്നതാണ് വാസ്തവം. ജനനസമയത്ത് നൽകുന്ന തിരിച്ചറിവിന്റെ അടയാളം അവർ മരണസമയത്തും നൽകാറുണ്ട്. മരിച്ചത് സ്ത്രീയാണെങ്കിൽ കുഴിപ്പുറത്ത് കത്തിയും പുരുഷനാണെങ്കിൽ കുഴിപ്പുറത്ത് അമ്പും കുത്തി നിർത്തും.

കാതുകുത്തുകല്യാണം

ഒരു ആദിവാസി പെൺകുട്ടി സാമുദായികമായ ആചാരാനുഷ്ഠാനങ്ങളുടെ പട്ടികയിലേയ്ക്ക് പ്രവേശിക്കുന്നത് കാതുകുത്തുകല്യാണത്തിലൂടെയാണ്. കാതുകുത്തു കല്യാണം അവളിൽ ആഭരണബോധവും സൗന്ദര്യബോധവും ഉണ്ടാക്കിയെടുക്കുന്നതിൽ സുപ്രധാന പങ്കുവഹിക്കുന്നുണ്ട്. കാതുകുത്തിക്കഴിഞ്ഞാൽ പെൺകുട്ടിയെ അടുത്തു വിളിച്ചിരുത്തി ഉപദേശം നൽകുന്ന സമ്പ്രദായവുമുണ്ട്. കാരണവരായിരിക്കും ഉപദേശം നൽകുന്നത്. തൊട്ടടുത്ത വർഷങ്ങളിൽ തന്നെയായിരിക്കും താലികെട്ടുകല്യാണവും നടത്തുക. വളർന്നുകൊണ്ടിരിക്കുന്ന ഏതു സമൂഹത്തിലും ആചാരാനുഷ്ഠാനങ്ങളിൽ വ്യതിയാനം സംഭവിക്കുന്നതുപോലെ ഇത്തരം ആചാരങ്ങളിലും വ്യതിയാനം വന്നതായി കാണാവുന്നതാണ്. ജനനം, വിവാഹം, മരണം എന്നിങ്ങനെ ജീവിതത്തിലെ പ്രധാന സന്ദർഭങ്ങളെല്ലാം സമൂഹത്തിന്റെ ആചാരമാക്കിമാറ്റുന്ന ചടങ്ങുകൾ കൊണ്ട് സമ്പന്നമാണ് ഉത്തരകേരളം.

താലികെട്ടുകല്യാണം

ഉത്തരകേരളത്തിലെ സമൂഹത്തിൽ പരമ്പരാഗത വിവാഹാചാരത്തിന് താലികെട്ട് കല്യാണം, പുടവകൊട എന്നിങ്ങനെ രണ്ട് ചടങ്ങുകളുണ്ട്. പെൺകുട്ടിയുടെ കഴുത്തിൽ മുറച്ചെറുക്കനോ അമ്മാവനോ മൂപ്പനോ താലികെട്ടും. യഥാർത്ഥ വിവാഹവുമായി ഇതിന് യാതൊരു ബന്ധവുമില്ലെങ്കിലും ചില വർഗ്ഗങ്ങൾക്കിടയിൽ ഭാവിവരനെ നിശ്ചയിക്കുന്ന വേദിയായി ഇതു മാറാറുണ്ട്. വയനാ





ടൻ കുറിച്യർക്കിടയിൽ ആഘോഷപൂർവ്വം നടന്നിരുന്ന ഒരു ചടങ്ങായിരുന്നു ഇത്. നായാട്ടും സദ്യയുമായി ദിവസങ്ങളോളം നീളുന്ന ഒരു ചടങ്ങായപ്പോൾ വൻ സാമ്പത്തിക ബാധ്യതയും ഈ ചടങ്ങ് നടത്തുന്നതിന് ആവശ്യമായി വന്നു. അതുമൂലം അവർക്കിടയിൽ ഇത് "കുലംമുടിക്കൽ" കല്യാണമായി മാറി. ആദിവാസികൾക്കിടയിൽ ഒരു കാലത്തു നടന്നിരുന്ന ശൈശവവിവാഹത്തിന്റെ അതിജീവനരൂപമായി താലികെട്ടുകല്യാണത്തെ ചിലർ കണക്കാക്കുന്നുണ്ട്. നാലു ദിവസം അനവധി പണം ചിലവാക്കി നടത്തുന്ന താലികെട്ടുകല്യാണം കഴിഞ്ഞാലും താലികെട്ടിയ യുവതീയുവാക്കളെ ആരും ഭാര്യാഭർത്താക്കന്മാരായി അംഗീകരിച്ചിരുന്നില്ല. താലികെട്ടിയവന് പെണ്ണിനെ ഭാര്യയായി ലഭിക്കണമെങ്കിൽ 'പുടവകൊട' എന്ന വിവാഹച്ചടങ്ങ് പ്രത്യേകമായി നടത്തേണ്ടതുണ്ട്. ബാലികമാരെ യുവത്വത്തിലേയ്ക്ക് പ്രവേശിപ്പിക്കുന്നതോടൊപ്പം ഭർതൃസ്വീകരണത്തിനുള്ള വിളംബരംകൂടിയാണ് 'പുടവകൊട'. 'പന്തൽമംഗലം', 'മഞ്ഞക്കുളിക്കല്യാണം' എന്നൊക്കെ അറിയപ്പെടുന്നതും ഇതുതന്നെ യാണ്.

ഋതുമതിക്കല്യാണം

സമൂഹത്തിന് മുന്നിൽ ആദിവാസിസ്ത്രീ ശരിക്കും സാക്ഷ്യപ്പെടുത്തുന്നത് ഋതുമതിക്കല്യാണത്തിലൂടെയാണ്. പെൺകുട്ടി പ്രായപൂർത്തിയായെന്ന് സമൂഹത്തെ ബോധ്യപ്പെടുത്തുന്ന ചടങ്ങാണിത്. ഒരു പെൺകുട്ടി ആദ്യമായി തീണ്ടാവുന്ന പ്രക്രിയയെയാണ് ഋതുമതിയാവുക എന്നു പറയുന്നത്. ഈ നിമിഷം മുതൽ ഏതാനും നാളുകളിലേയ്ക്ക് അവൾ അശുദ്ധയായതായി കണക്കാക്കപ്പെടുന്നു, വാസസ്ഥലത്തുനിന്നും മാറ്റപ്പെടുന്നു. അശുദ്ധിനീക്കി സ്വവാസസ്ഥാനത്തേയ്ക്ക് വീണ്ടും പ്രവേശിക്കുന്ന ചടങ്ങാണ് ഋതു മതിക്കല്യാണം. ഋതുമതിയായ പെൺകുട്ടി ഉടൻതന്നെ സ്വന്തം വീട്ടിൽ നിന്ന് മാറി ദൂരെയെവിടെയെങ്കിലും ഒളിച്ചിരിക്കണം. തുടർന്നവളെ "അയിത്തപ്പുര" യിലേയ്ക്ക് നയി

ക്കാൻ അയൽക്കാരേയോ സുഹൃത്തുക്കളായ സ്ത്രീകളെയോ ഏർപ്പാടാക്കും. നിശ്ചിതദിവസത്തിനുശേഷം ആചാരപ്രകാരമുള്ള സ്ഥാനത്തിനും അനുഷ്ഠാനപ്രക്രിയകൾക്കും ശേഷം സ്വന്തം വീട്ടിലേയ്ക്ക് പ്രവേശിക്കപ്പെടുന്നു. മിക്ക ആദിവാസികളും ഒരു പ്രത്യേകപുര തന്നെ വീടിനു പുറകിലായി നിർമ്മിച്ചിരിക്കും. അതാണ് 'അയിത്തപ്പുര'. അയിത്തപ്പുരയിലിരിക്കുന്ന അവളെ പുരുഷന്മാർ കാണാൻ പാടില്ല. പുരുഷനെ കണ്ടുപോയാൽ അയിത്തപ്പുരയിൽ കഴിയേണ്ട നാളുകളുടെ എണ്ണം കൂടും. സ്ത്രീ ശാരീരികമായും മാനസികമായും പുരുഷനിൽ നിന്നും മാറ്റി നിർത്തുന്ന പ്രക്രിയയുടെ തുടക്കമാണിതെന്നു പറയാവുന്നതാണ്. ഇനിമുതൽ പുരുഷനെ കരുതിയിരിക്കേണ്ടതാണ് എന്നതോന്നൽ സ്ത്രീയിൽ ശരിക്കുമുണ്ടാകുന്നത് ഈ ചടങ്ങിനു ശേഷമാണ്. ഒരു പെൺകുട്ടി പ്രത്യുൽപ്പാദന സന്നദ്ധയായിരിക്കുന്നുയെന്ന് വിളംബരം ചെയ്യുന്ന ആചാരമാണിതെന്നു പറയാം. പ്രകൃതിയോട് പടപൊരുതി വംശം നിലനിർത്തേണ്ടത് അന്നത്തെ വെല്ലുവിളിയായിരുന്നതുകൊണ്ടു തന്നെ സാഹചര്യം സൃഷ്ടിച്ച ഒരു ആചാരമാണിത്.

ഏറ്റുമാറ്റ്

ഒരു കുടുംബത്തിൽ പ്രസവമോ മരണമോ, തീണ്ടാരിയോ ഉണ്ടായാൽ അശുദ്ധി ബാധിക്കുമെന്ന വിശ്വാസത്തിൽ അത് മാറ്റാൻ നടത്തുന്ന ആചാരത്തിന് പറയുന്ന പേരാണ് ഏറ്റുമാറ്റ്. പുല ബാധിച്ച കുടുംബക്കാരെ സമൂഹത്തിലേയ്ക്ക് തിരിച്ചെടുക്കുന്ന ചടങ്ങാണ് ഏറ്റ്. ആർത്തവദിവസങ്ങളിൽ സ്ത്രീകളെ കിണർ, തുളസി തുടങ്ങിയവ സ്പർശിക്കാതെ പ്രത്യേകമുറിയിൽ പ്രവേശിപ്പിച്ച് നാലാം നാൾ കുളിച്ച് വണ്ണാൻ ജാതിയിലെ സ്ത്രീ നൽകുന്ന മാറ്റ് വസ്ത്രം ധരിച്ച് അശുദ്ധി മാറ്റുന്ന ചടങ്ങാണ് മാറ്റ്. ഇത്തരം ഒരു ആചാരത്തിന്റെ ഉത്ഭവം സ്ത്രീയ്ക്ക് പരിപൂർണ്ണ വിശ്രമം ഈ ദിവസങ്ങളിൽ നൽകുകയെന്ന രീതിയാണെങ്കിലും മാറിവന്ന കാലം അവരെ സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്നൊഴിച്ചു നിർത്താനും സമൂഹത്തെ ജാത്യാധിഷ്ഠിത തട്ടുകളിലുറപ്പിക്കാനും ഉപയോഗിച്ചു എന്നതാണ് യാഥാർത്ഥ്യം.





വിവാഹവുമായി ബന്ധപ്പെട്ട ആചാരാനുഷ്ഠാനങ്ങൾ

ആദിവാസികൾക്കിടയിൽ സ്ത്രീപുരുഷബന്ധം ആരംഭിക്കുന്നത് ഇന്നുള്ളതുപോലെ വ്യവസ്ഥാപിതമായ സമൂഹസമ്മതത്തോടെയുള്ള ഒരു ഇടപാടിലൂടെയല്ലായിരുന്നു. പെണ്ണിനെ തട്ടിക്കൊണ്ടുപോയി ഒന്നിച്ചുള്ള ജീവിതം, ഉഭയസമ്മതത്തോടെ രണ്ടുപേരും ഒളിച്ചോടിയുള്ള ജീവിതം ഇത്തരത്തിലായിരുന്നു ആദിവാസികളുടെ വിവാഹസമ്പ്രദായങ്ങൾ. ഇത്തരം പ്രവണതയ്ക്ക് അവർ കണ്ടെത്തിയ പരിഹാരമാർഗ്ഗം ഇവയ്ക്ക് സാമൂഹികാംഗീകാരം നേടിക്കൊടുക്കുക എന്നുള്ളതാണ്. അതുകൊണ്ടായിരിക്കാം ചില ആദിവാസിവിഭാഗങ്ങൾ ഇതൊരു വിവാഹച്ചടങ്ങിന്റെ മുന്നോടിയായി കണക്കാക്കപ്പെട്ടുപോരുന്നത്. വിവാഹം ചെയ്യാനുദ്ദേശിക്കുന്ന പെണ്ണിനെ ചെറുക്കനും, ചെറുക്കന്റെ ആൾക്കാരും ചേർന്ന് തട്ടിക്കൊണ്ടുപോകുകയും തുടർന്ന് പെണ്ണിന്റെ ആൾക്കാർ പെണ്ണിനെ കണ്ടെത്തുകയും ചെയ്യുന്നു. തുടർന്ന് പെണ്ണിനെ മൂപ്പന്റെ മുന്നിൽ നിർത്തി യഥാർത്ഥ വിവാഹത്തിനുള്ള ഒരുക്കങ്ങൾ ചെയ്യുന്നതാണ് ഈ സമ്പ്രദായം. ഒളിച്ചോട്ടം സ്വന്തം ജാതിയിൽപ്പെട്ട സ്ത്രീപുരുഷന്മാർ ആണെങ്കിൽ മാത്രമേ സാമൂഹികാംഗീകാരം നേടിയെടുക്കാൻ സാധിക്കുകയുള്ളൂ.

ആദിവാസികൾക്കിടയിലെ ഒരു വിവാഹസമ്പ്രദായമാണ് 'മാറ്റക്കല്യാണം'. ഒരുകുടുംബത്തിലെ ആണും പെണ്ണുമായി വിവാഹത്തിലേർപ്പെടുന്നതാണ് മാറ്റക്കല്യാണം. പെണ്ണ് മാത്രമോ, ആണ് മാത്രമോ ഉള്ള കുടുംബത്തിൽ വിവാഹം നടക്കുകയില്ലയെന്നതാണ് ഇതിന്റെ ദൂഷ്യം. പരിഷ്കൃതസമൂഹത്തിലെ സ്ത്രീയെപ്പോലെ മാതാപിതാക്കൾക്കോ, കുടുംബത്തിനോ, സമൂഹത്തിനോ ബാധ്യതയില്ലെന്ന് തെളിയിക്കുന്ന ആചാരങ്ങളും, അനുഷ്ഠാനങ്ങളുമാണ് അവിടെ നടക്കുന്നത്. ആദിവാസികൾക്കിടയിൽ സ്ത്രീധന സമ്പ്രദായം ഉണ്ടായിരുന്നില്ല. സ്ത്രീയെതന്നെ ധനമായി കാണുന്നവരാണവർ. അതിനാൽ സ്ത്രീയുടെ മാതാപിതാക്കൾക്ക് പുരുഷനോ സ്ത്രീയുടെ മാതാപിതാക്കൾക്ക് പുരുഷനോ പുരുഷന്റെ വീട്ടികാരോ ധനം നൽകുന്ന സമ്പ്രദായമാണുള്ളത്. അധ്വാനം

നൽകി പെണ്ണിനെ സ്വന്തമാക്കുന്ന സമ്പ്രദായമാണ് 'സേവനകല്യാണം'. സേവനകല്യാണത്തിലൂടെ പുരുഷന്റെ ശാരീരികയോഗ്യതയെയാണ് പരീക്ഷിക്കപ്പെടുന്നത്. പുരുഷന്റെ ശാരീരിക യോഗ്യത ബോധ്യപ്പെട്ടാലേ വിവാഹം നടക്കുകയുള്ളൂ. സ്ത്രീയ്ക്ക് പുരുഷനെ നിരീക്ഷിക്കാനും നിയന്ത്രിക്കാനുമുള്ള അവകാശം വകവെച്ച് കിട്ടുന്ന ഒരു സമ്പ്രദായമാണിത്. ചെറുക്കന്റെ മാതാപിതാക്കൾ പെണ്ണിന്റെ വീട്ടിൽ താമസിച്ച് പെണ്ണിന്റെ സ്വഭാവം നിരീക്ഷിച്ച് തൃപ്തി വന്നെങ്കിൽ മാത്രം വിവാഹത്തിന് സമ്മതം കൊടുക്കുന്ന മറ്റൊരു വിവാഹസമ്പ്രദായവുമുണ്ട്. കുറുമർക്കിടയിൽ വിചിത്രമായ ഒരാചാരമാണ് നിലനിൽക്കുന്നത്. ചെറുക്കന്റെ വീട്ടുകാർ പെണ്ണിനെക്കൊണ്ട് സമ്മതം അറിയിക്കുമ്പോൾ കുറച്ചു പണവും കൊടുക്കണം. ഈ പണം കൊണ്ട് അരിയും സാമാനങ്ങളും വാങ്ങി ഭക്ഷണമുണ്ടാക്കി കഴിച്ച് ഉറങ്ങാൻ കിടക്കും. അന്ന് വീട്ടുടമസ്ഥൻ കാണുന്ന സ്വപ്നത്തിനനുസരിച്ചായിരിക്കും വിവാഹനിശ്ചയം നടക്കുന്നത്. ഒരിടത്ത് സ്ത്രീമേധാവിത്വത്തിന്റെയും മറ്റൊരിടത്ത് പുരുഷമേധാവിത്വത്തിന്റെയും സൂചനകളാണ് ഇത്തരം ആചാരങ്ങളിൽ പ്രതിഫലിക്കുന്നത്. പുരുഷന് ധനം നൽകുന്ന സ്ത്രീധനസമ്പ്രദായം ഇല്ലെങ്കിലും സ്ത്രീയ്ക്ക് ധനം കൊടുത്ത് വിവാഹം ചെയ്യുന്ന സമ്പ്രദായവും ദുരാചാരം തന്നെയാണ്. സ്ത്രീ കേവലമൊരു വിൽപ്പനച്ചരക്കായി തീരുന്നുവെന്നാണ് അതിൽ നിന്ന് മനസ്സിലാക്കേണ്ടത്. പുരുഷാധികാരം തന്നെയാണ് ഇവിടെയും വിജയിക്കുന്നത്. എന്നിരുന്നാൽ പോലും പരിഷ്കൃതസമൂഹത്തിലെ സ്ത്രീയെക്കാൾ ആദിവാസിസ്ത്രീകൾക്ക് പുരുഷന്റെമേൽ നിയന്ത്രണാധികാരം ഉണ്ടെന്നതാണ് വാസ്തവം.

ആദിവാസികളുടെയിടയിൽ ഒരു കുടുംബം പുലരണമെങ്കിൽ ആണിന്റെയും പെണ്ണിന്റെയും അധ്വാനം അനിവാര്യമായിരുന്നു. ഭക്ഷണസമ്പാദനം പോലെയുള്ള ചിലയിടങ്ങളിലൊക്കെ സ്ത്രീകൾക്ക് മേധാവിത്വം കിട്ടിയിട്ടുണ്ട്. ആദിവാസിസമൂഹം സ്ത്രീയുടെ മേധാവിത്വത്തെ യുക്തിയോടെ കണ്ടു എന്നതിന്റെ പ്രതീകമായിട്ടാണ് സ്ത്രീയ്ക്ക് ധനം വിവാഹസമ്പ്രദായമായി നൽകുന്നത്. പരിഷ്കൃതസമൂഹത്തിലെ ഒരു പുരുഷൻ ഉദ്യോഗ





സ്ഥയായ സ്ത്രീയെ വിവാഹംകഴിക്കുമ്പോൾ പുരുഷന്റെ വീട്ടുകാർക്കുണ്ടാവുന്ന നേട്ടത്തിന് തുല്യമാണ് അധ്വാനിക്കുന്ന ഒരു പെൺകുട്ടിയെ വിവാഹംകഴിക്കുമ്പോൾ ആദിവാസികൾക്കിടയിലെ വരന്റെ വീട്ടുകാർക്കുണ്ടാവുന്നത്. അതുകൊണ്ടായിരിക്കാം ആദിവാസികൾ സ്ത്രീയെ ധനമായി കണക്കാക്കുന്നത്.

ബലിക്കള

ഉത്തരകേരളത്തിലെ സ്ത്രീകളുമായി ബന്ധപ്പെട്ട മറ്റൊരാചാരമാണ് ബലിക്കള. ഗർഭിണിയുടെ അഞ്ചാം മാസത്തിൽ ഭർതൃവീട്ടിൽ വച്ചും ഏഴാം മാസത്തിൽ പിതാവിന്റെ വീട്ടിൽ വച്ചും ബലിക്കള നടത്തുന്നു. ഡോക്ടറും ചികിത്സയുമില്ലാത്ത കാലത്ത് സ്ത്രീയുടെ പ്രസവാദികാര്യങ്ങളിൽ ദൈവികപരിവേഷമുള്ള സ്ത്രീശക്തിയിലുള്ള വിശ്വാസമാണ് ഇത്തരമൊരു ആചാരത്തിന് പിന്നിലുള്ളത്. ബലിക്കള ഏത് ഗൃഹത്തിൽ വച്ച് നടത്തുന്നുവോ അതിന്റെ മുറ്റത്ത് വാഴത്തട, മുള, കുരുത്തോല എന്നിവകൊണ്ട് ക്ഷേത്രങ്ങളുണ്ടാക്കി അതിനു മുന്നിൽ ഉർവ്വരതയുടെ പ്രതീകമായ നെല്ലും അരിയും പുഷ്പങ്ങളും വച്ച് ആ വീടിന്റെ കോലായിൽ ഉമിക്കരി പരത്തി പല വർണ്ണങ്ങളിലുള്ള പൊടികളാൽ ഭദ്രകാളിയുടെയും മറ്റും രൂപങ്ങളുണ്ടാക്കും. അന്ന് വരുന്നവർക്കൊക്കെ സദ്യ നൽകിയശേഷം ഗർഭിണിയെ ആ രൂപത്തിന്റെ മുന്നിലിരുത്തും. അവൾക്കഭിമുഖമായി കുറെ വണ്ണാൻമാർ ഇരുന്നു തളികമേൽ കോൽകൊണ്ട് തട്ടി ശബ്ദമുണ്ടാക്കി തോറ്റം ചൊല്ലും. പുലരുംവരെ ഒരു സ്ത്രീ തിരികത്തിച്ച് ഗർഭിണിയുടെ മാറിൽ ഉഴിഞ്ഞു കൊണ്ടേയിരിക്കും. ഉഷസ്സിനടുത്താൽ ദേവതകളെ മടക്കി അയയ്ക്കുയാണെന്ന ഭാവത്തിൽ ക്ഷേത്രം വലം വയ്ക്കുകയും ചെയ്യുന്നു.

പുളികുടി

ഗർഭിണിക്ക് മാനസികധൈര്യം നൽകുന്നതോടൊപ്പം ശരീരസുഖവും പ്രദാനം ചെയ്യുന്നതിനുവേണ്ടി നടത്തുന്ന മറ്റൊരാചാരമാണ് 'പുളികുടി'. ഗർഭിണിയുടെ അഞ്ചാം മാസത്തിൽ അഞ്ച് തരത്തിലുള്ള പുളിയുടെ നീരെടുത്ത് സേവിപ്പിക്കുന്ന ചടങ്ങ് ഗർഭിണി

യുടെ ശാരീരിക അസ്വാസ്ഥ്യങ്ങൾക്കെതിരായ മുൻകരുതലായി കണക്കാക്കാം. ഗർഭത്തിന്റെ ഉത്തരവാദിത്തം പുരുഷൻ ഏറ്റെടുക്കുന്ന ചടങ്ങായും പുളികുടിയെ വിലയിരുത്തുന്നു. പുളിയിലയും കൊടും പുളി, അമ്പാഴപ്പുളി, ആരമ്പുളി, പറച്ചികപുളി എന്നിവയുടെ ഇലകളും ഇടിച്ചു പിഴിഞ്ഞ് നീരെടുത്ത് ആ നീരിൽ അരിയിട്ട് വേവിച്ച കഞ്ഞി ഗർഭിണിക്ക് കൊടുക്കുന്ന ‘പുളികുടി’ ചടങ്ങ് ഗർഭിണിക്ക് പ്രസവം സുഗമമാക്കുന്ന ഔഷധവീര്യം നൽകുന്നുവെന്നാണ് ഉത്തരകേരളത്തിലെ ആദിവാസികൾക്കിടയിലെ വിശ്വാസം.

ഒരുകാലത്ത് ഉത്തരകേരളത്തിൽ നിലനിന്നിരുന്ന ആചാരങ്ങളുടെയും അനുഷ്ഠാനങ്ങളുടെയും ഉറവിടം സ്ത്രീയ്ക്ക് നൽകിയിരുന്ന ഉന്നതപദവിയിൽ നിന്നും ഉത്ഭവിച്ചതാകാം. സംസ്കാരത്തിന്റെ ഒഴിച്ചുകൂടാനാവാത്ത വിധിനിയമങ്ങൾ എന്ന നിലയിലാണ് ഇത്തരം അനുഷ്ഠാനങ്ങളെ ആചരിക്കപ്പെട്ടിരുന്നത്. സാംസ്കാരിക വളർച്ചയുടെ വിവിധ കാലഘട്ടങ്ങളിൽ സ്ത്രീപദവി ഉന്നതിയിൽ നിന്നും താഴോട്ടുള്ള ഒരു അധഃപതനമാണ് ആചാരാനുഷ്ഠാനങ്ങളുടെ തുടക്കത്തിൽ കാണാൻകഴിഞ്ഞത്. ഉത്ഭവം മഹത്തായ ലക്ഷ്യത്തിനുവേണ്ടിയാണെങ്കിലും സമൂഹത്തിന്റെ വേഗത്തിലുള്ള ഒഴുക്കിൽപ്പെട്ട് ഇത്തരത്തിലുള്ള ശുദ്ധചിന്താഗതികൾ ഒരു പ്രത്യേക കാഴ്ചപ്പാടിലേയ്ക്ക് ചുരുങ്ങിയതായി കാണാവുന്നതാണ്. എന്നാൽ അത് സ്ത്രീയെ പ്രതികൂലമായി ബാധിക്കുന്നതായിരുന്നു. എങ്കിലും പല സ്ഥലത്തും സ്ത്രീയും പ്രകൃതിയും ഒറ്റക്കെട്ടായി വർത്തിക്കുന്ന ഘട്ടങ്ങൾ ഈ ആചാരാനുഷ്ഠാനങ്ങളിലും പുലർത്തുന്നത് ശ്രദ്ധാർഹമാണ്.

### കളംപാട്ട്

ഉത്തരകേരളത്തിൽ പ്രാചീനകാലം മുതൽ നിലനിന്നിരുന്ന അനുഷ്ഠാനമാണ് കളംപാട്ട്. പണ്ടുകാലത്ത് ഗ്രാമീണസ്ത്രീകളുടെ ഗർഭരക്ഷയ്ക്കായി നടത്തിവന്നിരുന്ന കളമെഴുത്തും പാട്ടും ചിത്രകലയും സംഗീതവുമൊക്കെ കൂടിചേരുന്നതിനോടൊപ്പം പ്രകൃതിജന്യമായ വർണ്ണങ്ങളും പൊടികളും സമന്വയിക്കുന്നതായിരുന്നു.





സുഖപ്രസവത്തിനായി ദേവീദേവൻമാരെ പ്രീതിപ്പെടുത്താനും ഒപ്പം സ്ത്രീകളിൽ കുടിയേറിയിരിക്കുന്നുവെന്ന് വിശ്വസിക്കുന്ന ഭൂതപ്രേതാദികളെ ഉച്ചാടനം ചെയ്യാനുമാണ് ഇത്തരം കർമ്മം അനുഷ്ഠിക്കുന്നത്. സ്ത്രീകൾക്ക് ആത്മവിശ്വാസവും ഐശ്വര്യവും നൽകി സുഖപ്രസവത്തിനായി മാനസികധൈര്യം നൽകുന്ന ഒരു അനുഷ്ഠാനമാണിത്. മനുഷ്യമനസ്സിലെ അജ്ഞതയെ കഴുകിക്കളയുന്ന മന്ത്രസമാനമായ ഒരു അനുഷ്ഠാനമാണിത്. പേടിച്ചു വിറച്ചിരിക്കാനുള്ള കാരണങ്ങൾ സ്വയം മനുഷ്യമനസ്സുണ്ടാക്കുന്നതുപോലെ ഭയത്തെ അതിജീവിക്കാനും ശക്തി പ്രദാനംചെയ്യാനും ഇത്തരം അനുഷ്ഠാനങ്ങൾക്ക് സാധ്യമാണ്. അതിന് സവിശേഷമായ ഒരു സാഹചര്യമൊരുക്കി മനുഷ്യമനസ്സിനെ സ്വയം നിയന്ത്രിക്കാനും മനോധൈര്യം ഉണ്ടാക്കാനും പരമ്പരാഗതമായ ഇത്തരം ആചാരാനുഷ്ഠാനങ്ങൾക്ക് സാധിക്കുന്നു. ശാസ്ത്രസാങ്കേതികരംഗത്ത് വേണ്ടത്ര സൗകര്യങ്ങളും ചികിത്സാ മാർഗ്ഗങ്ങളും ഇല്ലാത്ത ഒരു സമൂഹത്തിൽ ജൈവീകമായ ചോദനകളെ അതിജീവിക്കുവാനും പ്രതികൂലസാഹചര്യങ്ങളെ തരണംചെയ്യാനും ഇത്തരം സംഹിതകൾക്ക് സാധിച്ചിരുന്നു എന്നതാണ് യാഥാർത്ഥ്യം.

### പെണ്ണാട്ടങ്ങൾ

മലയരയർ, മന്നാൻ, കുറുമ്പർ, അടിയർ എന്നീ വിഭാഗങ്ങളിലാണ് പെണ്ണാട്ടങ്ങൾ നിലനിൽക്കുന്നത്. യൗവ്വനാരംഭത്തോടും പ്രസവത്തോടും അനുബന്ധിച്ചുള്ള ചടങ്ങുകളുടെ ഭാഗമായും നല്ല വരനെ ലഭിക്കുന്നതിന് വേണ്ടിയുമാണ് പെണ്ണാട്ടങ്ങൾ നടത്തിയിരുന്നത്. മന്നാൻമാരുടെ ‘കന്നിയാട്ടം’ മലയരയന്മാരുടെ ‘മുടിയാട്ടം’, ‘ത്ലാംകുളി’, അടിയരുടെ ‘സോപാനപ്പാട്ട്’ കുറുമ്പരുടെ ‘മുടിയാട്ടം’ എന്നിവയാണ് ആദിവാസികൾക്കിടയിലെ പ്രധാന പെണ്ണാട്ടങ്ങൾ. ഇവിടെ പുരുഷന്മാരുടെ സ്ഥാനം ആട്ടക്കളത്തിന് പുറത്തായിരിക്കും. അത്തരത്തിൽ പുരുഷന്റേതുമാത്രമായ ഒരന്തരീക്ഷം അവതരണത്തറയിൽ രൂപപ്പെടുകയാണ് ചെയ്യുന്നത്.

### മുടിയാട്ടം

മലയരയന്മാരുടെയും, കുറുമ്പരുടെയും മുടിയാട്ടത്തിന് വലിയ വ്യത്യാസങ്ങളൊന്നുമില്ല. ദൈവപ്പുരയ്ക്കു മുന്നിലാണ്

ഇത് നടത്തുന്നത്. തറയിൽ വിരിച്ചിരിക്കുന്ന ഇലയിൽ ആട്ടക്കാരായ സ്ത്രീകൾ മുടിയഴിച്ച് നിരന്നിരിക്കും. പാട്ടുകൾ പാടുന്നത് സ്ത്രീകൾ തന്നെയാണ്. ദൈവഭക്തിയുടെ പരമ്പരാഗത ഗാനങ്ങൾ പാരമ്യതയിലാകുന്നതോടെ ആട്ടക്കാരുടെ ആത്മനിയന്ത്രണം വിട്ടുപോകുകയും അവർ തല ചുഴറ്റിയും അർദ്ധവൃത്താകൃതിയിൽ ചലിച്ചുംകൊണ്ട് മുടിയാട്ടം നടത്തുന്നു. ബോധക്ഷയം സംഭവിച്ചു വീഴുന്നതുവരെ ഇത് തുടർന്നുകൊണ്ടേയിരിക്കും. വ്രതമെടുത്തതിനു ശേഷം മാത്രമാണ് സ്ത്രീകൾ മുടിയാട്ടത്തിൽ പങ്കെടുക്കാറുള്ളത്.

ത്ലാംകുളി

ആദിവാസി സമൂഹങ്ങൾക്കിടയിലെ മലയരയന്മാരുടെ തനതായ ഒരനുഷ്ഠാനമാണ് 'ത്ലാംകുളി'. അവിവാഹിതരായ സ്ത്രീകളാണ് ഇത് നടത്തുന്നത്. അനുയോജ്യനായ ഭർത്താവിനെ ലഭിക്കുന്നതിനുവേണ്ടിയാണ് കന്യകമാർ ഏഴുദിവസത്തെ വ്രതമെടുത്ത് ഈ അനുഷ്ഠാനം നിർവ്വഹിക്കുന്നത്. ഊരിന് സമീപത്തുകൂടിയൊഴുകുന്ന പുഴയിലെ കയങ്ങളുടെ ഭാഗത്ത് ത്ലാംകുളിയുടെ ആദ്യഘട്ടം അവതരിപ്പിക്കുന്നു. കന്യകമാർ പുഴയിലിറങ്ങി നെഞ്ചോളം വെള്ളത്തിൽ വൃത്താകൃതിയിൽ നിൽക്കുന്നു. ഇവരുടെ മധ്യത്തിൽ പുഴവെള്ളത്തിനുമീതെ തൂശനില വിരിച്ച് അതിൽ പൂക്കൾ വെച്ചിട്ടുണ്ടാകും. തുടർന്ന് കരയിൽ നിൽക്കുന്ന സ്ത്രീകൾ പാട്ട് ആരംഭിക്കും. പാട്ടിനനുസരിച്ച് തൂശനിലയിലെ പൂക്കൾ പ്രാർത്ഥനയോടെ വെള്ളത്തിലേക്കെറിയും. അതിനു ശേഷം എല്ലാവരും പുഴയിൽ മുങ്ങി കരയ്ക്കു കയറി കുടിയിലേയ്ക്ക് മടങ്ങുന്നു.

കന്നിയാട്ടം

മന്നാൻമാരുടെ രംഗാവതരണമായ കൂത്തിനോട് അനുബന്ധിച്ചാണ് സ്ത്രീകളുടെ 'കന്നിയാട്ടം' അനുഷ്ഠിക്കപ്പെടുന്നത്. കന്നിയാട്ടം നടക്കുമ്പോൾ നിർവ്വഹണക്കളത്തിലെ മറ്റ് നർത്തകരെല്ലാം ഒരരികിലേയ്ക്ക് പിൻവാങ്ങുന്നതായി കാണാം. നൃത്തം അതിന്റെ പാരമ്യതയിലെത്തുമ്പോൾ നർത്തകർ സമീപത്തെ ആഴിയിൽ നിന്നും തീക്കനൽ വാരിയെറിയും. ദൈവത്തിന് അർപ്പി





ക്കുന്ന പൂക്കളായാണ് ഇവിടെ കനലുകളെ സങ്കല്പിക്കുന്നത്. മന്നാൻമാർ 'തീയാട്ടം' എന്ന് വിളിക്കുന്ന ഇതിന്റെ അവതരണത്തോടെ സ്ത്രീകൾ സാധാരണ നിലയിലേക്കെത്തുകയും സാവധാനം കുരവയിടുകയും ചെയ്യുന്നു. ഇതിന് സമാന്തരമായി മറ്റ് നർത്തകർ രംഗവേദിയിലെത്തി തുടരുകയും ചെയ്യുന്നു.

സോപാനപ്പാട്ട്

അടിയർക്കിടയിൽ പെൺകുട്ടികളുടെ യൗവ്വനാരംഭത്തോടനുബന്ധിച്ച് അനുഷ്ഠിച്ചിരുന്നതാണ് സോപാനപ്പാട്ട്. വിവാഹാഘോഷത്തിന്റെ ഭാഗമായി അവതരിപ്പിക്കുന്ന ഈ കലാരൂപം യൗവ്വനാരംഭവേളയിൽ നിർവ്വഹിക്കുമ്പോൾ അതിന് അനുഷ്ഠാനപരമായ ഒരു തലം കൂടി കൈവരുകയാണ്. വയസ്സറിയിക്കുന്ന പെണ്ണിനെ പരമ്പരാഗതമായ എല്ലാ ആചാരങ്ങൾക്കും വിധേയമാക്കിയതിനു ശേഷം വീട്ടുമുറ്റത്തിരുത്തി സോപാനപ്പാട്ട് നടത്തുന്നു. മല ദൈവപ്രീതിക്കായുള്ള പാട്ടുകൾക്കുശേഷം പെൺകുട്ടിയെ ദിക്കുതിരിച്ച് നിർത്തി ബാധകളെല്ലാം ഉഴിഞ്ഞുകളയുന്നതോടെ സോപാനപ്പാട്ട് പൂർത്തിയാകുന്നു. തുടർന്ന് സ്ത്രീകൾ ചേർന്ന് പെണ്ണിനെ കാട്ടുചോലയിൽ കൊണ്ടുപോയി കുളിപ്പിച്ച് വീട്ടിനുള്ളിൽ കയറ്റും.

തോറ്റംപാട്ട്

ഉത്തരകേരളത്തിൽ ശിക്ഷകനായും രക്ഷകനായും ഒരേ സങ്കല്പത്തിൽ നിലനിർത്തുന്ന വിശ്വാസ്യതയാണ് തെയ്യത്തിന്റെ ആവിഷ്കാരത്തിന്റെ പിന്നിലുള്ളത്. ആചാരവും അനുഷ്ഠാനവും നൃത്തവും ഒന്നിക്കുന്ന പൂർണ്ണമായ ഒരു കലാരൂപമാണ് തെയ്യം. ഭക്തീഭാവനയും സാമൂഹികാവബോധവും ഇടകലർന്ന പ്രചോദനമാണ് ഇതിന്റെ സൃഷ്ടിക്കു പിന്നിലുള്ളത്. ദേവതയെ വിളിച്ചുവരുത്താൻ ഉപയോഗിക്കുന്നതും ദേവതാചരിത്രം പ്രകീർത്തിക്കുന്നതുമായ അനുഷ്ഠാനമാണ് തെയ്യത്തോറ്റം. ദേവതാചൈതന്യം മനുഷ്യശരീരത്തിൽ ആവേശിച്ച് വെളിപ്പെടുന്നത് തോറ്റംപാട്ടിന്റെ അവസാനത്തിലാണെന്നത് പ്രത്യേകം ശ്രദ്ധാർഹമാണ്. ഉത്തരകേരളത്തെ സംബന്ധിച്ചിടത്തോളം തുലാം പത്തുമുതൽ ഇടവപ്പാതിവരെ വാദ്യ

മേളങ്ങളുടെയും തോറ്റംപാട്ടുകളുടെയും ഉണർത്തുപാട്ടുമായി കാവുകളിൽ തെയ്യാട്ടത്തിന്റെ ഉണർത്തുത്സവങ്ങളാണ്. പ്രപഞ്ചശക്തിയിലുള്ള വിശ്വാസം ഉത്തരകേരളത്തെ സംബന്ധിച്ചിടത്തോളം സ്ത്രീതെയ്യങ്ങൾക്ക് നൽകിയിരിക്കുന്ന പ്രാധാന്യത്തിൽനിന്ന് മനസ്സിലാക്കാവുന്നതാണ്. എണ്ണത്തിലും സ്ത്രീതെയ്യങ്ങളാണ് കൂടുതലുള്ളത്. 'ഇണങ്ങിയാൽ പൊട്ട് പിണങ്ങിയാൽ വെട്ട്' എന്ന നാടൻ ചൊല്ല് ഉത്തരകേരളത്തിലെ സ്ത്രീതെയ്യങ്ങൾക്കാണ് കൂടുതൽ യോജിക്കുന്നത്. കോലത്തുനാടിന്റെ സവിശേഷസാഹചര്യങ്ങൾ സ്ത്രീതെയ്യങ്ങൾക്ക് വളരെയധികം പ്രതോസ്ഹാനം നൽകിയിരുന്നതായി കാണാം. അമാനുഷമായ അമ്മദൈവസങ്കല്പങ്ങളിൽ ഉരുവംകൊണ്ട സ്ത്രീതെയ്യങ്ങളിൽ വലിയൊരുവിഭാഗം ഭഗവതിമാരും കാളിപുരാവൃത്തങ്ങളുമായി ബന്ധപ്പെടുന്നവയാണ്. കുളങ്ങര പാടാർ ഭഗവതി, പണയക്കാട് ഭഗവതി, പ്രമാഞ്ചേരി ഭഗവതി, കാണക്കര ഭഗവതി, ശ്രീകുറുംബഭഗവതി, ചെക്കിപ്പാറ ഭഗവതി, ഏച്ചിക്കുളങ്ങര ഭഗവതി എന്നിങ്ങനെയുള്ള ഭഗവതിമാർ ദേശനാമങ്ങളുമായി ബന്ധപ്പെട്ടുവരുമ്പോൾ കാളി, പുള്ളിക്കരിങ്കാളി, രക്തചാമുണ്ഡി, മടയിൽ ചാമുണ്ഡി, മേച്ചേരി ചാമുണ്ഡി, കല്ലക്കരി ചാമുണ്ഡി എന്നിങ്ങനെയും ഇനം തിരിച്ച് കെട്ടിയാടുന്നു.

സമൂഹത്തിന്റെ നിഷ്കരുണവും കരാളവുമായ ക്രൂരതയ്ക്ക് വിധിയാകേണ്ടിവന്ന വീരവനിതകളുടെ ദേവതാവിഷ്കാരം സമൂഹത്തിന്റെ പ്രതിരോധമന്ത്രമായി മാറുന്നത് ഗ്രാമദേവതമാരുടെ തെയ്യാട്ടത്തിൽ ദർശിക്കാവുന്നതാണ്. മുച്ചിലോട്ട് ഭഗവതി, തോട്ടുംകര ഭഗവതി, മാക്കപ്പോതി, ചോന്നമ്മ, കരുമാൾ ഭഗവതി എന്നിവർ പ്രതിരോധത്തിന്റെ നാടൻ ആവിഷ്കാരങ്ങളാണ്. സമൂഹത്തിന്റെ നീതിബോധത്തിന് നിരക്കാത്ത ഏതെങ്കിലും അധമപ്രവൃത്തികൊലപാതകത്തിലേക്ക് നയിക്കുമ്പോൾ അവയോടുള്ള പ്രതികരണം എന്ന നിലയിൽ ഓരോ തെയ്യക്കോലവും ഉണ്ടായിട്ടുണ്ട്. എഴുത്തുപള്ളിയിൽ വെച്ചുണ്ടായ വാദപ്രതിവാദത്തിൽ രതിയാണ് ഏറ്റവും വലിയ സുഖമാണെന്നും പ്രസവവേദനയാണ് ഏറ്റവും വലിയ വേദനയെന്നും സമർത്ഥിച്ച കന്യകയെ ഭ്രഷ്ട് കൽപ്പിച്ച് ആത്മഹ





ത്യയിലേക്ക് നയിച്ചു എന്ന പുരാവൃത്തമാണ് മുച്ചിലോട്ട് ഭഗവതിക്കുള്ളത്.

സമൂഹത്തിൽ സ്ത്രീ അനുഭവിക്കുന്ന ദുരനുഭവങ്ങൾ സ്ത്രീയുടെ അടിച്ചമർത്തലിന് കാരണമാവുകയും അതിനുള്ള പ്രതിരോധമെന്ന നിലയിൽ സമൂഹത്തിന്റെ തന്നെ സൃഷ്ടിയായി തെയ്യക്കോലങ്ങൾ ഉയരുകയും ചെയ്യുന്നു. സമൂഹത്തിന്റെ അധികാരം കൊണ്ട് പീഡിപ്പിക്കപ്പെട്ട തീയ്യ സ്ത്രീയുടെ രൂപാന്തരപ്പെടലാണ് തോട്ടുംകരഭഗവതി. അവർണ്ണ സ്ത്രീപുത്രദുഃഖം അകറ്റാൻ രാമായണം വായിച്ചതിനെ ചോദ്യം ചെയ്ത അധികാരി അവളുടെ തലയിൽ നെരിപ്പോടുവച്ച് നഗ്നയാക്കി നാടുകടത്തുന്നു. ഇങ്ങനെ മരിച്ചുവീണ സ്ത്രീ തോട്ടുംകരഭഗവതിയായി ഉയർന്ന് ജനമനസ്സുകളിൽ പൊലിപ്പാട്ടുയർത്തുന്നു. ശൈവഭക്തിയുമായി ബന്ധപ്പെട്ടുകൊണ്ട് ഉരുവംകൊണ്ട സ്ത്രീതെയ്യങ്ങളുടെ തോറ്റങ്ങൾ ഭഗവതിതോറ്റം, ചാമുണ്ഡിതോറ്റം, കാളിത്തോറ്റം എന്നിങ്ങനെ അറിയപ്പെടുന്നു. പുതിയ ഭഗവതിതോറ്റം മഹാദേവന്റെ വിഷമമകറ്റാൻ ഹോമകുണ്ഡത്തിൽ നിന്ന് പിറവികൊണ്ട കൂർമ്പയാണെന്ന് തോറ്റംപാട്ടിൽ പറയുന്നു. ഒരു സമൂഹത്തിന്റെ സവിശേഷ ദായക്രമം, ആരാധനക്രമം, ഉൽപ്പാദന വിതരണക്രമത്തിന്റെ സവിശേഷത ഉച്ചനീചത്വങ്ങളുടെയും അനാചാരങ്ങളുടെയും നേരെയുള്ള വിമർശനങ്ങൾ തുടങ്ങിയവ തോറ്റംപാട്ടിൽ പ്രതിഫലിപ്പിക്കുന്നുണ്ട്. പുരാവൃത്തപരാമർശിതമായ പണ്ഡിതസദസ്സും ഭ്രഷ്ടുമൊന്നും തോറ്റംപാട്ടിൽ ഇല്ലെങ്കിലും ഭൂതകാലത്തിന്റെ സാംസ്കാരിക ലോകത്തിലേക്ക് കാലത്തിലൂടെയുള്ള തിരിച്ചുപോക്ക് നടത്താൻ തോറ്റംപാട്ടിലൂടെ ജനമനസ്സിന് സാധിച്ചിട്ടുണ്ട്.

## വിശ്വാസങ്ങൾ, വിലക്കുകൾ

ഓരോ ജനസമൂഹത്തിനും അവരുടേതായ വിശ്വാസങ്ങളുണ്ടാകും. അത് യഥാർത്ഥ വിശ്വാസമോ അന്ധവിശ്വാസമോ ആകാം. ഭൗതികമായി എന്തുതന്നെ മാറ്റങ്ങൾ സംഭവിച്ചാലും തലമുറകളായി സൂക്ഷിച്ചുവരുന്ന ചില വിശ്വാസങ്ങൾ മാറാതെയും മറ്റു ചിലത് കാലോചിതമായ മാറ്റത്തോടെയും നിലനിൽക്കുന്നു.

ഒരു മനുഷ്യന്റെ ജീവിതചര്യ ചിട്ടപ്പെടുത്തുന്നതിൽ വിശ്വാസം വളരെ വലിയ പങ്ക് വഹിക്കുന്നു. "പ്രകൃതിക്ഷോഭവും രോഗവും മരണവുമെല്ലാം ജീവനെടുക്കുന്ന ഘട്ടത്തിൽ മനുഷ്യർ അദൃശ്യശക്തികളിൽ വിശ്വാസമർപ്പിക്കാൻ നിർബന്ധിതനായിത്തീരുന്നു. ഏതൊരു ക്രിയയ്ക്കും അതിന്റെ പിന്നിലൊരു പ്രേരകശക്തിയുണ്ടായിരിക്കണം. ആ പ്രേരകശക്തിയാണ് വിശ്വാസം". ഒരു വ്യക്തിയുടെ സംസ്കാരത്തെയും ജീവിതത്തെയും വിശ്വാസങ്ങൾ സ്വാധീനിക്കുന്നുണ്ട്. യുക്തിയെക്കാളും വൈകാരികമായ അടിത്തറയാണ് വിശ്വാസങ്ങൾക്കുള്ളത്.

ആരാധന, അനുഷ്ഠാനം എന്നിവയെപ്പോലെ ആചാരങ്ങൾക്കും വിശ്വാസങ്ങൾക്കും മതസത്തയിൽ കവിഞ്ഞ വ്യാപ്തിയും പ്രാചീനതയുമുണ്ട്. പ്രകൃതിചോദനകളെ അതിവർത്തിച്ച് തന്റേതായ ഒരു ലോകം കെട്ടിപ്പടുക്കാൻ മനുഷ്യന് മാത്രമേ കഴിഞ്ഞിട്ടുള്ളൂ. പ്രകൃതിപ്രതിഭാസങ്ങളെ എന്നും ഭയത്തോടെയാണ് മനുഷ്യൻ കണ്ടിരുന്നത്. എന്നാൽ പ്രതിഭാസങ്ങളെ വരുതിയിലാക്കാൻ ശക്തിയോടുള്ള ഭയവും ഭയത്തെ അതിജീവിക്കാനുള്ള വിശ്വാസങ്ങളും മനുഷ്യൻ തന്നെയാണ് നിർമ്മിച്ചിട്ടുള്ളത്. വിശ്വാസങ്ങൾ പുലർത്തുന്നതോടൊപ്പം തന്നെ ഭയം തോന്നുന്നവയെ വിലക്കുകളിലൂടെ അകറ്റി നിർത്താനും അവൻ മറന്നില്ല. ഒരു സമൂഹത്തെ നിയന്ത്രിക്കുന്ന പ്രക്രിയയായി വിലക്കുകളും വിശ്വാസങ്ങളും മാറുന്നത് പ്രാചീനകാലത്തുണ്ടായിരുന്ന ജനസമുദായത്തിൽ നമുക്ക് കാണാവുന്നതാണ്. ഈ വിലക്കുകളിലും വിശ്വാസങ്ങളിലും ഏറെ ബന്ധിതയായിരുന്നത് സ്ത്രീകളായിരുന്നു എന്നതാണ് വാസ്തവം.

സമൂഹത്തിന്റെ സുസ്ഥിരമായ നിലനില്പ്പിന് ചില ചട്ടങ്ങളും നിബന്ധനകളും അനിവാര്യമാണ്. പ്രാചീനകാലത്തെ ജനതയെ സംബന്ധിച്ചിടത്തോളം വേണ്ടത്ര സുരക്ഷയും ഭദ്രതയുമില്ലാത്ത ജീവിതത്തിൽ പലതരത്തിലുള്ള അനാശാസ്യങ്ങളെയും നേരിടാൻ വിലക്കുകളും വിശ്വാസങ്ങളും സഹായിച്ചിരുന്നു. കുടുംബത്തെ നിലനിർത്തുന്ന നട്ടെല്ലാണ് സ്ത്രീയെന്നതിനാൽ





കുടുംബജീവിതവുമായി ബന്ധപ്പെട്ട് വിലക്കുകളും വിശ്വാസങ്ങളും കുടുംബത്തിനകത്തും പുറത്തും സ്ത്രീജീവിതവുമായി വളരെയധികം ബന്ധപ്പെട്ടിരുന്നുവെന്ന് കാണാവുന്നതാണ്. പഴയകാലത്ത് പാലിക്കപ്പെട്ടിരുന്ന വിശ്വാസങ്ങളും വിലക്കുകളും ഇന്നത്ര ശക്തമായി തന്നെ നിലനിൽക്കുന്നില്ലെങ്കിലും പഴമയുടെ മനസ്സ് ഇന്നും ശാസനാരൂപത്തിൽ പുതിയ തലമുറയിൽ ചില സ്ഥലങ്ങളിലെങ്കിലും നിലനിൽക്കുന്നുണ്ട്.

ഒരു പെൺകുട്ടിയുടെ ജനനം മുതൽ അവളുടെ നിഴലായി വിലക്കുകളും വിശ്വാസങ്ങളും നിലനിൽക്കുന്നു. പെൺകുട്ടി വലുതായാൽ അവൾ അരുതുകളുടെ ലോകത്ത് പ്രവേശിക്കുകയാണ്. 'പെൺകുട്ടിയുടെ ശബ്ദം മോന്തായം കേൾക്കരുത്' എന്ന വിലക്ക് സ്ത്രീ ശബ്ദം ഉയർന്നുകേട്ടാൽ അവിടെ ഐശ്വര്യം വരില്ല എന്ന വിശ്വാസത്തിൽ നിന്ന് രൂപപ്പെട്ടതാണെന്നു കാണാം. ഇത്തരം വിലക്കുകളിലൂടെ സ്ത്രീയുടെ സാമൂഹികമായ ഇടപെടലുകൾ ആരംഭത്തിൽ തന്നെ നിർത്തുകയാണ് ചെയ്യുന്നത്. പുരുഷൻമാർ വീട്ടിലേയ്ക്ക് കടന്നുവരുമ്പോൾ പ്രായം ചെന്ന സ്ത്രീകൾപോലും എണീറ്റു നിൽക്കണമെന്നത് പുരുഷനെ യജമാനസ്ഥാനത്ത് നിലനിർത്തുന്നതിനുള്ള ഉറപ്പിക്കലാണ്. അതിലാണ് സ്ത്രീയുടെ മഹത്വം കുടികൊള്ളുന്നതെന്ന് പുരുഷൻമാർ തന്നെ പറഞ്ഞിട്ടുണ്ട്. 'ഉയരത്തിലിരുന്ന് കാലാട്ടരുത്' എന്ന വിലക്ക് അത്തരത്തിൽ ചെയ്താൽ അത് സ്ത്രീയുടെ അഹംബോധമാണെന്നും അങ്ങനെയുള്ള ഇടങ്ങളിൽ ഐശ്വര്യം വരില്ല എന്നുമുള്ള വിശ്വാസത്തിലധിഷ്ഠിതമാണ്. ആണുങ്ങൾ സംസാരിക്കുന്ന സമയത്ത് ഇടയിൽ കയറി സംസാരിക്കുന്നതിനും പെണ്ണിന് വിലക്കേർപ്പെടുത്തിയിരുന്നു. പ്രത്യേകിച്ചും കല്യാണനിശ്ചയം, ചാവടിയന്തിരം തുടങ്ങി വിശേഷാവസരങ്ങളിലൊന്നും സ്ത്രീകൾക്ക് അഭിപ്രായ സ്വാതന്ത്ര്യം ഉണ്ടായിരുന്നില്ല.

ഋതുമതിയാകുന്നതോടെ വിലക്കുകളുടെ ലോകത്തേയ്ക്ക് പ്രവേശിക്കുന്ന പെൺകുട്ടികൾ ഇടുങ്ങിയ മനസ്സിന്റെ ഉടമയായി മാറുകയാണ് ചെയ്യുന്നത്. ആർത്തവ സമയത്ത് പടിഞ്ഞാറ്റയിൽ

കയറരുത്, കിണറ് തൊടരുത്, തുളസി, കറിവേപ്പില തുടങ്ങിയ ചെടികൾ തൊടരുത്, നിലവിളക്ക് തൊടരുത്, ആണുങ്ങളെ കാണരുത്, സന്ധ്യാസമയത്ത് പുറത്തിറങ്ങരുത് ഇങ്ങനെ പോവുന്നു വിലക്കുകൾ. 'പട്ടിക്കും തീണ്ടാരിക്കും ഒരു പോലെ ഭക്ഷണം' എന്ന ചൊല്ല് ഇത്തരം വിലക്കുകളിൽ നിന്നുമുണ്ടായതാണ്. സ്ത്രീയ്ക്ക് പരിപൂർണ്ണ വിശ്രമം നൽകുന്നതിനായാണ് ഇത്തരം വിലക്കുകളേർപ്പെടുത്തിയതെങ്കിലും മാറിയ സാഹചര്യത്തിൽ അവൾ വ്യക്തിത്വമില്ലാത്തവളായി പരിഗണിക്കപ്പെട്ടു. സ്ത്രീയുടെ പലതരത്തിലുളള പ്രവൃത്തികൾക്കും വിലക്കുകൾ കല്പിച്ചിരുന്നു. പെൺകുട്ടികൾ ചിരിച്ചും കളിച്ചും നടക്കരുത്, അലസമായി ഇരിക്കരുത്, സന്ധ്യയ്ക്ക് മുടി ചീകരുത്, ഉച്ചത്തിൽ ചിരിക്കരുത് എന്നിങ്ങനെ. ഇങ്ങനെയൊക്കെ ചെയ്താൽ ബാധ, പിശാച് തുടങ്ങിയവ സ്ത്രീയിൽ പ്രവേശിക്കുമെന്ന് പഴയതലമുറ വിശ്വസിച്ചിരുന്നു.

കൃഷിയിടങ്ങളിലും സ്ത്രീകൾക്ക് വിലക്കുകൾ ഏർപ്പെടുത്തിയിരുന്നു. നെല്ലിൽ ഒറ്റക്കാലിൽ നിൽക്കരുത്, പൊലിയുണ്ടാവില്ല എന്നാണ് വിശ്വാസം. മണ്ണും പെണ്ണും തുല്യമാണെന്ന സങ്കല്പത്തിൽ നിന്നാണ് വയലിൽ പുരുഷൻമാരാണ് ആദ്യത്തെ വിത്ത് വിതയ്ക്കുന്നത് എന്ന ആചാരമുണ്ടായത്. 'നാരി മികച്ചിടം നാരകം നട്ടിടം മുടിയും' എന്ന പഴയ ചൊല്ലിലൂടെ സ്ത്രീയെ നേതൃസ്ഥാനത്തേയ്ക്ക് ഉയരാനുള്ള വഴികൾ അടയ്ക്കുകയാണ് ചെയ്യുന്നത്. ഒരു പെണ്ണിനെ സംബന്ധിച്ചിടത്തോളം ഭർത്താവിനെയും വീട്ടുകാരെയും നോക്കുക, പ്രസവിക്കുക, കുട്ടികളെ വളർത്തുക, ഭക്ഷണമുണ്ടാക്കുക എന്നിങ്ങനെ അവളുടെ ജീവിതം കൃത്യതയോടെ പാകപ്പെടുത്തിയെടുക്കുവാൻ നാടൻ ചൊല്ലുകളിലൂടെയും വിലക്കുകളിലൂടെയും ശ്രദ്ധിച്ചിരുന്നു. പകലുറങ്ങാത്ത പൂച്ചയും പകലുറങ്ങുന്ന പെണ്ണും ഒന്നിനും കൊള്ളില്ലെന്ന സങ്കല്പം സമൂഹം വച്ചുപുലർത്തിയിരുന്നു.

മനുഷ്യാവസ്ഥകളിൽ സംഭവിക്കുന്ന മാറ്റങ്ങളെ യുക്തിയുടെ ചരടിൽ ബന്ധിപ്പിക്കാനുളള ശ്രമമാണ് വിശ്വാസത്തിലുള്ളത്. ജീവിതത്തിന്റെ ക്രമമായ കൊഴിഞ്ഞുപോകലിൽ ഏതെങ്കിലും തര





ത്തിൽ തടസ്സം നേരിട്ടാൽ അത് ദോഷം മൂലമാണെന്നും അതിൽ ചിലത് പാരമ്പര്യമായി കിട്ടുന്ന ജന്മദോഷമാണെന്നും പൂർവ്വജന്മത്തോടെ പിൻതുടരുന്ന കർമ്മഫലമാണെന്നും വിശ്വസിക്കപ്പെടുന്നു. എന്നാൽ ചിലത് മനുഷ്യർക്കിടയിൽ തന്നെയുള്ള ദൃഷ്ടിദോഷത്തിന്റെ ഫലമായി ഉണ്ടായതാണെന്ന് വിശ്വസിക്കുന്നവരുമുണ്ട്. അത്തരം ദോഷത്തെ അകറ്റുന്നതിനുവേണ്ടി മന്ത്രവാദവും അതിനു സമാനമായ ചില ക്രിയകളിലൂടെയും പാട്ടുകളിലൂടെയും ഭയത്തെ മോചിപ്പിക്കുകയാണ് ചെയ്യുന്നത്. ഇത്തരത്തിലുളള വിശ്വാസങ്ങൾ അധികവും പ്രചാരത്തിലിരുന്നത് എന്നത് വലിയൊരു വസ്തുതയാണ്. നാവേറ്, കണ്ണേറ്, കൊതിപിടുത്തം എന്നിവ അവയിൽ ചിലതാണ്. നാവേറ് ദോഷമെന്നാൽ ചിലർ പറയുന്ന വാക്കുകൾ അറംപറ്റിയാൽ ദോഷം സംഭവിക്കുമെന്ന വിശ്വാസത്തിൽ നിന്നുണ്ടായതാണ്. മന്ത്രസമാനമായ പാട്ടിലൂടെ നാവേറ് ദോഷത്തെ മാറ്റാൻ സാധിക്കുമെന്നാണ് വിശ്വാസം.

കുട്ടികൾ, ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ തുടങ്ങിയവർക്കാണ് കണ്ണേറുദോഷം പിടിപെടുന്നത്. കൊച്ചുകുട്ടികൾക്ക് മുഖത്ത് സ്ഥാനംമാറി പൊട്ടിടുന്നതും പ്രസവിച്ച സ്ത്രീകൾക്ക് ഭക്ഷണം നൽകുമ്പോൾ മറ്റാരും കാണാതെ നൽകുന്നതും ഇന്നും പ്രചാരത്തിലുള്ള ചില വിശ്വാസങ്ങളെയാണ് കാണിക്കുന്നത്. ഇത്തരം അന്ധവിശ്വാസങ്ങളെ വിശ്വാസത്തിന്റെ ബലമുപയോഗിച്ച് തുരത്തിയെറിഞ്ഞ് ആരോഗ്യമുള്ള ഒരു മനസ്സിനുടമയാക്കുകയെന്ന ചിന്തയാണ് പുതിയ തലമുറ പിൻതുടരേണ്ടത്.

സുരക്ഷയും ഭദ്രതയുമില്ലാത്ത ജീവിതത്തിൽ മറ്റ് പല തരത്തിലുള്ള അനാശാസ്യതകളിൽ നിന്നും രക്ഷപ്പെടുന്നതിനുവേണ്ടി ഇത്തരത്തിലുള്ള വിലക്കുകളും വിശ്വാസങ്ങളും സഹായിച്ചിരുന്നു. കുടുംബത്തിലെ മുതിർന്നവരെ സംബന്ധിച്ചിടത്തോളം വളർന്നുവരുന്ന പെൺകുട്ടികളുടെ ജീവിതം ഭീതി നിറഞ്ഞതാണ്. അത്തരം ചില ഭീതികളും ദാരിദ്ര്യവും ഇല്ലായ്മയുമാണ് ഉത്തരകേരളത്തിലെ സ്ത്രീകളെ ചില വിശ്വാസങ്ങളിലേയ്ക്ക് നയിക്കുന്നത്. പെൺകുട്ടികൾ വളരുംതോറും ഇത്തരം വിശ്വാസങ്ങളെ അവർ പിൻതുടരു

മെന്ന് കരുതിയാണ് പലതരം വിശ്വാസങ്ങളെയും സ്ത്രീയിൽ അടിച്ചേൽപ്പിക്കാൻ പഴയ തലമുറക്കാർ ശ്രമിച്ചത്.

വിലക്കുകൾ പലപ്പോഴും ഏർപ്പെടുത്തുന്നത് സ്ത്രീയുടെ ചര്യകളിൽ നിന്നും വ്യതിചലിച്ചാൽ അവൾക്ക് അപകടം വരുമെന്ന ഭയത്തിൽ നിന്നാണ്. പിന്നീടത് സമൂഹത്തിന്റെ അധികാരമായും സ്ത്രീയുടെ അടിമത്തമായും സമൂഹം വളർത്തിക്കൊണ്ടുവന്നു. ഒരു സ്ത്രീ പിഴച്ചാൽ ശിക്ഷ നൽകുന്ന പാരമ്പര്യവുമുണ്ടായിരുന്നു. ഇത് പാരമ്പര്യമായ ചില വിശ്വാസങ്ങളുടെ പിൻബലത്തിലാണ് രൂപപ്പെട്ടിരിക്കുന്നത്. പെണ്ണ് പിഴച്ചാൽ ഊര് മുടിയും എന്നാണ് അവരുടെ വിശ്വാസം. അത്തരത്തിലുള്ള പെണ്ണിനെ ഊരുവിലക്ക് കൽപ്പിച്ച് പുറംതള്ളുകയാണ് ചെയ്യുന്നത്. ചില വർഗ്ഗക്കാർ പിഴച്ച പെണ്ണിനെ കുഴിയിലിട്ട് തീകൊളുത്തുന്നു. അവൾക്ക് വേണമെങ്കിൽ രക്ഷപ്പെടാമെന്നുമാത്രം. പിഴച്ച പെണ്ണിനെ കൊല്ലണമെന്നതാണ് അവരുടെ സാമൂഹികനീതി. സ്ത്രീയ്ക്ക് ചില സമൂഹങ്ങൾ നല്ല സ്വാതന്ത്ര്യം അനുവദിച്ചുകൊടുത്തിട്ടുണ്ടെങ്കിൽപോലും വഴി പിഴച്ചവളെ ഒരു വർഗ്ഗവും വച്ചു പൊറുപ്പക്കുകയില്ല.

വിലക്കുകൾ ഏർപ്പെടുത്തിയതിന്റെ മറ്റൊരു കാരണം ദാരിദ്ര്യമാണ്. എന്നാൽ സാഹചര്യങ്ങൾ മാറിയിട്ടും വിലക്കുകൾ നിലനിൽക്കുന്നത് സമൂഹത്തിന്റെ അബോധതലങ്ങളിൽ ഊട്ടിയുറപ്പിക്കപ്പെട്ട മേധാവിത്വധാരണകൾ ഈ പേരിൽ സ്ത്രീയെ അടക്കിനിർത്താൻ നിരന്തരം ഉപയോഗിച്ചതിനാലാണ്. സമൂഹത്തിലെ പ്രായമായ സ്ത്രീകൾ തന്നെയാണ് ഇത്തരം വിലക്കുകളും വിശ്വാസങ്ങളും നിലനിർത്തുന്നതിൽ മുഖ്യ പങ്ക് വഹിച്ചിരുന്നത്. ഇത്തരത്തിൽ സ്ത്രീകളെ കൊണ്ടുതന്നെ ഇതൊക്കെ നിലനിർത്തുന്നതിൽ സമൂഹം വളരെയേറെ ശ്രദ്ധ പുലർത്തിയിരുന്നുവെന്ന് മനസ്സിലാക്കാവുന്നതാണ്.

പരിഷ്കൃതസമൂഹത്തിലെ സ്ത്രീയെക്കാളും പരിഗണിക്കപ്പെടുകയും സംരക്ഷിക്കപ്പെടുകയും ചെയ്യുന്നവളാണ് ആദിവാസി സ്ത്രീയെന്നത് ഒരു വസ്തുതയാണെങ്കിലും പ്രാചീനസമൂഹത്തിൽ സ്ത്രീയും പുരുഷനും തുല്യസ്ഥാനമുള്ളവരായിരുന്നുവെന്നത്





വെറും സാങ്കൽപ്പികം മാത്രമെന്ന് കാണാവുന്നതാണ്. പുരുഷന്റെ കാഴ്ചപ്പാടിൽ നിന്നുകൊണ്ടു തന്നെയാണ് എല്ലാ ഗോത്രനിയമങ്ങളും രൂപപ്പെട്ടിരിക്കുന്നത്. സമുദായത്തിന്റെ വിലക്കുകളെ ലംഘിക്കുന്ന സ്ത്രീകളെ കർശനമായി തന്നെയാണ് സമൂഹം നേരിടുന്നത്. സ്ത്രീ പുരുഷന് എത്രമാത്രം കീഴ്പ്പെട്ടിരിക്കണമെന്ന് കാണിക്കുന്ന ആചാരങ്ങളിലൊന്നാണ് കണ്ണവം കുറിച്യർക്കിടയിൽ വിവാഹസമയത്ത് കാരണവർ പെണ്ണിന് നൽകുന്ന ഉപദേശം. സ്വന്തം വീട്ടിൽ ഇത്രയും നാൾ കാണിച്ചിരുന്ന സ്വഭാവമെന്നും ഇനി മുതൽ ഭർതൃവീട്ടിൽ കാണിക്കരുതെന്നും ചെറുക്കൻ പറയുന്ന ജോലികളെല്ലാം ചെയ്ത് ഭർതൃശുശ്രൂഷ ചെയ്ത് കഴിയണമെന്നും ഭർത്താവിൽ നിന്നുണ്ടാവുന്ന ചെറിയ തെറ്റുകളെല്ലാം ക്ഷമിക്കണമെന്നുമാണ് ഉപദേശം. ഇത്തരം ഉപദേശങ്ങളിലൂടെ പുരുഷന് സ്ത്രീയുടെ മേലുള്ള കോയ്മയാണ് ധ്വനിപ്പിക്കുന്നത്.

സ്തീയുടെയും പുരുഷന്റെയും ആവശ്യങ്ങൾക്കൊത്താണ് ഗോത്രാചാരങ്ങളും അനുഷ്ഠാനങ്ങളും രൂപപ്പെട്ടിട്ടുള്ളത്. സ്ത്രീയോടുള്ള സമീപനങ്ങളിൽ ഗോത്രസമൂഹവും ആധുനികസമൂഹവും വച്ചു പുലർത്തുന്നത് വ്യത്യസ്തരീതിയാണ്. “ഒരടിമ വർഗ്ഗത്തിനകത്തെ തന്നെ മർദ്ദിത ന്യൂനപക്ഷമാണ് ആദിവാസി സ്ത്രീകൾ'' ആദിവാസിസ്ത്രീകൾക്കിടയിലെ ദാരിദ്ര്യം, പോഷകാഹാരക്കുറവ്, ശാരീരികമാനസിക ചൂഷണങ്ങൾ, ബലാൽസംഗം, തൊഴിലില്ലായ്മ തുടങ്ങിയവ ഇവർ നേരിടുന്ന അടിച്ചമർത്തലുകളുടെയും ചൂഷണങ്ങളുടെയും പ്രത്യക്ഷമായ ഉദാഹരണങ്ങളാണ്. ജന്മിത്തവ്യവസ്ഥയും ഗോത്രഭരണവും ചേർന്ന് ആദിവാസി സ്ത്രീകളുടെ ജീവിതം ഇന്ന് അനിശ്ചിതത്വത്തിലാണ് നിലകൊള്ളുന്നത്.

സഹായകഗ്രന്ഥങ്ങൾ:

1. ഗോത്രസംസ്കാരപഠനങ്ങൾ, ഡോ.കുമാരൻ വയലേരി, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
2. ചൊല്ലുവഴക്കങ്ങളിലെ സ്ത്രൈണപാഠങ്ങൾ, ഡോ. മഞ്ജുള. കെ. വി, സാഹിതി, മലയാളവിഭാഗം കൂട്ടായ്മ, ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, പയ്യന്നൂർ കേന്ദ്രം.

3. കേരളത്തിലെ ആദിവാസികൾ കലയും സംസ്കാരവും, മനോജ് മാതിരപ്പള്ളി, ഡി.സി. ബുക്സ്.

4. ഫോക്‌ലോറും സാഹിത്യനിരൂപണവും തത്വവും പ്രയാഗവും, ഡോ. എൻ. അജിത്കുമാർ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

5. ഫോക്‌ലോർ സംസ്കാരം, ഡോ. പി. സോമൻ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

6. കാവ് തെയ്യം പുരാവൃത്തം, എഡി: ഡോ.കുമാരൻ വയലേരി, സാഹിതി, മലയാള വിഭാഗം കൂട്ടായ്മ, സംസ്കൃത സർവ്വകലാശാല, പയ്യന്നൂർ പ്രാദേശികകേന്ദ്രം.

*****

**ശ്രീജ എസ്. ആർ.**

ഗവേഷക വിദ്യാർത്ഥി

## മലയാള മഹാനിഘണ്ടുവിന്റെ പ്രചാരണം സാദ്ധ്യതയും പ്രതിസന്ധിയും

ദിവ്യ. ആർ.ജി.

'അക്ഷരങ്ങളുടെ വിന്യാസം, അവയുടെ ഉച്ചാരണം, അർത്ഥം അവയുടെ പ്രയോഗരീതി, വ്യാകരണം, നിഷ്പത്തി തുടങ്ങി പദങ്ങളെ സംബന്ധിക്കുന്ന എല്ലാ വിവരങ്ങളും വിശദീക രിക്കുന്ന റഫറൻസ് ഗ്രന്ഥമാണ് നിഘണ്ടു'. ക്രിസ്തു വർഷം ഒന്നാം ശതകത്തിൽ രചിക്കപ്പെട്ടതും ഗ്രന്ഥ കർത്താവ് ആരെന്നു കണ്ടെത്തിയിട്ടില്ലാത്തതുമായ ഷവോവെൻ (വാക്കു കളെക്കുറിച്ചുള്ള ഭാഷണം) ആണ് ഏറ്റവും പ്രാചീനമായ പാശ്ചാത്യനിഘണ്ടു. വിവിധ ഭാഷകളിൽ പിന്നീട് നിഘണ്ടുക്കൾ രൂപം കൊണ്ടു. സാമുവേൽ ജോൺസന്റെ "Dictionary of English Language"-ന്റെ നിർമ്മിതിയോടെയാണ് ശാസ്ത്രീയമായ സമീപന രീതിയും മൗലികതയും നിഘണ്ടു നിർമ്മാണത്തിൽ കൈവന്നത്. ബി..സി. ഏഴും എട്ടും ദശകങ്ങൾക്കിടയിൽ ജീവിച്ചിരുന്നതായി പറ യപ്പെടുന്ന സുപ്രസിദ്ധ സംസ്കൃത വൈയാകരണനായ 'യാസ്കൻ' ചില വൈദിക പദങ്ങൾക്ക് അർത്ഥ വിവരണം നൽക ിയതാണ് ഭാരതീയ ഭാഷകളിലെ നിഘണ്ടു സംബന്ധമായ ആദ്യ കാൽവയ്പ്പ്.

മലയാള നിഘണ്ടുവിന്റെ ഉപജ്ഞാതാവായി കരുതുന്നത് ബെഞ്ചമിൻ ബെയ്ലിയാണ്. 'A dictionary of high and



colloquial Malayalam and English' എന്ന അദ്ദേഹത്തിന്റെ നിഘ ണ്ടുവിന് ഭാഷയിൽ വളരെ ഉയർന്ന സ്ഥാനമാണുള്ളത്. ഈ നിഘണ്ടുവിൽ മലയാള ലിപിയിൽ വാക്കുകളെ സൂചിപ്പിക്കുന്ന തിന് പുറമേ, ശബ്ദ വിഭാഗ സൂചനയും, ഇംഗ്ലീഷ് ഭാഷയിൽ അർത്ഥ സംഗ്രഹവും നൽകിയിട്ടുണ്ട്. നാമപദങ്ങൾക്ക് നിർദ്ദേശിക രൂപങ്ങളോടൊപ്പം സംബന്ധികാരൂപങ്ങളും കാണിച്ചിട്ടുള്ളത് പിന്നീട് വന്ന നിഘണ്ടുകാരന്മാർ അംഗീകരിച്ചിട്ടില്ല. മലയാള പദ ങ്ങളെയും സംസ്കൃത പദങ്ങളെയും വേർതിരിച്ചു കാണിച്ചിട്ടില്ലാ ത്തത് ഈ നിഘണ്ടുവിന്റെ പോരായ്മയായി ഗുണ്ടർട്ട് പറയുന്നു ണ്ട്. വാക്കുകളുടെ ഉൽപ്പത്തിയെക്കുറിച്ചും, പ്രാധാന്യത്തെക്കു റിച്ചും ഒരു അറിവും, നൽകുന്നില്ല എന്നതും ഒരു പോരായ്മയാണ്.

ആദ്യത്തെ തനിഭാഷാനിഘണ്ടു എന്ന വിശേഷണം റിച്ചാർഡ് കോളിൻ സിന്റെ 'മലയാളനിഘണ്ടു'വിനുള്ളതാണ്. സംസ്കൃത പദങ്ങൾക്ക് പ്രാധാന്യം നൽകി രചിച്ച ഈ നിഘണ്ടു 1865–ലാണ് പുറത്തിറങ്ങിയത്. 1872–ൽ പുറത്തിറങ്ങിയ ഗുണ്ടർട്ടിന്റെ 'മലയാളം ഇംഗ്ലീഷ് നിഘണ്ടു'വിൽ വാക്കുകളുടെ ഉച്ചാരണം സാങ്കേതിക ലിപിയിൽ നൽകിയിരിക്കുന്നു. മലയാള ഭാഷയറിയാത്ത വിദേശവിദ്യാർത്ഥികളെ മുൻനിർത്തിയാണ് ഇത് ചെയ്തിരിക്കുന്നത്. ധാരാളം വാക്കുകളുടെ ഉൽപ്പത്തിയും മറ്റ് ദ്രാവിഡ ഭാഷകളിൽ നിന്നുള്ള സമാന പദങ്ങളും നൽകിയി ട്ടുണ്ട്.മലയാള നിഘണ്ടു നിർമ്മാണത്തിന്റെ ചരിത്രത്തിൽ ആദ്യ മായി വാക്കുകളുടെ അർത്ഥത്തിനുള്ള ഉദാഹരണങ്ങൾ മലയാള കൃതികളിൽ നിന്നും എടുത്തു കാട്ടി എന്നതും ഈ നിഘണ്ടുവിന്റെ പ്രത്യേകതയാണ്. സംസ്കൃതത്തിൽ നിന്ന് കടംകൊണ്ട വാക്കു കൾ ഇതിൽ വളരെ കുറവാണ്. വാക്കുകളുടെ അർത്ഥവും, വിവര ണവും ഇംഗ്ലീഷിൽ നൽകിയിരിക്കുന്നതിനാൽ വിദേശഭാഷ അറി യാത്ത മലയാളിക്ക് ഈ നിഘണ്ടു ഉപയോഗിക്കാനാകില്ല.

ആഗമികവും ഭാഷാശാസ്ത്രപരവുമായ തത്വങ്ങളെ അടിസ്ഥാനമാക്കി കേരള സർവ്വകലാശാലയുടെ മേൽനോട്ടത്തിൽ നടന്നു വരുന്ന സംരംഭമാണ് 'മലയാളമഹാനിഘണ്ടു'. ഈ മലയാളം ഇംഗ്ലീഷ് നിഘണ്ടുവിന്റെ ആദ്യത്തെ രണ്ടുവാല്യങ്ങളുടെ എഡിറ്റർ ശ്രീ. ശൂരനാട്ട് കുഞ്ഞൻപിള്ളയായിരുന്നു. 'ഭാഷയ്ക്ക് പര്യാപ്തമായ ഒരു നിഘണ്ടു' എന്ന ആശയമാണ് ഇതിന് പിന്നിലുണ്ടായിരുന്നതെന്ന് ഒന്നാംവാല്യത്തിന്റെ അവതാരികയിൽ ശൂരനാട്ട് കുഞ്ഞൻ പിള്ള പറയുന്നു. നിലവിൽ ഒൻപത് വാല്യങ്ങളാണ് പുറത്തിറങ്ങിയിട്ടുള്ളത്. ഒൻപതാമത്തെ വാല്യം പിൻവലിച്ചതായി കാണുന്നു. മലയാള അക്ഷര മാലയിലെ ആദ്യാക്ഷരമായ 'അ'കാരത്തിൽ ആരംഭിക്കുന്ന പദങ്ങളാണ് ഒന്നാം വാല്യത്തിലുള്ളത്. രണ്ടാം വാല്യത്തിൽ 'അ'യിൽ അവശേഷിക്കുന്ന പദങ്ങളും തുടർന്ന് 'ഔ'വരെയുള്ള പദങ്ങളുമടങ്ങിയിരിക്കുന്നു. മൂന്നാമത്ത വാല്യം കെ.വി. നമ്പൂതിരിയും നാല്, അഞ്ച്, ആറ് വാല്യങ്ങൾ ബി.സി. ബാലകൃഷ്ണനും ഏഴാം വാല്യം പി.വേണുഗോപാലനുമാണ് എഡിറ്റ് ചെയ്തിട്ടുള്ളത്.

മലയാള മഹാനിഘണ്ടുവിന്റെ പ്രാധാന്യം

പഴയ കൃതികളിൽ നിന്നുവരെ ഇതിലെ പദങ്ങൾ തിരഞ്ഞെടുത്ത് ഉപയോഗിച്ചിട്ടുണ്ട് എന്നത് മലയാള മഹാനിഘണ്ടുവിന്റെ ഒരു സവിശേഷതയാണ്. വളരെ ആഴത്തിലുള്ള പരിശോധനയിലൂടെ മാത്രമേ അത് ലഭിക്കുകയുള്ളു. മുദ്രണത്തിൽ വന്നിട്ടില്ലാത്ത താളിയോല ഗ്രന്ഥങ്ങളും ഇതിനായി പ്രയോജനപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഏറ്റവും പുതിയ ഗ്രന്ഥങ്ങളിൽ നിന്നുള്ള പദങ്ങളും ഇതിൽ ചേർത്തിരിക്കുന്നു. ലക്ഷദ്വീപ് ഉൾപ്പെടെയുള്ള മലയാളം സംസാരിക്കുന്ന പ്രദേശങ്ങളിൽ നിന്നും വരമൊഴിയിലും മുദ്രണത്തിലും വരാത്ത പദങ്ങൾ കണ്ടെത്തി ഉപയോഗിച്ചിട്ടുമുണ്ട്.





മലയാള ലിപി അറിയാത്തവർക്കും ഉപയോഗിക്കാവുന്ന തരത്തിലാണ് ഇത് ചിട്ടപ്പെടുത്തിയിരിക്കുന്നത്. ഓരോവാക്കിന്റെയും പിന്നിൽ റോമൻഅക്ഷരത്തിൽ ലിപി വിവർത്തനം ചെയ്ത് കാണിച്ചിരിക്കുന്നു. ഭാഷാ ചരിത്രത്തിലെ എല്ലാ ഘട്ടങ്ങളുടെയും ഉദാഹരണങ്ങളുടെ ഉദ്ദരണങ്ങൾ ഈ നിഘണ്ടുവിൽ കൊടുത്തിട്ടുണ്ട്.

മലയാള ഭാഷ കൂടാതെ മറ്റ് ദ്രാവിഡ ഭാഷകളിലെ, സർവ്വനാമങ്ങൾ, വിഭക്തി രൂപങ്ങൾ ക്രിയാരൂപങ്ങൾ എന്നിവ മലയാള ഭാഷയിലും സാങ്കേതിക ചിഹ്നമുള്ള റോമൻ ഭാഷയിലും നൽകിയിട്ടുണ്ട്. മലയാള ഭാഷയുടെയും സാഹിത്യത്തിന്റെയും ചരിത്ര പഠനത്തിനും ദ്രാവിഡ ഭാഷകളുടെ താരതമ്യത്തിനും ആവശ്യമായ വസ്തുതകൾ ഈ നിഘണ്ടുവിൽ നിന്നും ലഭിക്കും.

ആയുർവേദം, തന്ത്രം, ശിൽപ്പം, മന്ത്രവാദം മുതലായ വിഷയങ്ങളെപ്പറ്റിയുള്ള ഗ്രന്ഥങ്ങളിൽനിന്നും തിരഞ്ഞെടുത്ത പ്രത്യേക പദങ്ങളും ദ്രാവിഡഭാഷകളിലെ സമാനമായ പദങ്ങളും വിവരണങ്ങളും ഇതിൽ ഉണ്ട്. നിലവിലുള്ള നിഘണ്ടുക്കളിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത അനേകായിരം പദങ്ങൾക്ക് പുറമേ ധാരാളം ഉദാഹരണപ്രയോഗങ്ങളും ഇതിൽ കാണുന്നു. ഉദാഹരണങ്ങൾ എടുത്തിട്ടുള്ള പല കൃതികളുടെയും കാലവും സൂചിപ്പിച്ചിരിക്കുന്നു. ഓരോ പ്രദേശത്തിലെയും പ്രത്യേക പദങ്ങളും ശൈലികളും ആ പ്രദേശത്തിന് പുറത്തുള്ളവർക്ക് മനസ്സിലാക്കാൻ പ്രയാസമായുണ്ട്. ഇത്തരത്തിലുള്ള നിരവധി പ്രയോഗങ്ങൾ ഈ നിഘണ്ടുവിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പലതരം കലകളും തൊഴിലുകളും വ്യവസായങ്ങളും സംബന്ധിച്ചുള്ള പദങ്ങളും ശേഖരിച്ച് ചേർത്തിട്ടുണ്ട്. സമൂഹത്തിലെ ഓരോ ജാതിയുടെയും ആചാരഭാഷയേയും ഇതിൽ പ്രതിപാദിച്ചിരിക്കുന്നു. സംസ്കൃതം തുടങ്ങിയ ഭാഷകളിൽ നിന്ന് സ്വീകരിച്ചിട്ടുള്ള വാക്കുകൾക്ക് മൂല ഭാഷാരൂപവും കൊടുത്തിട്ടുണ്ട്. ശൈലികൾ, പഴഞ്ചൊല്ലുകൾ, പ്രയോഗങ്ങൾ തുടങ്ങിയവ വ്യാഖ്യാനിച്ചു കാണിച്ചിരിക്കുന്നു. പല പ്രാചീന കൃതികളുടെയും കാലഗ

ണന കൃത്യമായി ചെയ്തിട്ടില്ലെങ്കിലും ഭാഷാചരിത്രത്തെ ആധാരമാക്കി ചെയ്തിട്ടുള്ള ക്രമം ഭാഷയുടെ ആഗമിക പഠനത്തിനുപകരിക്കും.

മലയാളസാഹിത്യത്തിലെ ഗദ്യപദ്യ കൃതികളിൽ നിന്നും നൽകിയിരിക്കുന്ന ഭാഗങ്ങൾഭാഷാസാഹിത്യത്തിന്റെ മഹത്വത്തെ വെളിപ്പെടുത്താൻ ഉപകരിക്കുന്നു. ലഭ്യമാകാൻ പ്രയാസമുള്ള ധാരാളം കൃതികളിൽ നിന്നും ഉദാഹരണങ്ങൾ നൽകിയിട്ടുണ്ട്. പ്രചാരലുപ്തങ്ങളായ നിരവധി തനി മലയാള പദങ്ങളും ഇതിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. പാലി, പ്രാകൃതം, ഹിന്ദി, പേർഷ്യൻ, ചൈനീസ്, ഗ്രീക്ക്, ലത്തീൻ, അറബിക്, സുറിയാനി തുടങ്ങിയ ഭാഷകളിൽ നിന്നും ധാരാളം പദങ്ങൾ ഇതിൽ ഉദാഹരിച്ചിട്ടുണ്ട്. പൗരസ്ത്യവും, പാശ്ചാത്യവുമായ പല ദേശങ്ങൾക്കും അതിപുരാതന കാലം മുതൽ കേരളവുമായി ഉണ്ടായിരുന്ന ബന്ധങ്ങൾ ഇത് തെളിയിക്കുന്നു. ഇവിടെ സൂചിപ്പിച്ച മറ്റ് നിഘണ്ടുക്കൾ വച്ച് നോക്കുമ്പോൾ മലയാള മഹാനിഘണ്ടുവിന്റെ പ്രാധാന്യം വളരെ വലുതാണെന്ന് വ്യക്തമാകുന്നു. ഇത്രയും വലിയ ഒരു സംരംഭം പ്രചാര ലുപ്തമായത് എന്തുകൊണ്ടെന്നും ചിന്തിക്കേണ്ടിയിരിക്കുന്നു.

മലയാള മഹാനിഘണ്ടുവിന്റെ പ്രചാരണ പ്രതിസന്ധികൾ

ഇപ്പോഴും പൂർണ്ണമായിട്ടില്ല എന്നതാണ് ഈ നിഘണ്ടുവിന്റെ പ്രചാരണത്തിൽ ഉള്ള പ്രധാന പ്രതിസന്ധി. ഒരു വാല്യവും നിയതമായ കാലയളവിൽ പൂർത്തീകരിക്കപ്പെടാത്തതും ഇതിന്റെ പുറകിലുള്ള പ്രവർത്തനത്തിന്റെ മാന്ദ്യതയെ കുറിക്കുന്നു. മലയാള ഭാഷയും സാഹിത്യവും ഐച്ഛികമായി പഠിക്കുന്ന വിദ്യാർത്ഥികൾക്കും എന്തിനേറെ അദ്ധ്യാപകർക്കും ഇത്തരമൊരു നിഘണ്ടുവിന്റെ മൂല്യത്തെക്കുറിച്ച് അറിയില്ല. അതിനു തക്കതായ സംവിധാനങ്ങളോ പരസ്യപ്രചാരണങ്ങളോ ഉണ്ടായിട്ടില്ല. ഉള്ളവ കാര്യക്ഷമതയിൽ എത്തിച്ചിട്ടുമില്ല. കേരളത്തിലുള്ള കോളേജു-





ലൈബ്രറികളിൽ പോലും ഇതിന്റെ പ്രതികൾ ലഭ്യമല്ലാത്തത് പ്രചാരലുപ്തത വ്യക്തമാക്കുന്നു. കൂടാതെ പ്രയോഗക്ഷമമായ ഒരു സംഗ്രഹപ്പതിപ്പ് ഇതിനുണ്ടായിട്ടില്ല എന്നതും ശ്രദ്ധിക്കേണ്ടതാണ്. ഇത്തരമൊരു ബൃഹത്തായ സംരംഭത്തിന് ആവശ്യമായ സാമ്പത്തികവും പ്രധാന പ്രതിസന്ധി തന്നെ. എങ്കിലും ഏഷ്യയിലെ തന്നെ വിപുലവും മഹത്തുമായ ഈ സംരംഭത്തിന്റെ സാദ്ധ്യതകൾ മനസ്സിലാക്കി പ്രതിസന്ധികളെ മാറ്റി നിർത്തുകയാണ് വേണ്ടത്.

സാദ്ധ്യതകൾ–സവിശേഷതകൾ

ഈ നിഘണ്ടുവിൽ നിന്നും ധാരാളം നിഘണ്ടുക്കൾ നിർമ്മിക്കാനാകും എന്നത് ഇതിന്റെ പ്രധാന സവിശേഷതയാണ്. പ്രാചീന പദനിഘണ്ടു, ക്രിയാപദ നിഘണ്ടു, പര്യായ പദനിഘണ്ടു, വിപരീത പദനിഘണ്ടു, വ്യാകരണ നിഘണ്ടു, പ്രാദേശികഭാഷാ നിഘണ്ടു, ദൃശ്യകലാനിഘണ്ടു, എന്നിങ്ങനെ ഈ മാതൃ നിഘണ്ടുവിൽ നിന്ന് ധാരാളം കൈവഴികൾ സൃഷ്ടിക്കാമെന്നത് ഇതിന് പ്രചാര സാദ്ധ്യത കൂട്ടും. സർവ്വകലാശാലാ സെയിൽസ് കൗണ്ടറിന് പുറമേ ബുക്ക്മാർക്ക് പോലുള്ള മറ്റ് ഏജൻസികളിൽ കൂടി ഇതിന്റെ വിതരണം വ്യാപിപ്പിക്കുകയാണെങ്കിൽ കൂടുതൽ ആളുകളുടെ അടുക്കൽ എത്തിക്കാനാകും. സർവ്വകലാശാലയുടെ അധികാരമുപയോഗിച്ച് കേരളത്തിലെ കോളേജുകളിലും വിദ്യാലയങ്ങളിലും ഇതിന്റെ പ്രതികൾ ഉറപ്പു വരുത്തുകയും വേണം.. ശ്രീകണ്ഠേശ്വരത്തിന്റെ 'ശബ്ദതാരാവലി' നോക്കുന്ന ശീലം കുട്ടികളിൽ വളർത്തിയെടുക്കുന്നതു പോലെ മഹാനിഘണ്ടുവിന്റെ പ്രാധാന്യവും ഉപയോഗരീതിയും, സ്ക്കൂൾ തലത്തിൽ തന്നെ കുട്ടികളെ പഠിപ്പിക്കേണ്ടതായുണ്ട്. സ്ക്കൂൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനു പുറമേ സ്ക്കൂൾ ലൈബ്രറികളിൽ ലഭ്യമാകത്തക്കവിധം പ്രവർത്തനം കാര്യക്ഷമമാകണം. Linguistics-ന്റെ ഒരു ഭാഗമായി മാത്രമല്ല, മല

യാളം എം.എ. കഴിഞ്ഞ കുട്ടികൾക്ക് ഒരു Certificate Course Lexicography- യിൽ നടത്താനാകും. കേരളത്തിലെ യൂണിവേഴ്സിറ്റികളിലെ ഏക Lexican department-ന് ഇത് കൂടുതൽ കാര്യക്ഷമമായി ചെയ്യാൻ കഴിയും. പി.ജി. സിലബസിൽ (മലയാളം ഐച്ഛികമായവർക്ക്) ലെക്സിക്കണിന്റെ കുറച്ച് വാക്കെങ്കിലും സെറ്റ് ചെയ്യുന്നതിന്റെ മാതൃക പഠിപ്പിക്കേണ്ടതായുണ്ട്. ഈ നിഘണ്ടു ഇന്റർനെറ്റിൽ ലഭ്യമാകുന്നതിനു വേണ്ടിയുള്ള ശ്രമങ്ങളും ഉണ്ടാകണം.

Lexicology on line ആക്കണം. ലോകത്തെവിടെയും ഉള്ളവർക്ക് സൗജന്യമായി ഇത് ഉപയോഗിക്കത്തക്കവിധം പരിഷ്ക്കരണങ്ങൾ നടത്തേണ്ടതുണ്ട്. നിലവിലുള്ളവ പരിഷ്ക്കരിക്കുന്നതിന് Wikipedia പോലെ ഒരു അവസരമുണ്ടാകുകയും Word Bank എന്ന concept ൽ ഊന്നി നിന്നു കൊണ്ട് അത് ചെയ്യുകയും വേണം. പെൻഡ്രൈവിൽ ഒതുങ്ങുന്ന രീതിയിലോ സി.ഡി.യിലോ ഇത് പരിവർത്തിപ്പിക്കാൻ കഴിയും. Etymology-നിരുക്ത നിഘണ്ടു പുറത്തിറക്കുന്നതിലൂടെ ഓരോ പദത്തിന്റെയും Root അറിയുന്നതിനും ഈ വിഷയത്തിൽ കൂടുതൽ ഗവേഷണ സാദ്ധ്യത ഉണ്ടാകുകയും ചെയ്യും. Aspire Scholarship–പോലെ ഭാഷയ്ക്കും സാഹിത്യത്തിനും പോഷകമായ രീതിയിൽ Lexicography – യിൽ പഠനങ്ങൾ നടത്തുവാനായി ഒരു ഫണ്ട് നിശ്ചയിക്കുന്നതും മറ്റൊരു സാദ്ധ്യതയാണ്.

മലയാളത്തിന്റെ ക്ലാസിക് ഭാഷാപദവിയ്ക്ക് ഒരു തിലകമാണ് ഈ നിഘണ്ടു. ഇതിന്റെ അക്കാദമിക്ക് പ്രാധാന്യം കണക്കിലെടുത്ത് അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും ഭാഷാ സ്നേഹികളായ ഏതൊരാൾക്കും ഇതിൽ ഭാഗമാകാനുള്ള ഒരു അവസരം ഉണ്ടാക്കിയെടുക്കണം. ശബ്ദതാരാവലിയുടെതുപോലെ ഒരു സംഗ്രഹ





പതിപ്പ് പുറത്തിറക്കേണ്ടതുണ്ട്. വാക്കുകളുടെ അർത്ഥം ഊഹിച്ചെഴുതുന്ന രീതി വിദ്യാർത്ഥികളും അദ്ധ്യാപകരും മാറ്റിയെടുക്കുകയും നിഘണ്ടുവിന് ഭാഷാപഠനത്തിലുള്ള പ്രാധാന്യം മനസ്സിലാക്കുകയും വേണം. ഇത്രയേറെ അമൂല്യമായ ഒരു ഗ്രന്ഥം അർഹിക്കുന്ന പ്രാധാന്യത്തോടെ തിരിച്ചറിയപ്പെടുകയോ പഠിപ്പിക്കുകയോ ചെയ്യുന്നില്ല എന്നത് ഭാഷാപഠനത്തിന്റെ ശോചനീയാവസ്ഥ കാണിക്കുന്നു. ഏറ്റവും കൂടുതൽ മുൻതൂക്കം ഇതിന്റെ പ്രവർത്തനങ്ങൾ ത്വരിതഗതിയിലാക്കുകയാണ്. കൂടാതെ നിശ്ചിത കാലയളവിൽ ഇത് പൂർത്തീകരിക്കാൻ ആവശ്യമായ പ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ട്. ഇതിനായി യോഗ്യതയുള്ളവരെ അഭിരുചി പരീക്ഷ നടത്തി ഇതിന്റെ ഭാഗമാക്കുകയും വേണം. ഈ വിഷയത്തിൽ നിരവധി ചർച്ചകളും സെമിനാറുകളും നടത്തുകയും ഗവേഷണപഠനങ്ങൾക്ക് അവസരങ്ങൾ ഒരുക്കുകയും ചെയ്യേണ്ടതുണ്ട്. കൂട്ടായും വിപുലമായും ഇത്തരം പ്രവർത്തനങ്ങൾ കൂടി നിർവ്വഹിച്ചാലേ മലയാളം ലക്സിക്കൺ എല്ലാപേരിലേയ്ക്കും എത്തുകയും അതിന്റെ ജന്മോദ്ദേശ്യം സഫലമാകുകയും ചെയ്യുകയുള്ളു.

സഹായക ഗ്രന്ഥങ്ങൾ

1. മലയാള മഹാനിഘണ്ടു
   ഒന്നു മുതൽ എട്ട് വാല്യങ്ങൾ
2. മലയാള സാഹിത്യ ചരിത്രം, ഡോ. കൽപ്പറ്റ ബാലകൃഷ്ണൻ കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് തിരുവനന്തപുരം 2000.

ലേഖനങ്ങൾ

1. ബാലകൃഷ്ണൻ ബി.സി.:– ശബ്ദതാരാവലി, മലയാളം, 2010 ഒക്–8 പുറം–79.
2. ബാലകൃഷ്ണൻ ബി.സി.:– ഇതൊന്നുമല്ല ശബ്ദതാരാവലി, കലാകൗമുദി 2010 ഫെബ്രുവരി 28 പുറം–40.

**ദിവ്യ.ആർ.ജി.**
**ഗവേഷക വിദ്യാർത്ഥി**

# അറബികളും അറബിമലയാളവും കേരളത്തിലേക്ക്

കെ. മൻജിദ് മാനെ

ഭാഷ വൈവിധ്യപൂർണ്ണമാകണം. വിവിധത്വങ്ങളുടെ കൂടിക്കലരലുകളിലാണ് എപ്പോഴും ഭാഷയുടെ കരുത്തും വളർച്ചയും അടകൊള്ളുന്നത്. മലയാളഭാഷയിൽ ആവസിക്കുന്നത് മലയാളം മാത്രമാണോ? മലയാളത്തിൽ നിന്നും നാം അല്പിതമൊന്നെടുത്ത് നാവിളക്കിയാൽ അത് തന്നിലലിയിച്ചുചേർത്ത വിവിധങ്ങളായ സംസ്കാരങ്ങളുടെ രുച്യരസാനുഭൂതികൾ പകർന്നുനല്കും. മലയാളദേശത്തിന്റെ ഭൂമിശാസ്ത്രപരമായ കിടപ്പാണ് മലയാളഭാഷാപാരമ്പര്യത്തെ ഇത്രമേൽ പുഷ്ടിപ്പെടുത്തിയത്. മൂലദ്രാവിഡത്തിൽ നിന്നും മലയാളം സ്വത്വം പൂ  തിനുപിന്നിലും ഈ ഭൂമിശാസ്ത്രമു  ല്ലോ. അറബിക്കടലിൽ തൊട്ടുകിടന്ന കേരളതീരം വഴിയാണ് പുരാതനകാലം മുതൽ പശ്ചിമേഷ്യൻ രാജ്യങ്ങളും പിന്നീട് യൂറോപ്പും കച്ചവടബന്ധങ്ങളിലേറെയും നടത്തിയിരുന്നത്. തമിഴ്, സംസ്കൃതം, അറബി, പേർഷ്യൻ, ഡച്ച്, പോർച്ചുഗീസ്, ഇംഗ്ലീഷ് തുടങ്ങിയ എല്ലാ ഭാഷകളിൽനിന്നും തന്നിലേക്കാവാഹിച്ച പ്രദർശനശാലയാണ് മലയാളം. കൊടുത്തതിലേറെ, ആർക്കും പാതിത്യം കല്പിക്കാതെ വാങ്ങി വളരുകയാണ് ഇന്നും നമ്മുടെ ഭാഷ. അങ്ങനെ ആറുമലയാളിക്ക് നൂറുമലയാളം ഉ  ായി. പലവിധത്തിലുള്ള കൊള്ളക്കൊടുക്കലുകളിലൂടെ പലമട്ടിലുള്ള മലയാളം ഇവിടെ ജന്മം കൊ  ു. ഇവ്വിധം അറബികളുമായുള്ള മലയാള





ത്തിന്റെ ഇണകൊത്തലിൽ പിറന്നുവീണ സന്തതിയാണ് 'മാപ്പിളമലയാളം'.

ക്രിസ്തുവർഷാരംഭത്തിനും നൂറ്റാ  ുകൾക്ക് മുമ്പുതന്നെ കേരളത്തിന് അറബി വർത്തകരുമായി വ്യാപാര ഇടപാടുകൾ ഉ  ായിരുന്നു. പതിനഞ്ചാം നൂറ്റാ  ിന്റെ ഒടുക്കത്തിൽ, പോർച്ചുഗീസുകാരുടെ വരവോടുകൂടിയാണ് അതിന് കോട്ടം തട്ടുന്നത്. അറബി*കളുമായുള്ള നമ്മുടെ വാണിജ്യബന്ധങ്ങളുടെ അടിവേരുകൾ ചിലപ്പോൾ മെസൊപ്പൊട്ടേമിയൻ** സംസ്കാരത്തോളം ചെന്നെത്തിയെന്നു വന്നേക്കാം. കാൽഡിയൻ ജ്യോതിശാസ്ത്രവും കല  റും പൗരാണിക ഇന്ത്യൻ ജ്യോതിശാസ്ത്രത്തെയും കല  റിനെയും സഹായിച്ചിട്ടു  ന്നും അതിന്റെ അടിസ്ഥാനത്തിൽ ശ്രീരാമൻ, ശ്രീകൃഷ്ണൻ, പരശുരാമൻ, ചേരരാജാക്കന്മാർ തുടങ്ങിയവരുടെ കാലം നിർണയിക്കുകയും ചെയ്ത ചരിത്രജ്ഞനാണ് കേസരി എ. ബാലകൃഷ്ണപിള്ള. കാൽഡിയയിലെ വേദങ്ങൾക്ക് അഥർവ്വവേദവുമായി സാമ്യമു  ന്ന് ബാലഗംഗാധരതിലകൻ നിരീക്ഷിക്കുന്നു. തഞ്ചാവൂരിലും അജന്താഗുഹയിലും കാണുന്ന നാലുശരീരവും ഒരു തലയുമുള്ള മാനിന്റെ ചിത്രം ബി.സി. ആറാം നൂറ്റാ  ിൽ കാൽഡിയയിൽ നിന്നും ക  ടുത്ത പൂപ്പാത്രങ്ങളിലു  ്. മൂൺ, അത്തൂർ ക്ഷേത്രാവശിഷ്ടങ്ങളിൽ നിന്നും കിട്ടിയ തേക്കിൻ തടികളും ബാബിലോൺ കേന്ദ്രമായി ഭരണം നടത്തിയിരുന്ന നെബുക്കദ് നസർ ര  ാമന്റെ (ബി.സി.605-526) കൊട്ടാരവശിഷ്ടങ്ങളിൽ ക  ത്തിയ തേക്കിൻ തടികളും കേരളത്തിൽ നിന്നും കൊ  ുപോയതായാണ് ചരിത്രകാരന്മാരുടെ വിലയിരുത്തൽ. കേരളചരിത്രഗവേഷണകേന്ദ്രത്തിന്റെ പട്ടണപര്യവേഷണത്തിൽനിന്നും ലഭിച്ച പച്ച-നീല നിറങ്ങളിലുള്ള മൺപാത്രക്കഷ്ണങ്ങൾക്ക് ബി.സി. ര  ാം നൂറ്റാ  ിൽ - ഇപ്പോഴത്തെ ഇറാൻ, ഇറാഖ്, അൽമേനിയ, അഫ്ഗാനിസ്ഥാൻ, തുർക്കി പ്രദേശങ്ങൾ - നിലനിന്നിരുന്ന പാർഥി

യൻ, സസാനിയൻ സംസ്കാരങ്ങളുമായി ബന്ധമു ന്ന് പര്യവേ ക്ഷകൻ പി.ജെ.ചെറിയാൻ വ്യക്തമാക്കുന്നു. പട്ടണം തന്നെയാണ് വാത്മീകിരാമായണത്തിലെ മുരചിപത്തനം (മുസ്സിരിസ്) എന്ന വാദ ത്തിന് ഇന്ന് കൂടുതൽ ശക്തി കൈവന്നിട്ടു ്. ബി.സി. ര ാം നൂറ്റാ ിനുമുമ്പുതന്നെ മുസ്സിരിസ് പോലെയുള്ള കേന്ദ്രങ്ങളിൽ അറബികൾ വ്യാപാരബന്ധങ്ങൾ ശക്തമാക്കിയിരുന്നു.

അറബികൾക്കായിരുന്നു കേരളത്തിൽനിന്നുള്ള നാണ്യവിള കളുടെയും സുഗന്ധവ്യഞ്ജനങ്ങളുടെയും ലോകകമ്പോളങ്ങളിലെ കുത്തകാവകാശം. കച്ചവടത്തിനുവന്ന അറബികൾ കുരുമുളക്, ഇഞ്ചി, ഏലം, ചന്ദനം, ഈട്ടി, തേക്ക്, ദന്തം, പട്ടുവസ്ത്രങ്ങൾ തുട ങ്ങിയ വിഭവങ്ങൾ ഇവിടെ നിന്നും കൊ ുപോയി. കയറ്റുമതിച്ചര ക്കിലെ പ്രധാന വിഭവം കുരുമുളകായിരുന്നു. കാരണം അത് ഡച്ചു കാർ ജാവയിൽ എത്തിക്കുന്നതിനുമുമ്പുവരെ കേരളത്തിൽ മാത്രമു ായിരുന്ന സുഗന്ധവ്യഞ്ജനമായിരുന്നു. അറേബ്യയിലെ അറിയ പ്പെടുന്ന കവി ഇംറുൽ ഖൈസ് (501-544) തന്റെ കവിത മുഅല്ലഖഃ യിൽ കുരുമുളകിനെക്കുറിച്ചു പറയുന്നു ്. പുരാതന റോമാക്കാർ കുരുമുളകിനെ 'ഇന്ത്യൻ മരുന്ന്' എന്ന് വിളിച്ചപ്പോൾ അറബികൾ കേരളത്തെ 'കുരുമുളകിന്റെ നാട്' - ബുൽദാനി ഫുൽ ഫുൽ - എന്ന് വിശേഷിപ്പിച്ചു. പ്രവാചകൻ മുഹമ്മദിന്റെ കാലത്തുതന്നെ (570-632) ഇസ്‌ലാംമതം കേരളത്തിലെത്തിച്ചേരുന്നതിനുള്ള ആക്കംകൂട്ടി എന്നല്ലാതെ അറബികളുമായുള്ള ഈ കച്ചവടബന്ധ ങ്ങൾക്കിടയിൽ അറബി-മലയാളം രൂപപ്പെട്ടതായി തെളിയുന്നില്ല. എന്തെന്നാൽ കച്ചവടത്തിനുവന്ന അറബികളുടെ പ്രധാന ഉന്നം ലാഭംകൊയ്തുള്ള മടക്കമായിരുന്നു. 'ദ ഏർലി ഹിസ്റ്ററി ഓഫ് ഇന്ത്യ' (1904) എന്ന ഗ്രന്ഥത്തിൽ വി.എ.സ്മിത്ത് ഇതിനെക്കുറിച്ച് ഇങ്ങനെ എഴുതി . ''ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ അറബികളുടെ പായ്ക്കപ്പലുകൾ മലബാർ തീരത്തേക്ക് പുറപ്പെടുകയും അവിടെ





മൂന്നാലുമാസക്കാലംവരെ താമസിച്ച് കച്ചവടം നടത്തിയതിനു ശേഷം ഡിസംബറിലോ ജനുവരിയിലോ നാട്ടിലേക്ക് മടങ്ങിപോവു കയായിരുന്നു പതിവ്. അക്കാലത്ത് ഒരു ഭാഗത്തേക്കുള്ള യാത്ര മുപ്പതുമുതൽ നാല്പതുദിവസംവരെ നീളുന്നതായിരുന്നു''.1

ഇസ്‌ലാം അതിന്റെ തുടക്കത്തിൽത്തന്നെ കേരളത്തിലെത്തി ച്ചേരുന്നതിന് അറബികളുടെ ആദ്യകാലവ്യാപാരബന്ധങ്ങൾ അനു കൂലസാഹചര്യങ്ങൾ സൃഷ്ടിച്ചു. ഭാരതത്തിലാദ്യമായി കേരള ത്തിൽ ഇസ്‌ലാം എത്തിച്ചേർന്നതിന്റെ കാരണവും അതായിരുന്നു. ഇവിടത്തെ ഭരണാധികാരികൾ മുസ്‌ലീങ്ങളോട് കാണിക്കുന്ന സൗഹാർദ്ദ മനോഭാവത്തെക്കുറിച്ച് അറബി സഞ്ചാരി സുലൈമാൻ (857) എഴുതിയിട്ടു ്. ഏഴാം നൂറ്റാ ു മുതൽ തന്നെ കേരളത്തിൽ ഇസ്‌ലാംമതം പ്രചരിക്കുകയും ഒമ്പതാം നൂറ്റാ ോടുകൂടി വ്യാപി ക്കുകയും ചെയ്തതിന് ന്യായങ്ങളു ്. തുഫ്ഹത്തുൽ മുജാഹി ദ്ദീൻ ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്ത റൗലൻസൺ, ബസറ യിലെ ഗവർണ്ണർ ഹജ്ജാജിന്റെ മകൻ യൂസുഫിന്റെ കാലത്തുതന്നെ (714) അറബികൾ ഇസ്‌ലാംമതപ്രചരണാർത്ഥം മലബാറിൽ വാസ മുറപ്പിച്ചതായി പറയുന്നു. സ്റ്റെറോക്ക്, ബർഹൻ, ഇബ്നുഹസൻ തുടങ്ങിയ ചരിത്രകാരന്മാരും ഇതേ പക്ഷക്കാരാണ്. സുലൈമാനെ കൂടാതെ ഇബ്നുഖുർദാദ്ബി, അൽബിറൂനി, അൽ ഇദ്രീസി, യാക്കൂബി, ഇഫ്നൽഫക്കി, ഇബ്നുറുസ്റ്റ്, അബൂസയ്ദ്, മസൂദി, അബുൽഫറജ്, ബെൻജമിൻ, ഇബ്നുഹൈക്കൽ, ഖസ്വിനി, ഇഷ്താഖുറി, മുഖുദി ശി, അബുൽഫിദാഅ്, ഇബ്നുബത്തൂത്ത, ദിമിഷ്ഖി, യാക്കൂബ്, അബ്ദുൽ റസാഖ്, മാഹ്വാൻ, മാർക്കോപോളോ, റശീദുദ്ദീൻ, അബ്ദുല്ലാ വസ്സാഫ് മുതലായ വിദേശസഞ്ചാരികളും കേരളരാജാ ക്കന്മാരുടെ മതസൗഹാർദ്ദത്തെക്കുറിച്ചും കേരളീയ അന്തരീക്ഷ ത്തിൽ ഇസ്‌ലാമിനോടുള്ള അവരുടെ ഇടപെടലുകളെക്കുറിച്ചും

രേഖപ്പെടുത്തിയിട്ടു ്. ഇതിൽ അൽ ഇദ്രീസിയാണ് (1153) കേരളത്തെ ആദ്യമായി 'മലബാർ' എന്നു വിളിച്ചത്.

അറബിലിപി പരിഷ്ക്കരിക്കുന്നതിനു(708)മുമ്പുള്ള ലിപിയിലെഴുതിയ ഒരു ശിലാലിഖിതം കണ്ണൂരിനടുത്ത് മാടായിയിൽനിന്നും ക ടുത്തു. ഇതിന്റെ കാലം ഹിജ്റ 5 (എ.ഡി. 626) എന്ന് അതിൽ രേഖപ്പെടുത്തിയിരിക്കുന്നു. കൊടുങ്ങല്ലൂർ പള്ളിയിലെ ലിഖിതത്തിൽ ഹിജ്റ 7 എന്ന് കാലം അടയാളപ്പെടുത്തിയിട്ടു ്. നബിയുടെ സമകാലികനും എറണാകുളത്തെ പട്ടരിക്കൽ ജുമാമസ്ജിദിൽ അടക്കം ചെയ്തവനുമായ മുഹമ്മദിബിനു റക്കാബിയുടെ ഖബറിൽ ഹിജ്റ 9 (630) എന്ന് കാണാം. ഉമവീ ഖലീഫമാരുടെ (666-750) കാലത്തെ സ്വർണ്ണനാണയങ്ങൾ കോതമംഗലത്തുനിന്നും കിട്ടിയിട്ടു ്. വടക്കേ മലബാറിലെ പന്തലായനിക്കൊല്ലത്തെ ശവപറമ്പിലെ മീസാൻ കല്ലിൽ ഹിജ്റ 166-ൽ (782) അലി-ബിൻ-ഉഥ്മാൻ മരിച്ചതായി കൊത്തിവച്ചിരിക്കുന്നു. ഈ ലിഖിതത്തെക്കുറിച്ച് ലോഗൻ ഇപ്രകാരം രേഖപ്പെടുത്തി ''കാലാവസ്ഥമൂലം ലിഖിതങ്ങൾ കുറേയേറെ മാഞ്ഞുപോയിട്ടു ങ്കിലും അക്കങ്ങൾ വ്യക്തമാണ്''.2 എ.ഡി.849ലെ തരിസാപ്പള്ളി ചെപ്പേടിൽ (സിറിയൻ ചെപ്പേട്) സാക്ഷികളായി ഒപ്പുവച്ചവരിൽ പതിനൊന്നുപേർ അറബികളാണ്. അറബിലിപിയുടെ ചതുരവടിവുള്ള (കൂഫി) കയ്യെഴുത്ത് രൂപത്തിലാണ് ഇതിലുള്ള ഒപ്പുകൾ. കേരളചരിത്രത്തിലെ ഒരു പ്രധാന രേഖയിൽ ഇത്രയും അറബികൾ സാക്ഷികളായി വന്നതിൽനിന്നു തന്നെ അന്നത്തെ കേരളീയ മുസ്ലീങ്ങളുടെ സാമൂഹിക നില തിരിച്ചറിയാൻ കഴിയും. കൂടാതെ മാലിക്ദിനാറും കൂട്ടരും ഇവിടെ പത്തോളം മുസ്ലിം പള്ളികൾ നിർമ്മിച്ചു. ഇത് ഇവിടത്തെ മുസ്ലീം പ്രാതിനിധ്യത്തെ അടയാളപ്പെടുത്തുന്ന ഒന്നാണ്. പള്ളികൾ നിർമ്മിച്ച ഇടങ്ങളെല്ലാം രാജ്യത്തെ വിഭവസമ്പന്നപ്രദേശങ്ങളും വ്യാപാരസൗകര്യങ്ങളുള്ള കേന്ദ്രങ്ങളുമാണ്. കൊടുങ്ങല്ലൂർ,




ധർമ്മടം, ചാലിയം, കൊല്ലം, പന്തലായനി, പഴയങ്ങാടി എന്നിവിടങ്ങൾ ഇതിൽ ശ്രദ്ധേയങ്ങളാണ്. സാമൂതിരിയുടെ പ്രജകളിൽ ഭൂരിഭാഗവും മുസ്ലീങ്ങളാണെന്നും കോഴിക്കോട്ടുതന്നെ മുപ്പതോളം പള്ളികളു ന്നും മാഹ്വാൻ (1409) പറയുന്നു ്.

യുദ്ധത്തിനും സവാരിക്കുമായി ദക്ഷിണേന്ത്യയിലേക്ക് കുതിരകളെ ഇറക്കുമതി ചെയ്തത് അറബികളായിരുന്നു. ഇസ്ലാമിന്റെ ആദ്യത്തെ ഖലീഫ അബൂബക്കർ സിദ്ദീഖിന്റെ കാലത്ത് (634) അവിടെനിന്നും പതിനായിരം കുതിരകളെ കേരളത്തിലേക്ക് ഇറക്കുമതി ചെയ്തതായി എലിയട്ടിന്റെ ചരിത്രം (1867 -77) ര ാം വാല്യത്തിലു ്. ഹർമോസ്, സോഹാർ, അദൻ എന്നിവിടങ്ങളിൽ നിന്നും കേരളത്തിലേക്ക് കുതിര ഒന്നിന് അഞ്ഞൂറ് ദീനാരം വില ഈടാക്കിക്കൊ ് അറബികൾ എത്തിച്ചിരുന്നതായി പതിമൂന്നാം നൂറ്റാ ിൽ കേരളം സന്ദർശിച്ച മാർക്കോപോളോ പറയുന്നു. തഖിയ്യുദ്ദീൻ അബ്ദുറഹ്മാൻ എന്നുപേരുള്ള മുസൽമാനായിരുന്നു സുന്ദരപാണ്ഡ്യ (1250-1268) രാജാവിന്റെ മന്ത്രിയും ഉപദേഷ്ടാവും. അദ്ദേഹത്തിന്റെ മൂത്തസഹോദരൻ ജമാലുദ്ദീൻ മദീനക്കാരനായിരുന്നു. ജമാലുദ്ദീൻ പേർഷ്യൻ ദീപുകളിൽ നിന്നും ഖത്തീഫ്, ലഹാ, ബഹ്റൈൻ, ഹർമോസ് തുടങ്ങിയ ഇടങ്ങളിൽ നിന്നും കുതിരകളെ ശേഖരിച്ച് മഅ്ബറിലേക്ക് - കൊല്ലം മുതൽ നെല്ലൂർ വരെയുള്ള ഭൂപ്രദേശം - അയച്ചിരുന്നതായി സഞ്ചാരികളായ റഷീദുദ്ദീനും (1300) അബ്ദുല്ലാ വസ്സാഫും (1327) രേഖപ്പെടുത്തിയിട്ടു ്. ഇതു കൂടാതെ പതിമൂന്നാം ശതകത്തിലു ായ ഉണ്ണിയച്ചീചരിതത്തിലെ 'ചോനക കുതിര ചോണോട്ടു വിറ്റാൽ നമുക്കാനയ്ച്ചുട നിര ായിരം കിട്ടും' എന്ന പ്രസ്താവവും സുവിദിതമാണല്ലോ.

ലോകമാർക്കറ്റിൽ ഇവിടെനിന്നുള്ള കച്ചവടസാമാനങ്ങളുടെ മൊത്തവ്യാപാരം നടത്തിക്കൊടുത്തിരുന്ന മധ്യവർത്തികൾ അറബികളായിരുന്നു. അവർ കോഴിക്കോടിനെ ഏറ്റവും വലിയ സമ്പന്നകേ

ന്ദ്രമാക്കി ഉയർത്തി. സാമൂതിരിമാരുടെ മുഖ്യവ്യാപാരികളിലൊരാൾക്ക് അന്നത്തെ ഒരു കപ്പൽ നിറയെ ചരക്കുകൾ വാങ്ങാൻ കഴിഞ്ഞിരുന്നുവെന്ന് ഇബ്നുബത്തുത്ത (1355)പ്രസ്താവിക്കുന്നു. സാമൂതിരിമാരുടെ ഖജനാവുകൾ സ്വർണ്ണനാണയങ്ങൾകൊ ു നിറഞ്ഞപ്പോൾ വിദേശീയരുടെ ഖജനാവുകൾ ആവശ്യാനുസരണം ചരക്കെടുക്കാൻ കഴിയാത്തവിധം കാലിയായിരുന്നു. ചരക്കുകൾ സത്യസന്ധമായി വിറ്റുകൊടുത്ത് സാമൂതിരിരാജ്യത്തെ അറബികൾ ഐശ്വര്യപൂർണ്ണമാക്കി. പ്രതിഫലമായി സാമൂതിരി അറബികളുടെ പരിചരണത്തിലുള്ള മുസ്ലീങ്ങൾക്ക് ശരീഅത്ത് അനുസരിച്ച് ജീവിക്കാനുള്ള സർവ്വവിധ ഒത്താശകളും സന്ദർഭാനുസരണം ചെയ്തുകൊടുത്തു. താത്കാലികമായും സ്ഥിരമായും നാട്ടുസ്ത്രീകളെ വിവാഹം ചെയ്യാനുള്ള അനുവാദം നൽകുക, മതം പ്രചരിപ്പിക്കാൻ ഖജനാവിൽ നിന്നും പണം നൽകുക, ശരീഅത്ത് തെറ്റിക്കുന്നവർക്കെതിരെ നടപടി സ്വീകരിക്കുക, ഇസ്ലാമിലേക്ക് മതപരിവർത്തനം നടത്തുവാനുള്ള സ്വാതന്ത്ര്യം നൽകുക, മഖ്ദൂമീങ്ങളെ സാമൂതിരിയുടെ ഉപദേശകരായി നിയമിക്കുക, കുഞ്ഞാലി മരയ്ക്കാന്മാരെ നാവികത്തലവന്മാരാക്കുക, തുറമുഖാധിപന് ഷാബന്തർ പദവി നൽകുക, കൊട്ടാര സൈന്യങ്ങളിലേക്ക് മുസ്ലീങ്ങളെ റിക്രൂട്ടു ചെയ്യുക, ഹിന്ദു-മുക്കുവജാതിയിലെ ഓരോ കുടുംബത്തിലേയും ഒന്നോ ഒന്നിലധികമോ കുട്ടികളെ മുഹമ്മദീയരായി വളർത്തുക, ഇസ്ലാമിലേക്ക് പരിവർത്തനം ചെയ്യുന്ന അധഃകൃതന് വർണ്ണവെറി കല്പ്പിക്കാതിരിക്കുക തുടങ്ങിയ എണ്ണമറ്റ സൗകര്യങ്ങൾ ഇസ്ലാം ഇവിടെ അതിവേഗം പ്രചരിക്കുന്നതിന് തടസങ്ങളു ാക്കിയില്ല. ഇസ്ലാംമതപ്രചരണത്തിന്റെ മറ്റൊരു അനുകൂലകാരണമായിരുന്നു അറയ്ക്കൽ സ്വരൂപത്തിന്റെ വളർച്ച. ഇവിടെ ഒരു മുസ്ലീം രാജവംശത്തിന്റെ അടിത്തറ കെട്ടിപ്പണിതതിന്റെ പിന്നിലെ, രാഷ്ട്രീയ കാലാവസ്ഥയുടെ പിന്നാമ്പുറമെന്തെന്ന് ഊഹിക്കാ




വുന്നതാണ്. സമ്പദ്വ്യവസ്ഥയിൽ അധിഷ്ഠിതമായുള്ള അറബിവർത്തകരുടെയും കേരളീയരാജാക്കന്മാരുടെയും പരസ്പരാശ്രിത സാമൂഹികക്രമത്തിന്റെ (Symbiotic Society) തണലിൽ ഒരുപരുക്കുമേൽക്കാതെ സമാധാനത്തോടെ ഇവിടെ ഇസ്ലാംമതം വളർന്നു.

മതപ്രബോധനത്തിനു വന്ന അറബികളിലധികംപേരും നാടുപേക്ഷിച്ച് ഇവിടെ സ്ഥിരതാമസമാക്കിയവരാണ്. അവർ കേരളത്തിലെ സ്ത്രീകളെ വിവാഹം കഴിച്ചു. ഈ വിവാഹബന്ധങ്ങളിലു ായ സങ്കരവംശപരമ്പരയെയും ഉത്തരകേരളത്തിൽനിന്ന് പരിവർത്തനത്തിലൂടെ ഇസ്ലാമിലേക്ക് കടന്നുവന്നവരേയും ഇന്ന് പൊതുവെ 'മാപ്പിളമാർ' എന്ന് വിവക്ഷിക്കുന്നു. ഇവിടെ നിലനിന്നിരുന്ന ജാതീയമായ ഉച്ചനീചത്വങ്ങളിൽ ഞെരിഞ്ഞമർന്ന ഒരു വലിയ ജനവിഭാഗം ഇസ്ലാമിന്റെ സമത്വഭാവനയിൽ ആകൃഷ്ടരായി. ഇതിനെക്കുറിച്ച് മഹാകവി കുമാരനാശാൻ മതപരിവർത്തനരസവാദത്തിൽ പാടി

'എത്രയോദൂരം വഴിതെറ്റിനിൽക്കേ ാ
രേഴചെറുമൻ പോയ് തൊപ്പിയിട്ടാൽ
മിത്രമവനെത്തിച്ചാരത്തിരുന്നിടാം
ചെറ്റും പേടിക്കേ തമ്പുരാരേ'

നിലവിലുള്ള സാമൂഹ്യവ്യവസ്ഥയുടെ സമ്മർദ്ദം നിമിത്തം ധാരാളം ജനങ്ങൾ സ്വമേധയാപുതിയ മതം സ്വീകരിച്ചതിൽ അത്ഭുതപ്പെടാനൊന്നുമില്ല. പ്രൊഫസർ ആർനോൾഡ് വിശ്വസിക്കുന്നതുപോലെ വർഗ്ഗവ്യത്യാസങ്ങളുടെ അഭാവമാണ് ഇസ്ലാമിന്റെ യഥാർത്ഥ ശക്തി. ഈ വർഗ്ഗവ്യത്യാസമില്ലായ്മയാണ് ഹിന്ദുക്കളിൽനിന്നും ധാരാളം പരിവർത്തകരെ ഇസ്ലാമിന് നേടിക്കൊടുത്തത്. മുസ്ലീങ്ങൾ വർദ്ധിച്ചുകൊ ിരിക്കുന്നതിന്റെ പ്രധാന കാരണങ്ങളിലൊന്നായി ലോഗൻ ചൂ ിക്കാണിച്ചതും താഴ്ന്ന ജാതിക്കാരുടെ

മതപരിവർത്തനമാണ്. ഏഴാം നൂറ്റാ ിൽ ഭരണകൂടത്തിന്റെ പിൻബലത്തോടെ പ്രചാരം ആരംഭിച്ച് ഒമ്പതാം നൂറ്റാ ോടുകൂടി ഇസ്ലാംമത വിശ്വാസികളായ മാപ്പിള സമുദായം ഇവിടെ പുഷ്ടി പ്പെട്ടുതുടങ്ങിയെങ്കിൽ അതിൽ അതിശയോക്തിയില്ല. അറബിക ളുടെ കേരളീയബന്ധങ്ങളിൽനിന്നും പ്രത്യേക വിശ്വാസവും സംസ്കാരവും സിദ്ധിച്ച മാപ്പിള സമുദായത്തിന്റെ വാമൊഴിവഴക്ക മാണ് മാപ്പിളമലയാളം. പൊതുമലയാളത്തിന്റെ ബലപ്പെട്ടൊരു ഭാഷാഭേദം കൂടിയായ മാപ്പിളമലയാളത്തിന്റെ വരമൊഴിരൂപമാണ് അറബിമലയാളം. കേരളത്തിലെ മുസ്ലീംജനതയുടെ സംസ്കാ രവും ജീവിതവും ഉൾക്കൊ ിട്ടുള്ള ഒരു ഭാഷാഭേദമെന്ന നിലയിൽ മാപ്പിളമലയാളം പരിഗണിക്കപ്പെടേ ഒന്നാണ്. സ്വന്തമായി ലിപി യുള്ള മലയാളത്തിലെ ഏക ഭാഷാഭേദംകൂടിയാണിത്. അറബിമല യാളത്തിനു പുറമെ ശുദ്ധ അറബി ഭാഷയിലും മാപ്പിളമാർ ചരിത്ര പ്രാധാന്യമുള്ള രചനകൾ നടത്തിയിട്ടു ്.

ഇസ്ലാമിക പ്രബോധനത്തിനുവന്ന അറബികൾ മാപ്പിള ജനതയ്ക്ക് മതബോധം നല്കുന്നതിന് പ്രാദേശികഭാഷയെ അറബി ലിപികളിൽ എഴുതിക്കൊ ് അറബിമലയാളത്തിന് പ്രാരംഭം കുറി ച്ചു. എവിടെച്ചെന്നാലും പ്രാദേശികഭാഷ തങ്ങളുടെ ലിപിയിലെഴു തുന്ന ഒരു രാഷ്ട്രീയം അറബികൾക്കിടയിൽ ഉ ായിരുന്നു. അത വർ പലയിടത്തും നടപ്പിലാക്കി വിജയിച്ചവരാണ്. ര ാം ഖലീഫ ഉമറിന്റെ കാലത്ത് (634-644) അറബികൾ ഇറാനിൽ ചെന്നു. അവി ടത്തെ ഭാഷ പഹ്ലവിയായിരുന്നു. ലിപിയുള്ള ഭാഷയായിരുന്നു പഹ്ലവി. അറബികൾ ആ ഭാഷ സ്വന്തം ലിപിയിലെഴുതിത്തുടങ്ങി. അങ്ങനെയാണ് ഇന്നത്തെ പേർഷ്യൻ ലിപി (ഫാഴ്സി) ഉ ായത്. ഉത്തരാഫ്രിക്ക, മധ്യാഫ്രിക്ക, ബാൾക്കൻ ഉപദ്വീപ്, തുർക്കി, മധ്യേ ഷ്യ, ഇന്ത്യ, ദക്ഷിണേഷ്യ, പൂർവേഷ്യ തുടങ്ങിയ ഇടങ്ങളിൽ അറ ബിഭാഷയുടെ രൂപഭേദങ്ങൾ കാണാം.





മതം പ്രചരിപ്പിക്കുന്നതിനും ഭാഷ പഠിക്കുന്നതിനും വന്നവ രൊക്കെ സാധാരണ നിലയിൽ പ്രാദേശികഭാഷ പഠിക്കുകയാണ് പതിവ്. തമിഴ് പഠിച്ചെടുത്തതിനുശേഷമാണ് സെന്റ് ഫ്രാൻസിസ് തമിഴരെ മതം പഠിപ്പിക്കാൻ തുടങ്ങിയത്. അദ്ദേഹം സ്വന്തം കൈപ്പ ടയിൽ തമിഴ് ഭാഷയിലെഴുതി മതം പ്രചരിപ്പിച്ചിരുന്ന വേദോപദേശ ശതകം ക ുകിട്ടിയിട്ടു ്. ഹെർമ്മൻ ഗു ർട്ടും റോബർട്ട് കാൾഡ്വലുമൊക്കെ അങ്ങനെയാണ് ചെയ്തത്. നാട്ടുമൊഴി അറബി ലിപികൊ െഴുതുന്നതിന്റെ പിന്നിലുള്ള രാഷ്ട്രീയത്തിന്റെ ഉത്പ ന്നങ്ങളാണ് അറബി-മലയാളം, അറബി-തമിഴ്, അറബി-ഗുജറാത്തി, അറബി-കന്നഡ, അറബി-തെലുങ്ക്, അറബി-സിന്ധി, അറബി-പഞ്ചാബി, അറബി-സിംഹള, അറബി-മാലി, അറബി-തുർക്കിസ്ഥാനി, അറബി-താഷ്ക്കന്റ്, അറബി-കാശ്മീരി, അറബി-പുഷ്ട് തുടങ്ങിയ അനേകം മിശ്രരൂപങ്ങൾ. മുഗളന്മാരുടെ കാലത്ത് പേർഷ്യൻ ലിപിയെ അനുകരിച്ച് ഹിന്ദി എഴുതിത്തുടങ്ങിയതിൽ നിന്നും ഉറുദു ജീവൻ വച്ചു. അറബിയിലില്ലാത്ത ഏഴ് അധിക ലിപികൾ മാത്രമേ ഉറുദുവിലുള്ളൂ. മൊത്തത്തിൽ നോക്കുമ്പോൾ ആകസ്മികമായി പിറന്നുവീണ ലിപിസങ്കേതമല്ല അറബിമലയാളം. അറബിമലയാള ത്തിന്റെ അനുകരണമെന്നോണം രൂപംകൊ മറ്റൊരു ലിപിസമ്പ്ര ദായമാണ് 'കുറുസോനി' ലിപി. പരിഷ്കരിച്ച സുറിയാനി ലിപിക ളിൽ മലയാളം എഴുതുന്ന രീതിയാണിത്. സീറോ മലബാറിക്ക എന്നും സിറിയൻമലയാളമെന്നും പേരുള്ള ഈ ലിപിരൂപത്തിന് ഏറെക്കാലം പിടിച്ചുനിൽക്കാനായില്ല.

''ആര്യബ്രാഹ്മണരായ നമ്പൂതിരിമാരുടെയും നാട്ടുകാരു ടെയും സമ്പർക്കത്തിന്റെ ഫലമായി മണിപ്രവാളമെന്ന സങ്കരഭാഷ വളർന്നുവന്നതുപോലെയാണ് അറബികളുടെയും നാട്ടുകാരുടെയും സമ്പർക്കംകൊ ് മാപ്പിളമലയാളം രൂപം കൊ ത്''[3] എന്നാണ് ശൂരനാട് കുഞ്ഞൻപിള്ള അറബിമലയാളത്തെ നിർവചിച്ചിരിക്കുന്ന

ത്. അറബി എഴുതുന്നതുപോലെ ഇടത്തുനിന്നും വലത്തോട്ടെഴു തുന്ന രീതിയാണ് അറബിമലയാളത്തിന്റേത്. എഴുത്ത് അറബി യിലും വായന മലയാളത്തിലുമായ ഒരു മിശ്രഘടന. അറബിമലയാ ളത്തെക്കുറിച്ച് ആധികാരികമായി പഠിച്ച ഗവേഷകരിൽ അധികം പേരും ഒമ്പതാം ശതകം മുതൽ അതിന്റെ ഉത്പത്തികാലം തീർച്ച പ്പെടുത്തി. ഒ.അബുവും കെ.എ.ജലീലുമൊക്കെ അറബിമലയാള ത്തിന്റെ കാലത്തെക്കുറിച്ച് ഇതേ പക്ഷക്കാരാണ്. കെ.എ.ജലീൽ അതിനെ സംബന്ധിച്ച് പറഞ്ഞതിങ്ങനെയാണ് ''ക്രിസ്ത്വബ്ദം ഒമ്പതാം നൂറ്റാ ിൽ തന്നെ അറബിമലയാളം നിലവിൽവന്നിരുന്നു എന്നുവേണം കരുതാൻ. മതപ്രചരണാർത്ഥം കേരളത്തിലെത്തിയ അറബികൾ നാട്ടുമൊഴി അറബിയിൽ പകർന്നാണ് ഇതിന്റെ തുടക്കം കുറിച്ചത്. ക്രമേണ അറബിലിപിയിൽ പുള്ളിയും മറ്റ് അട യാളങ്ങൾ ചേർത്തും പ്രാദേശികഭാഷ കൂടുതൽ കാര്യക്ഷമമായി എഴുതുവാൻ തുടങ്ങി''4. ക ുകിട്ടിയ അറബിമലയാളലിപിയിലെഴു തിയ ആദ്യ കൃതി 1607-ൽ ഖാസി മുഹമ്മദ് എഴുതിയ മുഹിയ ദ്ദീൻമാലയാണ്. പക്വതയാർന്ന ഭാഷാരീതിയാണ് ഈ കീർത്തനകാ വ്യത്തിന്റേത്. അതുകൊ ിതിനെ അറബിമലയാളസാഹിത്യ ത്തിലെ ഒന്നാമത്തെ രചനയായി പരിഗണിക്കാൻ കഴിയില്ല. ഖാദി രിയ്യാ ത്വരീഖത്തിന്റെ പാഠപുസ്തകമായതിനാൽ പ്രസ്തുത കൃതി അവശേഷിച്ചെന്നേയുള്ളൂ. 1860-കൾ ആകുമ്പോഴേക്കും അറബിമല യാളകൃതികൾ അച്ചടിച്ചു തുടങ്ങി. അതിന് മുമ്പുള്ള എത്രയോ കയ്യെഴുത്ത് പ്രതികൾ നഷ്ടപ്പെട്ടിട്ടു ാകാം. വാമൊഴിയായി പകർന്നുവന്ന പ്രാചീനങ്ങളായ ധാരാളം മാപ്പിളപ്പാട്ടുകളും താരാട്ടു പാട്ടുകളും അറബിമലയാളപ്രസ്ഥാനത്തിൽ ഇന്നും നിലനില്ക്കു ന്നു ്.

മലബാറിലെ സസ്യവൈവിധ്യങ്ങളെക്കുറിച്ച് ഡച്ച് ഗവർണർ ഹെൻട്രിക് വാൻ റീഡിന്റെ നേതൃത്വത്തിൽ തയ്യാറാക്കിയ





ഹോർത്തൂസ് ഇൻഡിക്കൂസ് മലബാറിക്കൂസിന് കേരളചരിത്രത്തിൽ പ്രത്യേക സ്ഥാനമാണുള്ളത്. മലയാള ലിപി ആദ്യമായി അച്ചടിച്ച പ്രസ്തുത ഗ്രന്ഥത്തിൽ അറബിമലയാളവും ഇടം പിടിച്ചിട്ടു ്. ലാറ്റിൻ, മലയാളം, അറബി, കൊങ്കിണി എന്നീ നാലു ഭാഷാലിപിക ളുപയോഗിച്ച് സസ്യലതാതികളുടെ പേരുകൾക്ക് ഇതിൽ ലിപ്യന്ത രണം (transliteration) നടത്തിയിട്ടു ്. വാൻ റീഡ് പറയുന്ന ഹോർത്തൂസിലെ അറബിലിപിയിലുള്ള ലിപ്യന്തരണങ്ങളെല്ലാം ഗ്രഹിക്കാൻ അറബിലിപി പരിചയമുള്ള ഒരാൾക്ക് ഇന്ന് ബുദ്ധിമുട്ടാ ണ്. കാരണം അറബി ഭാഷയിലില്ലാത്ത അറബിമലയാളലിപികൾ കൂടി അതിൽ കലർന്നിട്ടു ്. വാൻ റീഡ് ഈ കൂടിക്കലരൽ തിരിച്ച റിഞ്ഞില്ലെന്നു സാരം.

മദ്രസകളുടെ ചട്ടക്കൂടിൽ മാത്രം ഒതുങ്ങി നില്ക്കുന്ന നില വിട്ട് സാഹിത്യമാധ്യമമെന്ന നിലയ്ക്ക് വളർന്നുവികസിക്കാൻ കഴിഞ്ഞു എന്നതാണ് അറബിമലയാളത്തിന്റെ വിജയം. അറബിമല യാളത്തിൽ വിവിധ ശാഖകളിലായി നിരവധി കൃതികൾ ഉ ായിക്ക ഴിഞ്ഞു. മാലപ്പാട്ടുകൾ (കീർത്തനങ്ങൾ), പടപ്പാട്ടുകൾ, കിസ്സപ്പാട്ടു കൾ, കാല്പനികകാവ്യങ്ങൾ, വഫാത്ത് പാട്ടുകൾ (വിലാപകാവ്യ ങ്ങൾ), സർക്കീട്ട് പാട്ടുകൾ (യാത്രാകാവ്യങ്ങൾ), നേർച്ചപ്പാട്ടുകൾ, കത്തുപാട്ടുകൾ എന്നിങ്ങനെ പദ്യവിഭാഗങ്ങളിലായി ഒട്ടേറെ കൃതി കൾ രചിക്കപ്പെട്ടു. കൂടാതെ ചരിത്രം, ഫിഖ്ഹ് (ഇസ്‌ലാമിക കർമ്മ ശാസ്ത്രം) സ്വപ്നവ്യാഖ്യാനം, ഖുർആൻ തഫ്സീർ, ഫത്‌വ (നിയ മാവലി), ചികിത്സാശാസ്ത്രം, ഭാഷാശാസ്ത്രം, കഥ, നോവൽ, ഉപ ദേശഗാനം, ബൈബിൾ വിവർത്തനം, പത്രമാസികകൾ തുടങ്ങി നിരവധി മേഖലകളിലായി അത് വളർന്നു പന്തലിച്ചു. കുഞ്ഞായിൻ മുസ്‌ലിയാർ, മോയിൻകുട്ടിവൈദ്യർ, പുലിക്കോട്ടിൽ ഹൈദർ, ജമീ ലാബീവി, കു ിൽ കുഞ്ഞാമിന, പി.ആയിശക്കുട്ടി, ഹലീമാ ബീവി

തുടങ്ങിയവർ അറബിമലയാള കാവ്യശാഖയെ സമ്പന്നമാക്കിയവരിൽ മുൻനിരക്കാരാണ്.

മാപ്പിളമലയാളത്തിന്റെ സാഹിത്യസമ്പന്നതയുടെ വലുപ്പത്തെക്കുറിച്ച് – തെല്ലൊരതിശയോക്തി കലർന്നതാണെങ്കിലും – ശൂരനാട്ട് കുഞ്ഞൻപിള്ളയുടെ അഭിപ്രായം പ്രസക്തമാണ്. ''പ്രകാശിതവും അപ്രകാശിതവുമായ ആയിരക്കണക്കിന് ഗദ്യപദ്യപുസ്തകങ്ങൾ അറബിമലയാളത്തിലുെ ന്നു കേൾക്കുന്നു. കേരളയാത്രയ്ക്കിടയിൽ അവയിൽ പലതും ഞാൻ വായിച്ചുകേട്ടു. എല്ലാ ശാസ്ത്രങ്ങളെയും കുറിച്ചുള്ള നിലവാരം പുലർത്തുന്ന ഗ്രന്ഥങ്ങളും നിഘ ുക്കളും അതിൽപ്പെടുന്നു. കണ്ണൂരിലെ അറയ്ക്കൽ അലി രാജാവിന്റെ പിൻഗാമികൾ കേരളം അടക്കിവാണിരുന്നുവെങ്കിൽ മലയാളഭാഷയുടെ സർവാംഗീകൃത ലിപി തന്നെ അറബിമലയാളമാവുമായിരുന്നു''.5 പത്തൊമ്പതാം നൂറ്റാ ിന്റെ മധ്യംവരെ ഒരു മുസ്‌ലീം എഴുത്തുകാരനും മലയാളലിപിയിൽ രചന നടത്തിയതായി ക െത്തിയിട്ടില്ല. സനാഹുള്ള മക്തി തങ്ങളുടെ (1847–1912) കഠോരകുഠാരമാണ് മലയാളലിപിയിലെഴുതിയ ആദ്യ മുസ്‌ലീം രചന. അതുവരെയുള്ള കേരളീയ മുസ്‌ലീം സമുദായത്തിന്റെ ചരിത്രവും സാഹിത്യപാരമ്പര്യവും സ്വത്വാവിഷ്കാരങ്ങളും അറബിമലയാളത്തെ മാറ്റിനിർത്തി പഠിക്കുക അസാധ്യം.

മലബാർ പോലീസ് സൂപ്ര ായിരുന്ന ഫ്രെഡ് ഫാസറ്റാണ് അറബിമലയാളത്തെക്കുറിച്ച് ആദ്യം പഠിച്ച അമുസ്‌ലീം. ആയിരത്തിത്തൊള്ളായിരത്തിൽ ഇന്ത്യൻ ആന്റിക്വയറിയിൽ 'വാർ സോങ് ഓഫ് മലബാർ' എന്ന തലക്കെട്ടോടുകൂടി ഫാസറ്റ് ലേഖനം പ്രസിദ്ധീകരിച്ചു. മോയിൻകുട്ടി വൈദ്യരുടെ കൃതികളുടെ ചില ഭാഗങ്ങൾ ഇതിൽ മൊഴിമാറ്റിയിട്ടു ്. വായിച്ചു ഗ്രഹിക്കാനുള്ള ബുദ്ധിമുട്ടുകാരണം അറബിമലയാള രചനകളുടെ പഠനം വിപുലമായി നടന്നില്ല. അറബികൾക്കോ അറബിലിപി പരിചയമില്ലാത്ത മറ്റ് ഭാഷ





ക്കാർക്കോ പരിഷ്കൃത അറബിമലയാള ലിപി പരിശീലനമില്ലാതെ വായിക്കാൻ സാധ്യമല്ല. അതുകൊ ാണ് ബഷീർ അറബിമലയാളത്തെ മുസ്‌ലീങ്ങളുടെ എഴുന്നൂറു കൊല്ലത്തെ മ ത്തരമായി കണക്കാക്കിയത്. അത് കേരളീയ മുസ്‌ലീങ്ങളുടെ ഇടയിൽ മാത്രം കിടന്ന് കറങ്ങുകയായിരുന്നു. അറബിമലയാളലിപി പരിചയം എന്നല്ലാതെ എന്താണ് ഈ ആക്ഷേപത്തിനുള്ള മറുപടി.

**കുറുപ്പുകൾ**


1. Smith, Vincent Arthur.; The Early History of India From 600 B.C. to the Muhammadan Conquest, p.697, 1904.
2. William Logan, Malabar. Vol.1, p.196, 1951.
3. ഷംസുദ്ദീൻ, കെ.ഒ.; മാപ്പിളമലയാളം, ഒരു ഭാഷാമിശ്രം (അവതാരിക), പുറം–3, 1978.
4. ജലീൽ,കെ.എ.; ലിപികളും മാനവസംസ്ക്കാരവും, പുറം–276 –277, 1988.
5. കാരശ്ശേരി എം.എൻ., അറബിമലയാളം: സംരക്ഷിക്കണം പക്ഷേ, പഠിപ്പിക്കരുത് (അഭിമുഖം), മാതൃഭൂമി ആഴ്ചപ്പതിപ്പ്, പുറം–34, 2017 ഒക്ടോബർ 29 – നവംബർ 4.


**സഹായകഗ്രന്ഥങ്ങൾ**


1. അബു. ഒ.; അറബിമലയാളസാഹിത്യചരിത്രം, 1970.
2. അബ്ദുൽ ഖയ്യൂം, വി.; പ്രാചീനമലബാർ, 1954.
3. അബ്ദുറഹിമാൻകുട്ടി, ടി.വി.; മുസ്ലീം വിദ്യാഭ്യാസം അലിഫ് മുതൽ ഐ.എ.എസ്.വരെ, 2013.
4. കാരശ്ശേരി, എം.എൻ.; അറബിമലയാളം : സംരക്ഷിക്കണം പക്ഷേ, പഠിപ്പിക്കരുത് (അഭിമുഖം), 2017 ഒക്ടോബർ 29–നവംബർ 4.

5. കുഞ്ഞൻപിള്ള, ഇളംകുളം; കേരളചരിത്രത്തിലെ ഇരുളടഞ്ഞ ഏടുകൾ, 1953.

6. നാരായണൻ, എം.ജി.എസ്.; ചരിത്രം വ്യവഹാരം കേരളവും ഭാരതവും, 2015.

7. ജലീൽ, കെ.എ.; ലിപികളും മാനവസംസ്ക്കാരവും, 1988.

8. ബഹാവുദ്ദീൻ, കെ.എം. പ്രൊഫ.; കേരളമുസ്ലീംകൾ ചെറുത്തുനില്പിന്റെ ചരിത്രം, 2004.

9. ബാലകൃഷ്ണപിള്ള, എ. കേസരി; ചരിത്രത്തിന്റെ അടിവേരുകൾ, 2012.

10. ശൈഖ് സൈനുദ്ദീൻ; കേരളം പതിനഞ്ചും പതിനാറും നൂറ്റാ  ു കളിൽ (വിവ: വേലായുധൻ പണിക്കശ്ശേരി) നാഷണൽ ബുക് സ്റ്റാൾ, കോട്ടയം, 1970.

11. ഷംസുദ്ദീൻ, കെ.ഒ.; മാപ്പിളമലയാളം - ഒരു ഭാഷാമിശ്രം, 1978.

12. Innes, C.A.; Malabar Gazetteer, Government of Kerala, Gazetteer Department, 1997.

13. Smith, Vincent Arthur.; The Early History of India From 600 B.C. to the Muhammadan Conquest, 1904.

14. William Logan, Malabar, Vol.1, 1951.

**കെ. മൻജിദ് മാനെ**
ഗവേഷക വിദ്യാർത്ഥി

# കോഴിക്കോടൻ ഗ്രന്ഥവരി

**ആശ. സി.എസ്**

കോവിലകങ്ങളിലും ഇല്ലങ്ങളിലും ക്ഷേത്രങ്ങളിലും എഴുതി സൂക്ഷിച്ചിട്ടുള്ള വസ്തു സ്ഥിതി വിവരരേഖകളാണ് ഗ്രന്ഥവരികൾ. കേരളത്തിന്റെ സാംസ്കാരിക-ചരിത്ര-ഭാഷാ പഠനത്തിൽ ഇവ നൽകുന്ന സഹായം വിലമതിക്കാവുന്നതല്ല.

സാമൂതിരിമാരുടെ കാലത്ത് നടന്ന ചില സംഭവങ്ങൾ, ആചാര അനുഷ്ഠാനങ്ങൾ, ചടങ്ങുകൾ, ഉത്സവങ്ങൾ, വരവ് ചെലവ് കണക്കുകൾ, ക്രയവിക്രയങ്ങൾ ഇവ വിസ്തരിച്ച് എഴുതിയവയാണ് കോഴിക്കോടൻ ഗ്രന്ഥവരികൾ. ഇതിൽ നാശത്തെ അതിജീവിച്ച അറുപതോളം (അഞ്ച് വട്ടെഴുത്ത്, കോലെഴുത്ത് ഗ്രന്ഥങ്ങൾ ഉൾപ്പെടെ) താളിയോല ഗ്രന്ഥങ്ങളും കടലാസു പുസ്തകങ്ങളുമാണ് ഇന്ന് ലഭ്യമായ കോഴിക്കോടൻ ഗ്രന്ഥവരി.

പതിനാറാം നൂറ്റാ ുമുതൽക്കുള്ള കേരളത്തിന്റെ ചരിത്ര നിർമ്മിതിക്ക് ഉപയോഗിക്കാവുന്ന സാമാന്യം വിപുലമായ ഒരു രേഖാസമുച്ചയം കോഴിക്കോടു സാമൂതിരിമാർ സൂക്ഷിച്ചു പോന്നു. സാമൂതിരിചരിത്രം തയ്യാറാക്കുവാൻ കോവിലകം ഗ്രന്ഥപ്പുര ആദ്യം





പരിശോധിച്ചത് കെ.വി. കൃഷ്ണയ്യരാണ്. അദ്ദേഹം പ്രസ്തുത രേഖകളെ 'കോഴിക്കോടൻ ഗ്രന്ഥവരി' എന്നു വിളിച്ചു.

പതിനാറാം നൂറ്റാ ിന്റെ ആദ്യപാദം മുതൽ പതിനെട്ടാം നൂറ്റാ ുവരെയുള്ള വിവരങ്ങളാണ് ഈ താളിയോല ഗ്രന്ഥങ്ങൾ നൽകുന്നത്. ഗ്രന്ഥവരിയുടെ കാലത്തെകുറിച്ച് വ്യത്യസ്ത അഭിപ്രായങ്ങളാണ് നിലവിലുള്ളത്. കൊല്ലവർഷം 735 ൽ (എ.ഡി 1560) എഴുതിയ രേഖയാണ് ഏറ്റവും പഴക്കമുള്ളതെന്ന് കെ.വി. കൃഷ്ണയ്യർ അഭിപ്രായപ്പെടുന്നു. എന്നാൽ കൊല്ലവർഷം 713-ലെ (എ.ഡി 1538) ഒരു വാകതളി വിവരണമാണ് ഇന്ന് ലഭ്യമായ ഗ്രന്ഥങ്ങളിൽ ഏറ്റവും പഴയതെന്നാണ് എൻ.എം. നമ്പൂതിരിയുടെ പക്ഷം.

സാമൂതിരി കോവിലകത്തെ ചടങ്ങുകളുമായി ബന്ധപ്പെട്ട വിവരണങ്ങളാണ് ഗ്രന്ഥവരികളിൽ അധികവും. ആചാരം എന്ന മട്ടിൽ കോലവിലകത്ത് നടത്തിവന്ന മതപരമായ ചടങ്ങുകളാണ് അവ. ജനനം മുതൽ മരണം വരെയുള്ള സാമൂതിരിമാരുടെ ജീവിതം ആചാരവത്ക്കരിക്കപ്പെട്ടവയാണ്. ഇവയിൽ മതപരമായ ചടങ്ങുകളും രാജകീയചടങ്ങളുകളും ഉ ്. കോഴിക്കോട് നാട്ടുരാജ്യത്തിലെ രാജകീയ ചടങ്ങുകളിൽ പ്രധാനമായവ തിരുമുടിപ്പഴവരിച്ചാർത്ത് (സ്ഥാനാരോഹണം) ഉടവാളണക്കൽ (ഉടവാൾ സ്വീകരിക്കൽ) തിരുമാസം (സാമൂതിരി തീപ്പെട്ടതിനെതുടർന്നു ഒരു വർഷത്തെ ദീക്ഷ പൂർത്തിയാവുന്ന മാസത്തെ ചടങ്ങുകൾ) തിരുവന്തളി (മരണാനന്തരചടങ്ങുകൾ), തിരുമുടിയിറക്കൽ (മുടിമുറി) തുടങ്ങിയവയാണ്.

ക്ഷേത്രങ്ങളിൽ നടത്തിയിരുന്ന ദാനങ്ങൾ, ഊട്ടുകൾ എന്നിവയെ കുറിച്ചുള്ള രേഖകളും ഗ്രന്ഥവരിയിൽ നിന്നും ലഭിക്കുന്നു.

പാപ്പിനിവട്ടത്തൂട്ട്, തിരുനാവായ ഊട്ട്, പന്നിയംകരെ ഊട്ട് എന്നിവയുടെ വിശദമായ വിവരണങ്ങളും തിരുനാവായ വിളക്ക് മുതലായ ചടങ്ങുകളുടെ കണക്കുകളും കൃത്യമായി രേഖപ്പെടുത്തിയിരിക്കുന്നു.

മാമാങ്കം, തൈപ്പൂയ ആഘോഷം, പട്ടത്താനം എന്നിവയുടെ പരാമർശങ്ങളും അവയുടെ കണക്കുകളും ഗ്രന്ഥവരിയിലു ്. 'മാമാങ്കം' എന്ന് അപൂർവ്വമായേ എഴുതിക്കാണുന്നുള്ളു. 'മാമാകം' എന്നാണ് കാണുന്നത്. മാമാങ്കം മാത്രമല്ല തൈപ്പൂയവും തിരുനാവായയിൽ വിപുലമായി ആഘോഷിച്ചിരുന്നതായി രേഖകൾ വ്യക്തമാക്കുന്നു. ഗ്രന്ഥവരിയിൽ കാണുന്ന തൈപ്പൂയ വിവരണങ്ങളും പരാമർശങ്ങളും മാമാങ്കവിവരണങ്ങളും പരിശോധിച്ചാൽ സാമൂതിരികാലഘട്ടത്തിലെ ആഘോഷങ്ങളുടെ ആദ്യഘട്ടം നമുക്ക് ക ത്താൻ കഴിയും.

പൂരം, വേട്ടക്കൊരുമകൻ പാട്ട്, ഓണം, വിഷു തുടങ്ങിവയെ കുറിച്ചുള്ള വിവരണങ്ങളും പരാമർശങ്ങളും അക്കാലത്തെ സംസ്കാരിക വൈവിധ്യങ്ങൾ വിളിച്ചോതുന്നവയാണ്. രാമായണം സുന്ദരകാണ്ഡം,ആയൂർവ്വേദ മരുന്നുകളെ കുറിച്ച് പ്രതിപാദിക്കുന്ന ഗ്രന്ഥം ഇവയെല്ലാം പതിവു പ്രമേയങ്ങളിൽ നിന്ന് വ്യത്യസ്തത പുലർത്തുന്നു.

ഇംഗ്ലീഷ്, ഡച്ച്, പോർച്ചുഗീസ് പരാമർശങ്ങൾ, യുദ്ധങ്ങളുടെ വിവരണങ്ങൾ, മത്സരങ്ങൾ, പ്രായശ്ചിത്തങ്ങൾ, പിഴകൾ എന്നിവയുടെ പൂർണ്ണ രേഖകളും ചാവേറുകളെ കുറിച്ചുള്ള പരാമർശവും കോഴിക്കോടിന്റെ ചരിത്ര സാംസ്ക്കാരിക ചിഹ്നങ്ങളായി വായിക്കാവുന്നതാണ്.





ഗുരുവായൂർ ക്ഷേത്ര ഗോപുരം പണിയിച്ച വിവരവും ടിപ്പുവിന്റെ പടയോട്ടകാലത്ത് കോവിലകത്തെ അംഗങ്ങൾ വേണാട്ടിലെ കുന്നത്തൂർ കോവിലകത്തേക്ക് മാറി താമസിച്ചപ്പോഴത്തെ പൂർണമായ രേഖകളും കേരളത്തിന്റെ ചരിത്രരേഖകളായി അയാളപ്പെടുത്താം.

പാട്ടം (ഭൂനികുതി വാടക), അങ്കം (ര ു പേർ തമ്മിലുള്ള തർക്കം തീർക്കുന്നതിനുള്ള മത്സരത്തിനു നൽകേ പണം) ചുങ്കം (വാണിജ്യനികുതി), തിരുമുൽക്കാഴ്ച (സാമൂതിരിക്ക് നൽകേ വസ്തുക്കൾ/പണം) പുരുഷാന്തരം (നാടുവാഴികളും ദേശവാഴികളും കാര്യനിർവ്വാഹകരും സ്ഥാനാരോഹണം നടത്തുമ്പോൾ നൽകേ പണം) എന്നിങ്ങനെ അനേകം ഇനങ്ങളിൽ സാമൂതിരിക്ക് ലഭിക്കുന്ന വരുമാനത്തെ കുറിച്ച് കോഴിക്കോടൻ ഗ്രന്ഥവരിയിൽ നിന്ന് സൂചന ലഭിക്കുന്നു ്.

വഴിപാടുകണക്ക്, ദക്ഷിണക്കണക്ക്, കുറ്റിക്കണക്ക് എന്നിങ്ങനെ ഓരോ ഭരണനടപടിക്രമങ്ങളുടെയും വരവ് ചെലവുകളും ചടങ്ങുകളും അനുഷ്ഠാനങ്ങളും ഒരുമിച്ച് വിവരണമായി പറഞ്ഞുപോകുന്ന രീതിയാണ് ആദ്യകാലങ്ങളിൽ കാണുന്നത്. എന്നാൽ പിൽക്കാലഗ്രന്ഥങ്ങളിൽ എല്ലാതരത്തിലുമുള്ള വിവരങ്ങളും വ്യത്യസ്ത ഏടുകളിലായി രേഖപ്പെടുത്തുന്നു. വിവരണാത്മകമായ ഈ കണക്കുകൾ ആമുഖവിവരണത്തോടെ ആരംഭിച്ച് വരവ് ചെലവ് കണക്കുകളിൽ ചെന്നവസാനിക്കും. സംഭവങ്ങൾക്കിടക്ക് പണച്ചെലവ് വന്നാൽ അതതു സന്ദർഭങ്ങളിൽ അതും പറയും. തുകയും ആർക്ക് എന്തിനു കൊടുത്തു എന്നും പറയും.

ഉറുപ്പിക, ചക്രം, വരാഹൻ, സാമൂതിരിയുടെ നാണയമായ വീരരായൻ പണം തുടങ്ങി ഒട്ടേറെ നാണയങ്ങളെ കുറിച്ച് ഗ്രന്ഥവരിയിൽ പരാമർശമു ്. ഉരി, നാഴി, അഴിയൻ, ഇടങ്ങഴി, പലം, പണമിട, മുഴം, നാഴിക, അടി തുടങ്ങിയ വിവിധ അളവ് തൂക്കങ്ങൾ ഈ കാലത്ത് നിലവിലു ായിരുന്നു.

രാജകീയ എഴുന്നള്ളത്തിന്റെ വിവരണങ്ങൾ ഗ്രന്ഥവരിയിൽ ലഭ്യമാണ്. നാടിന്റെ സാമാന്യ ചരിത്രം, പ്രധാനപ്പെട്ട ക്ഷേത്രങ്ങൾ, കോവിലകങ്ങൾ എന്നിവയെപ്പറ്റിയും അക്കാലത്തെ ഗതാഗത സൗകര്യങ്ങളെ കുറിച്ചും വ്യക്തമായ വിവരങ്ങൾ ശേഖരിക്കാൻ ഇത് സഹായകമാണ്.

ഗ്രന്ഥവരികളിൽ തന്നെ തിരുവെഴുത്തയയ്ക്കുന്നതും മറുപടി കിട്ടുന്നതും ആൾ വന്ന് വിവരമറിയിക്കുന്നതും മറ്റും രേഖപ്പെടുത്തുന്നു. കുറിയ തിരുവെഴുത്തും നെടിയതിരുവെഴുത്തും ഉ ്. ഗ്രന്ഥവരികളിൽ കാണുന്ന സ്ഥലപ്പേരുകളും തറവാട്ടു പേരുകളും പണത്തിന്റെയും നെല്ലിന്റെയും കണക്കുകളും ഇന്നുവരെ ലഭ്യമല്ലാതിരുന്ന നിരവധി വിഷയങ്ങളിലേക്ക് വെളിച്ചം വീശും.

ആചാര-അനുഷ്ഠാന-ഔദ്യോഗിക പ്രാദേശിക പദങ്ങൾ കോഴിക്കോടൻ ഗ്രന്ഥവരിയെ ഇതര ഗദ്യരൂപങ്ങളിൽ നിന്നും വ്യത്യസ്തമാക്കുന്നു. കച്ചേരി, സ്വരൂപം തുടങ്ങിയ ഔദ്യോഗിക പദങ്ങളും പെ ിയന്മാർ, വെളക്കത്തിരർ തുടങ്ങിയ പ്രാദേശിക പദങ്ങളും ഉൾക്കൊള്ളുന്ന സമഗ്രമായ പദകോശം ഗ്രന്ഥവരിയിലു ്.





സാംസ്കാരിക ചരിത്രരേഖകൾ എന്നതുപോലെ തന്നെ ഭാഷാപരമായ പ്രധാന്യവും കോഴിക്കോടൻ ഗ്രന്ഥവരികൾക്കു ്. പതിനാറാം നൂറ്റാ ുമുതൽക്കുള്ള ഭാഷാപരവും ലിപിപരവുമായ വ്യത്യാസങ്ങൾ ഗ്രന്ഥവരിയിൽ കാണാം. അരയുകാരം കാണിക്കാനുള്ള ചിഹ്നത്തിന്റെ അഭാവം (ഉദാ: നെല്ല, വെച്ച) എകാര-ഒകാര ദീർഘ ചിഹ്നങ്ങളുടെ അഭാവം (ഉദാ: ശെഷം, സൊപാനം), ഉകാര-എകാരങ്ങളുടെ വിനിമയം (ഉദാ: എടവഴി- ഇടവഴി) യകാരത്തിനു പകരം ഐകാരം (ഉദാ: ചൈതു- ചെയ്തു) തുടങ്ങിയ ലിപി വിന്യാസ പ്രത്യേകതകളും തത്ഭവ- തത്സമ രൂപങ്ങളും ഭാഷാ പ്രയോഗങ്ങളും വിശദപഠനമർഹിക്കുന്നമേഖലകളാണ്.

വില്യം ലോഗൻ, ഹെർമ്മൻ ഗു ർട്ട് തുടങ്ങിയ പണ്ഡിതന്മാർ പ്രസ്തുത ഗ്രന്ഥവരിയിലെ ഏതാനും ചില രേഖകൾ പരിശോധിച്ചിട്ടു ്. കെ.വി കൃഷ്ണയ്യരുടെ 'The Zamorins of calicut', എൻ.എം നമ്പൂതിരിയുടെ 'സാമൂതിരിചരിത്രത്തിലെ കാണാപ്പുറങ്ങൾ', 'മാമാങ്കം രേഖകൾ', ഡോ. വി.വി ഹരിദാസിന്റെ 'സാമൂതിരികാലത്തെ കോഴിക്കോട് കഥയും ചരിത്രവും', എം.ആർ. രാഘവ വാരിയരുടെ 'സ്ഥാനാരോഹണ ചടങ്ങുകൾ' എന്നിവ കോഴിക്കോടൻ ഗ്രന്ഥവരിയെ ആസ്പദമാക്കിയുള്ള പഠനങ്ങളാണ്.

സാമൂതിരി വംശത്തെ കുറിച്ചും സാമൂതിരിമാരുടെ സാംസ്ക്കാരിക പാരമ്പര്യത്തെ കുറിച്ചും അറിയാൻ സഹായകമായ സുപ്രധാന രേഖകളാണ് കോഴിക്കോടൻ ഗ്രന്ഥവരികൾ. സാമൂതിരിയുടെ കാലത്തെ ഭരണ വ്യവസ്ഥിതിയേയും സാമൂഹിക വ്യവസ്ഥിതിയേയും പ്രതിഫലിപ്പിക്കുന്ന ആധികാരിക രേഖകൾ എന്നതുപോലെ തന്നെ പ്രാചീന ലിപി പഠനത്തിനും പതിനാറാം നൂറ്റാ ു

മുതലുള്ള കേരളഭാഷയുടെ വികാസപരിണാമചരിത്രം പഠിക്കുന്ന തിനും ഉള്ള ഉത്തമ ഉപാധികൂടിയാണ് കാലം കൃത്യമായി രേഖപ്പെ ടുത്തിയിട്ടുള്ള ഈ ഗ്രന്ഥവരികൾ.

**സഹായകഗ്രന്ഥങ്ങൾ**

1. നമ്പൂതിരി എൻ. എം., സാമൂതിരി ചരിത്രത്തിലെ കാണാപ്പുറ ങ്ങൾ, വള്ളത്തോൾ വിദ്യപീഠം. ശുകപുരം.
2. രാഘവവാരിയർ എം.ആർ., സ്ഥാനാരോഹണം ചടങ്ങുകൾ, വള്ളത്തോൾ വിദ്യാപീഠം, ശുകപുരം, 2004.
3. രാഘവവാരിയർ, രാജൻഗുരുക്കൾ, കേരളചരിത്രം ര ം ഭാഗം, നാഷണൽ ബുക്ക്സ്റ്റാൾ, കോട്ടയം 2012.
4. രാജ പി.സി.എം., സാമൂതിരിമാർ, പൂർണ്ണ പബ്ലിക്കേഷൻസ്, 2007.
5. രാമചന്ദ്രൻ പുതുശ്ശേരി. ഡോ., കേരളചരിത്രത്തിന്റെ അടി സ്ഥാന രേഖകൾ, കേരള ഭാഷ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2007.
6. ശ്രീധരമേനോൻ എ., കേരളചരിത്രം, നാഷണൽ ബുക്ക് സ്റ്റാൾ, കോട്ടയം, 1983.
7. ഹരിദാസ് വി.വി, ഡോ., സാമൂതിരികാലത്തെ കോഴിക്കോട് കഥയും ചരിത്രവും, സാഹിത്യ പ്രവർത്തക സഹകരണ സംഘം, 2012.
8. ഹരിദാസ് വി.വി ഡോ., സാമൂതിരിപ്പെരുമ, കേരളസാഹിത്യ അക്കാദമി, തൃശ്ശൂർ, 2012.





**ആശ. സി.എസ്**
ഗവേഷക വിദ്യാർത്ഥി

# ആഭരണങ്ങളിലെ വൈജാത്യവും തിരുവിതാംകൂർ സമൂഹവും - ഒരു അവലോകനം

ജിഷ. ജെ.എസ്.

**ആമുഖം**

ആഹാരം, വസ്ത്രം, പാർപ്പിടം എന്നീ മൂന്ന് അടിസ്ഥാന ആവശ്യങ്ങൾ കഴിഞ്ഞാൽ മനുഷ്യൻ പിന്നീട് പ്രാധാന്യം നൽകുന്നത് അവന്റെ ശരീരം അലങ്കരിക്കുക എന്നതിനാണ്.ഇതിന്റെ പ്രാരംഭമെന്നോണം അവർ ത്വക്കിൽ പച്ചകുത്തൽ പോലുള്ള അലങ്കാരങ്ങൾ നടത്തിയിരുന്നു.ആഭരണങ്ങൾ ശരീരത്തിൽ നേരിട്ട് അണിയുന്നതിലൂടെ ശരീരത്തിന്റെ ഭംഗി വർദ്ധിക്കുന്നു. പല ക്ഷേത്രങ്ങളിലെയും പ്രശസ്തമായ ശില്പങ്ങളിൽ ആഭരണങ്ങൾ വസ്ത്രങ്ങളുടെ സ്ഥാനമലങ്കരിക്കുന്നു ്. തിളക്കമുള്ള പലലോഹങ്ങളും ആഭരണങ്ങളുടെ മാറ്റ് കൂട്ടാനായി ഉപയോഗിക്കുന്നു.

ഇന്ത്യാചരിത്രം പരിശോധിച്ചാൽ ആഭരണങ്ങളുടെ പ്രാധാന്യം ചരിത്രാതീതകാലം മുതൽക്കേ ദർശിക്കാനാകും.പിന്നീടുള്ള കാലഘട്ടങ്ങളിൽ വ്യത്യസ്തവും വിലകൂടിയതും അമൂല്യങ്ങളുമായ വസ്തുക്കൾ ആഭരണങ്ങളുടെ മാറ്റ് കൂട്ടുന്നതായി നമുക്ക് വ്യക്തമാകും. കേരളത്തിലും സംഘകാലഘട്ടം മുതൽ ഇത്തരത്തിലുള്ള ആഭരണങ്ങൾ ഉപയോഗിച്ചതായി തെളിവുകളു ്. ഇന്ത്യയിലെ 584 നാട്ടുരാജ്യങ്ങളിൽ ഉൾപ്പെട്ട തിരുവിതാംകൂർ, കൊച്ചി, മലബാർ





എന്നിവ ഇന്നത്തെ കേരളത്തിന്റെ ഭാഗമായിരുന്നു. പ്രസ്തുത ലേഖനം തലക്കെട്ടിൽ സൂചിപ്പിച്ചിരിക്കുന്നത് പോലെ തിരുവിതാംകൂറിലെ ആഭരണങ്ങളെ സാമൂഹിക ഘടനയുമായി ബന്ധപ്പെടുത്തിയിരിക്കുന്നു.

**ആഭരണങ്ങളുടെ പ്രാധാന്യം**

ആഭരണങ്ങളുടെ പ്രധാന്യത്തിന് അതിന്റെ ചരിത്രത്തോളം തന്നെ പഴക്കമു ്. ശരീരത്തിലെ അവയവങ്ങളുടെ രൂപമനുസരിച്ച് നിർമ്മിക്കപ്പെട്ട് ത്വക്കിലേക്ക് നേരിട്ട് ഉപയോഗിക്കാവുന്ന വ്യത്യസ്തയിനം ലോഹങ്ങളാൽ നിർമ്മിതമായ വസ്തുക്കളാണ് ആഭരണങ്ങൾ. ഈ ആഭരണങ്ങൾ മുൻപ് സൂചിപ്പിച്ചത്പോലെ അവയുടെ രൂപമനുസരിച്ച് തയ്യാറാക്കിയതിനെ വ്യത്യസ്തപേരുകളിൽ അറിയപ്പെടുന്നു.കാതിലണിയുന്നത് കർണ്ണാഭരണം, മൂക്കിലണിയുന്നത് മൂക്കുകുത്തി, കാലിൽ കൊലുസ് എന്നിങ്ങനെയാണ് എങ്കിൽ തന്നെയും ഓരോ ആഭരണങ്ങളും അവയുടെ രൂപകല്പനയും പ്രദേശങ്ങൾമാറുന്നതിനനുസരിച്ച് വെവ്വേറെ പേരുകളിൽ അറിയപ്പെടുന്നു.ഇതിൽ രൂപകല്പനയ്ക്കാണ് പ്രാധാന്യം.ഓരോ ആഭരണ നിർമ്മാതാവും ഉപഭോക്താക്കളുടെ അഭിരുചിക്കനുസരിച്ച് രൂപകല്പനയിലും വ്യത്യാസമു ാകുന്നു.

സ്ത്രീകളെ സംബന്ധിച്ച് കർണാഭരണങ്ങൾക്കാണ് പ്രാധാന്യം. ചില അവസരങ്ങളിൽ ആഭരണങ്ങൾ ആചാരങ്ങളുടെ ഭാഗമാകുന്നു ്. 'രുദ്രാക്ഷമാലകളും പവിത്രമോതിരങ്ങളും' ഇത്തരം ആചാരങ്ങളുടെ ഭാഗമാണ് . ആധുനിക കാലഘട്ടത്തിൽ 'പണവും പ വും' സമൂഹത്തിൽ ഒരാളുടെ സ്ഥാനം നിശ്ചയിക്കുവാൻ ഉപാധിയായി. ആഭരണങ്ങളുടെ ഉപയോഗത്തിന് വൈദ്യശാസ്ത്രപരമായ തലങ്ങളും ക ത്തിയിരിക്കുന്നു.,ശുശ്രുത സംഹിതയിൽ

ഇപ്രകാരം വ്യക്തമാക്കുന്നു. കാതുകുത്തുന്നതിലൂടെ ഒരു കുട്ടിയെ സംബന്ധിച്ച് പലരോഗങ്ങളിൽ നിന്നുമുള്ള മുക്തി നേടലാണ്. കാൽ വിരലുകളിൽ അണിയുന്ന മോതിരം നാഡീവ്യൂഹത്തെ ക്രമ മായി നിലനിർത്തുവാൻ സഹായകമാകുന്നു.ശരീരത്തിന്റെ ചില ഭാഗങ്ങളിൽ ആഭരണങ്ങൾ ധരിക്കുന്നത് ചില മർമ്മഭാഗങ്ങളെ ഉത്തേജിപ്പിക്കുന്നു.

മതപരമായ ചില വിശ്വാസങ്ങളും ഇതിനുപിന്നിലു ്. കർണ്ണാഭരണങ്ങൾ ഉപയോഗിക്കുന്നതിലൂടെ ധരിച്ചയാൾക്ക് പിശാ ചുകളുടെ സ്വാധീനത്തിൽ നിന്നും രക്ഷനേടാം. ആഭരണങ്ങളുടെ നിർമ്മാണത്തിന് പുരാതനകാലം മുതൽക്കേ ഉപയോഗിച്ചിരുന്നത് സ്വർണ്ണവും വെള്ളിയും മറ്റ് അമൂല്യവസ്തുക്കളുമാണ്.ആഭരണ ങ്ങൾ ധരിക്കുന്നതുകൊ ് പ്രധാനമായും സൗന്ദര്യവർദ്ധനയാണ് മനുഷ്യൻ ലക്ഷ്യമിടുന്നത്. അതുകൊ ് തന്നെ ഇത്തരത്തിലുള്ള ആഭരണങ്ങൾ നിർമ്മിക്കുമ്പോഴുള്ള അളവുകൾ വ്യത്യസ്തമായിരി ക്കും. ഇതിനുള്ള തെളിവുകൾ നമുക്ക് അതിപുരാതനകാലം മുതൽക്കുതന്നെ ലഭ്യമാണ്. സിന്ധുനദീതട സംസ്കാരത്തിൽ 'കർണേലിയൻ ബീഡ്സ്' എന്നറിയപ്പെടുന്ന അമൂല്യരത്നത്തിനു ായിരുന്ന സ്ഥാനം ചരിത്രം പരിശോധിച്ചാൽ നമുക്ക് വ്യക്തമാ കും. മനുഷ്യശരീരത്തില പ്രത്യേകിച്ചും സ്ത്രീ ശരീരത്തിൽ ചെവി, മൂക്ക്,കഴുത്ത് കൈകൾ, കൈവിരലുകൾ, കാൽവിരലുകൾ എന്നിവി ടങ്ങളിലാണ് ആഭരണങ്ങളുടെ സ്ഥാനം. ഓരോഭാഗങ്ങൾക്കും അനുയോജ്യമായ തരം ആഭരണങ്ങളു ്.

ആഭരണങ്ങളുടെ രൂപകല്പനയിലുള്ള ഏറ്റക്കുറച്ചിലുകൾ പുരാതനകാലം മുതൽക്കേ നിലനിന്നിരുന്നതാണ്. ഇവയുടെ നാമ കരണങ്ങൾ മിക്കവാറും അർഥപൂർണ്ണങ്ങളാണ്.അതോടൊപ്പം





തന്നെ ഇവയുട രൂപ കൽപ്പന എന്നത് കലാപരമായ ഓരാശയ ത്തിന്റെ പൂർണ്ണത കൂടിയാണ്.

**തിരുവിതാംകൂറിലെ ആഭരണസഞ്ചയവും അവയുടെ ഉപയോഗ ത്തിലുള്ള നിയന്ത്രണവും**

ആഭരണങ്ങൾ എന്നും മനുഷ്യനെ സംബന്ധിച്ച് മോടിയുടെ ലക്ഷണമാണ്. ഈ മോടി നിലനിർത്തുന്നത് അത് ഉപയോഗിക്കു ന്നവരുടെ മനോധർമ്മത്തെ ആശ്രയിച്ചാണ്.തിരുവിതാംകൂർ എന്ന ഇന്ത്യയിലെ കൊച്ചുനാട്ടുരാജ്യം മറ്റ് സ്ഥലങ്ങളെ അപേക്ഷിച്ച് നോക്കുമ്പോൾ ഈ മനോധർമ്മത്തിന് പ്രാധാന്യം നൽകുന്നതല്ല. ജാതിവ്യവസ്ഥ എന്ന സാമൂഹിക പ്രശ്നം ഇതിനൊരു തടയാകുന്ന തിനാൽ തന്നെ പൊതുജനങ്ങൾക്കിടയിൽ ഉയർന്ന നിലവാരുമുള്ള ആഭരണങ്ങൾ ഉപയോഗിക്കുന്നതിന് തടസ്സമു ്. എങ്കിലും പൊതു വായി ഉപയോഗിക്കപ്പെട്ടിരുന്ന ആഭരണങ്ങൾ ചുവടെ ചേർക്കുന്നു. ഇവ സാമൂഹിക ഘടനയുടെ അടിസ്ഥാനത്തിൽ ഉപയോഗിക്കപ്പെട്ടി രുന്നവയാണ്.

**നമ്പൂതിരിമാർ**

ബ്രാഹ്മണരിൽ തന്നെ കേരളത്തിൽ പ്രധാനമായും ക ുവ രുന്ന ഒരു വിഭാഗമാണ് നമ്പൂതിരിമാർ. ഇവരിൽ തന്നെ പല ഉപവി ഭാഗങ്ങളുമു ്. പുരുഷന്മാർ പ്രധാനമായും സ്വർണമോതിരങ്ങളും അരയിൽ കെട്ടുവാൻ സ്വർണ്ണ ഏലസുകളും ഉപയോഗിച്ചിരുന്നു. സ്ത്രീകൾ 'താലി' എന്ന വിവാഹ ആഭരണം ഉപയോഗിച്ചു. 'ചെറു താലി' എന്നറിയപ്പെട്ട ഈ ആഭരണം സ്വർണ്ണനാണയങ്ങൾ കോർത്തവയാണ്. കാതിൽ ഒരു ജോഡി സ്വർണ്ണക്കമ്മലുകൾ പ്രത്യേക രീതിയിൽ ധരിച്ചിരുന്നു. അവർ ഒരിക്കലും മൂക്കൂത്തികൾ ഉപയോഗിച്ചിരുന്നില്ല.

കേരളത്തിൽ പ്രധാനമായും ഉ ായിരുന്ന ര ് നമ്പൂതിരി വിഭാഗങ്ങൾ ആഢ്യന്മാരും, ആസ്യന്മാരുമാണ്. ആഢ്യ നമ്പൂതിരി സ്ത്രീകൾ വെങ്കല നിർമ്മിതമായ വളകൾ ഉപയോഗിക്കുന്നു. ഇത് വലത് കൈകളിൽ പതിനഞ്ചും ഇടത് കൈകളിൽ പതിനാലും ആണ്. ഇതൊരു സ്ഥിരം സംഖ്യയാണ്. കമുത്തി താലിയാണ് ഇവർ ഉപയോഗിച്ചിരുന്നത്. ആഢ്യ വിഭാഗത്തിലെ സ്ത്രീകൾ താമ്ര - ലോഹത്താൽ നിർമ്മിതമായ വളകളാണ് ഉപയോഗിച്ചിരുന്നത്. വലത് കൈയിൽ പത്തും ഇടത് കൈയിൽ ഒൻപതും എന്ന നിശ്ചിത സംഖ്യ തന്നെയാണ് ഇവർക്കും. ഇവർക്ക് 'മലത്തിതാലി' യാണ്. ഇതോടൊപ്പം അവർ പൊതുവായി ഉപയോഗിച്ച ചില ആഭരണങ്ങൾ പൊന്നരഞ്ഞാണം, പാലയ്ക്ക മോതിരം, ത ും മോതിരം, കുഴലും മോതിരം, നാഗപടത്താലി, പപ്പടത്താലി, ആമ ത്താലി, പൂത്താലി, കാതില, തക്ക, തോട ഇവയാണ്.

മലയാളി ബ്രാഹ്മണ സ്ത്രീകൾ താലിയും, കമ്മലും ഒഴികെ മറ്റ് സ്വർണ്ണാഭരണങ്ങൾ ഒന്നും തന്നെ ധരിച്ചിരുന്നില്ല. എന്നാൽ മല യാളികളല്ലാത്ത ബ്രാഹ്മണർ ധാരാളം സ്വർണ്ണാഭരണങ്ങൾ ഉപയോ ഗിച്ചിരുന്നു. ഇവരെ പരദേശി ബ്രാഹ്മണർ എന്നും വിളിച്ചിരുന്നു. പരദേശി ബ്രാഹ്മണരിൽ പുരുഷന്മാർ കാതിൽ ചെറിയ വളയങ്ങ ളും, വിരലുകളിൽ മോതിരവുമാണണിഞ്ഞത്. എന്നാൽ സ്ത്രീകൾ ആപാദചൂഡം ആഭരണങ്ങൾ അണിഞ്ഞിരുന്നു. അവർ ഉപയോഗി ച്ചിരുന്ന ആഭരണങ്ങളിൽ ചിലത് - മുന്നൂൽക്കൊടി, പവിഴമാല, മൂക്കുത്തി, ഞാത്ത്, ബുള്ളക്ക്, മുറുഗ്, ജിമിക്കി, രാക്കുടി, പീലി, മേട്ടി, കാപ്പ്, കൊലുസ്, ഒഡ്യാണം, പാട്ടിൽ, വള, വംഗി മുതലായവ യാണ്.

അടുത്തതായി കോയിൽ തമ്പുരാക്കന്മാരാണ്. ഇവർക്കിട യിലെ പുരുഷന്മാരെ സംബന്ധിച്ച് നമ്പൂതിരിമാരോട് സാമ്യമുള്ള





താണ് അവരുടെ ആഭരണങ്ങൾ. എന്നാൽ സ്ത്രീകളുടെ ആഭരണ ങ്ങൾ മലബാറിലെ മറ്റ് ബ്രാഹ്മണേതര വിഭാഗങ്ങളുടേതിന് സമാന മാണ് അവർ ഉപയോഗിച്ചിരുന്ന ആഭരണങ്ങളിൽ ചിലത് - പച്ച ക്കൽതാലി, കുഴിമിന്നുമാല, ഇളക്കത്താലി, കണ്ഠശരം, ശരപ്പൊളി മാല, പൂമോതിരം, അഢ്യൽ, പാലയ്ക്കാമോതിരം, കാശിമാല, പവൻമാല, പാദസരം, നളി, വംഗി, ഒഢ്യാണം, തോട, തക്ക, രാമ പാദമാല, പുലിനഖമാല, മുല്ലമൊട്ട് മാല, പിച്ചിമൊട്ട്, മാല, നെറ്റി പൊന്ന്, മൂക്കുത്തി, വള, നാഗപടമാല, അട്ടത്തോട്, വള, അരഞ്ഞാ ണം ഇവയാണ്.

**നായർ**

ജനസംഖ്യയിൽ കൂടുതലുള്ള ഉയർന്ന സമൂഹവിഭാഗമാണ് നായൻമാർ. ഇവർ അധികം ആഭരണങ്ങൾ ധരിച്ചിരുന്നില്ല. പുരു ഷൻമാർ സ്വർണ്ണകടുക്കൻ കാതിലണിഞ്ഞിരുന്നു. കൈവിരലിൽ മോതിരവുമണിഞ്ഞിരുന്നു. സ്ത്രീകൾ ഉപയോഗിച്ചിരുന്ന ആഭരണ ങ്ങളിൽ ചിലത് - കണ്ഠശരം, നാലുപന്തി, അഢ്യൽ, പൊന്നുനൂൽ, നാഗപടം, അരിമ്പുമണി, ഞാലിക്കുഴൽ, മിന്നും മണിയും, കുഴൽമാല, രാശിത്താലി, പപ്പടത്താലി, മൂക്കുത്തി, ത , പാദസ്വരം, കൊലുസ്, തക്ക.

**ഈഴവർ**

പല സ്ഥലങ്ങളിലും ഇവർ പലപേരുകളിലാണറിയപ്പെടുന്നത്, ഈഴവ സ്ത്രീകൾ വെള്ളിയും, വെങ്കലവും കൊ ുള്ള ആഭരണ ങ്ങൾ ധരിച്ചിരുന്നു. നായർ സ്ത്രീകൾ ഉപയോഗിച്ചിരുന്ന 'തോട' എന്ന ആഭരണത്തിന് പകരമായി അവർ ഉപയോഗിച്ചിരുന്നത് 'പാമ്പടം' എന്ന കർണ്ണാഭരണമാണ്.

**പറയർ**

തിരുവിതാംകൂറിൽ അധിവസിക്കുന്ന മറ്റൊരു വിഭാഗമാണ് പറയർ. ഈ വിഭാഗത്തിലെ സ്ത്രീകൾ വെങ്കലവും, ഗ്ലാസും, മുത്തുകളും കൊ ുള്ള ആഭരണങ്ങളാണ് ധരിച്ചിരുന്നത്.

**കുറവർ**

ഈ വിഭാഗത്തിൽപെട്ട സ്ത്രീകൾ മുത്തുകളും വെങ്കലവും ആഭരണങ്ങളായി അണിഞ്ഞിരുന്നു.

തിരുവിതാംകുറിൽ ധാരാളം ഗോത്രവിഭാഗങ്ങൾ അധിവസിക്കുന്നു. ഇവർ ഉൾക്കാടുകളിലും കുന്നുകളിലുമാണ് താമസിക്കുന്നത്. മറ്റ് താഴ്ന്ന വിഭാഗങ്ങളെപ്പോലെ ഇവരും കല്ലുകളും, മുത്തുകളും ഗ്ലാസുകളും ഉപയോഗിച്ചുള്ള ആഭരണങ്ങളാണ് ധരിച്ചിരുന്നത്. അവർ ഉപയോഗിച്ചിരുന്ന ആഭരണങ്ങളിൽ ചിലത് - മുളക്ക്, പുതുമണി, കാതില, തോട, എല്ലുകൾ ഉപയോഗിച്ചുള്ള ആഭരണങ്ങൾ, കല്ലുമാല ആമാടതാലി, തലക്കു ്, മൂക്കുത്തി, മൂക്കുപൊത്തി, പാട്ട, കുറിക്കല്ല്, വെല്ലിക്കല്ല്, താത്തികല്ല്, തോളന്തി, കടകം, വളകം, പാദസരം, കാൽതള, തടവള, പെയ്വള എന്നിവയാണ്.

ഇവിടെ സൂചിപ്പിച്ചിട്ടുള്ള വിഭാഗങ്ങൾ മാത്രമല്ല തിരുവിതാംകുറിലു ായിരുന്നത്. ഓരോ ജാതിയ്ക്കും അനേകം ഉപജാതികൾ ഉ ായിരുന്നു. ഇവരിൽ തന്നെ ആഭരണങ്ങളുടെ ഉപയോഗവും വ്യത്യസ്തമായിരുന്നു. ആര് എന്തു ധരിക്കണം എന്നു തീരുമാനിച്ചിരുന്നത് സമൂഹത്തിലെ ഉന്നത ജാതിവിഭാഗങ്ങളായിരുന്നു. ഇവിടെ വിവരിച്ചിട്ടുള്ള വിവിധജാതി വിഭാഗങ്ങളും അവർ ഉപയോഗിച്ചിരുന്ന ആഭരണങ്ങളും പരിശോധിക്കുമ്പോൾ തന്നെ





നമുക്ക് വ്യക്തമാകും ജാതീയചിന്ത ആഭരണങ്ങളിൽ എത്രത്തോളം സ്വാധീനമു ാക്കി എന്നത്.

**തിരുവിതാംകുറും സാമൂഹ്യഘടനയും**

തെക്കേ ഇൻഡ്യയിലെ ചെറുതും മനോഹരവുമായ തിരുവിതാംകൂർ രാജ്യത്തെക്കുറിച്ച് ഇന്ത്യയിലെ വിദൂരങ്ങളിൽ വളരെകുറിച്ച് മാത്രമേ അറിയപ്പെടുന്നുള്ളൂ. ഭൂമിശാസ്ത്രപരമായി ആകർഷണീയതയുള്ള പ്രദേശമാണെങ്കിലും സാമൂഹ്യഘടന മറ്റെല്ലാ ഗുണങ്ങളെയും നിഷ്പ്രഭമാക്കുന്നു. വ്യാപകമായ വിഗ്രഹാരാധനയും പ്രേതാരാധനയും അന്ധവിശ്വാസങ്ങളും പൊതുജനത്തിന്റെ കഠിനമായ അജ്ഞതയും താഴ്ന്ന ജാതിക്കാരോടുള്ള ക്രൂരതകളും സമൂഹത്തിലെ എല്ലാ വിഭാഗത്തിലുംപെട്ട സ്ത്രീകളനുഭവിക്കുന്ന അവഗണനയും ഏറെ ദുഃഖകരമായ സംഗതികളാണ്.

മതം യഥർത്ഥത്തിൽ ആത്മനിഷ്ഠമായ സ്വഭാവമുള്ളതാണ്. പൂർവ്വകാലം മുതൽ ഇന്നുവരേയുള്ള ജനവിഭാഗങ്ങൾ വസ്തുനിഷ്ഠമായ നിരീക്ഷണങ്ങൾ കൈക്കൊള്ളുകയും അവയ്ക്ക് വമ്പിച്ച പ്രാധാന്യം നൽകുകയും ചെയ്തിട്ടു ്. അസാധാരണമാം വിധം വൈവിധ്യമുള്ളവയാണ് തിരുവിതാംകൂറിലെ മതങ്ങൾ. പ്രചുരമായ ഹിന്ദുമതം, പ്രേതാരാധന പൂർവ്വികരോടുള്ള ആരാധന, നാഗാരാധന, സൂര്യാരാധന എന്നിവയെല്ലാം അതിൽപ്പെടുംയ ഓരോ മനുഷ്യനും മുക്തിയിലേക്കുള്ള ഏറ്റവും ഉറപ്പായതും നല്ലതുമായ മാർഗ്ഗം തങ്ങളുടെ തത്വങ്ങളും ആരാധനാക്രമങ്ങളുമാണെന്ന് വിശ്വസിക്കുന്നു. മതത്തിന്റെ പേരിൽ നടന്നിട്ടുള്ള പ്രചണ്ഡമായ സമര

ങ്ങളും യുക്തിരഹിതമായ സമരങ്ങളും മാനവസമുദായ ചരിത്രത്തെ വികലമാക്കിയിട്ടു ്.

മതവുമായി ബന്ധപ്പെട്ട് വരുന്ന മറ്റൊരു വാക്കാണ് ജാതി. ഹിന്ദു സമൂഹത്തിലെ പരമ്പരാഗതമായ ഓരോ വിഭാഗങ്ങളെയും വേർതിരിക്കുന്നത് ആചാരപരമായ വിശുദ്ധിയും പരിശുദ്ധിയും സാമൂഹിക പദവിയും അനുസരിച്ചാണ്. ഈ പദവി നിർണയിക്കുന്നത് ജാതിയാണ്. ഋഗ്വേദത്തിൽ ജാതിയെക്കുറിച്ച് പരാമർശിക്കുന്നു ്. ഒരു ജാതി മറ്റൊന്നിൽ നിന്ന് പാടേ വ്യതിരിക്തമായ ഒന്നാണ് എന്നറിയാൻ ഉപകരിക്കുന്നത് ജാതിജന്യമായ കർമ്മങ്ങളും ജാതികൾ തമ്മിലുള്ള അകലവുമാണ്.

ജാതിവ്യവസ്ഥ, ഓരോ ജാതികളെയും ധർമ്മാചരണരീതികളെയും വിവാഹം, മരണം തുടങ്ങിയ അവസരങ്ങളിലെ ചടങ്ങുകളെയും, ഭക്ഷണസംബന്ധമായ വിധി നിഷേധങ്ങളെയും, വേഷത്തിലും ഭാഷയിലുമുള്ള പ്രകടമായ ഉച്ചനീചത്വങ്ങളെയും, തൊഴിലിനെയും ആശ്രയിച്ചാണ് നിലനിന്നു പോന്നിട്ടുള്ളതെന്ന് സാമൂഹ്യ ചരിത്രം പരിശോധിച്ചാലറിയാം. ബ്രാഹ്മണർ തൊട്ടാണ് ജാതിയുടെ തുടക്കം. ബ്രാഹ്മണ, ക്ഷത്രിയ, വൈശ്യ, ശൂദ്രരാവുമ്പോഴേക്കും വർണ്ണം-ജാതി അവസാനിച്ചു. ഓരോ ജാതിയും തീ ലിന്റെ അടിസ്ഥാനത്തിൽ, എല്ലാ ജാതിക്കാർക്കും ആവശ്യമായ തൊഴിലിന്റെ സഹായനുകൂല വിതരണത്തിൽ ശ്രദ്ധയും നിയമവും പാലുച്ചുകൊ ് ഓരോ ഭൂവിഭാഗങ്ങളിലായി അടുത്തും അകന്നും ജീവിച്ചു പോന്നു. അതിൽ ചില ജാതിക്കാർ, സർവ്വശുദ്ധിയും, അല്പശുദ്ധിയും പാലിച്ചു ജീവിക്കുന്ന ജാതിക്കാരുടെ ദൃഷ്ടിയിൽപോലും പെടാതെ, അങ്ങു ദൂരെ മലയടിവാരങ്ങളിലാണ് ജീവിച്ചുപോന്നത്.





തിരുവിതാംകൂർ എന്ന കൊച്ചു രാജ്യത്തിന്റെ അവസ്ഥയും ഇതിൽ നിന്നും വ്യത്യസ്തമായിരുന്നില്ല. കേരളത്തിൽ മറ്റെല്ലായിടത്തുമുള്ളതുപോലെ തന്നെയാണ് ഇവിടുത്തേയും ജാതി വിഭാഗങ്ങൾ. കേരളത്തിൽ മൊത്തം 64 ജാതികളാണു ായിരുന്നത്. ഇവയ്ക്കെല്ലാം തന്നെ ധാരാളം ഉപജാതികളും ഉ ായിരുന്നു.

ഇത്തരത്തിലുള്ള ജാതിവ്യവസ്ഥ സമൂഹത്തിലെ പല മേഖലകളെയും ദോഷകരമായി ബാധിച്ചു. മാത്രമല്ല ഈ വേർതിരിവ് അന്തർധാരകളിലെത്തിയെന്നതിനുള്ള തെളിവാണ് ഇതിനെതിരെയുള്ള പ്രതിഷേധം. ആഹാരം, വസ്ത്രം, പാർപ്പിടം എന്നീ അടിസ്ഥാന ഘടകങ്ങളിലുള്ള ഭിന്നത ആഭരണങ്ങളുടെ ഉപയോഗത്തിലും പ്രതിഫലിച്ചിരുന്നു എന്നത് ആ സമൂഹത്തിലെ അനീതിയുടെ ശേഷിപ്പുകളായി നമുക്ക് ദർശിക്കാവുന്നതാണ്. ഒരു വ്യക്തി ധരിച്ചിരുന്ന വസ്ത്രത്തിലൂടെ മാത്രമല്ല ആഭരണത്തിലൂടെയും അയാൾ ഏതു വിഭാഗത്തിൽ ഉൾപ്പെടുന്നു എന്ന് മനസ്സിലാക്കാം.

ഈ വിഭാഗീയത മുൻപ് വ്യക്തമാക്കിയിട്ടുള്ളതുപോലെ ആഹാരത്തിലും, വസ്ത്രത്തിലും പാർപ്പിടത്തിലുമു ്. ഇത്തരം അനീതിക്കെതിരെ പല പടയൊരുക്കങ്ങളും നടന്നിട്ടു ന്നുള്ളതിന് ചരിത്രം സാക്ഷ്യം വഹിക്കുന്നു. തിരുവിതാംകൂറിലെ ഒരു കൂട്ടം ചാന്നാർ സ്ത്രീകൾ മാറുമറയ്ക്കുവാൻ നടത്തിയ പോരാട്ടമാണ് ഇതിൽ പ്രധാനം. സവർണ്ണർ ഈ തീരുമാനത്തെ പ്രാവർത്തികമാകാതിരിക്കാൻ നഖശിഖാന്തം എതിർത്തു. എന്നാൽ മിഷണറിമാരുടെ സഹായത്താൽ ഇതിൽ മാറ്റം സംഭവിച്ചും മിശ്രഭോജനം, പന്തിഭോജനം തുടങ്ങി ഭോജന പ്രസ്ഥാനങ്ങൾ സവർണനും അവർണനും തമ്മിലുള്ള അകലം കുറച്ചു. ഇത്തരത്തിൽ ആഭര

ണത്തെ സംബന്ധിക്കുന്ന ര ് പ്രധാന ലഹളകളാണ് കല്ലുമാല സമരവും മൂക്കുത്തി സമരവും. മൂക്കുത്തി സമരത്തിന്റെ നായക സ്ഥാനമലങ്കരിച്ചത് ആറാട്ടുപുഴ വേലായുധപണിക്കരാണ്. താഴ്ന്ന ജാതിയിലുള്ള സ്ത്രീകൾക്ക് മൂക്കുത്തി പണിയിച്ചു കൊടുത്തുകൊ ാണ് അദ്ദേഹം പ്രതികരിച്ചത്. ര ാമത്തേതും പ്രധാനപ്പെട്ടതുമായ ലഹള കൊല്ലത്ത് പെരിനാട് എന്ന സ്ഥലത്ത് വച്ച് നടന്നതാണ്. അയ്യങ്കാളി ഈ സമരത്തിൽ പങ്കെടുക്കുകയും കല്ലുംമുത്തും ഗ്ലാസും കൊ ുള്ള ആഭരണങ്ങൾ ഉപേക്ഷിക്കണമെന്ന് ആഹ്വാനം ചെയ്യുകയും അതിൻ പ്രകാരം പുലയ സ്ത്രീകൾ ഇത്തരം ആഭരണങ്ങളെ വലിച്ചെറിയുകയും സവർണ മേധാവിത്വത്തിന്റെ അടിമച്ചങ്ങല പൊട്ടിച്ചെറിയുകയും ചെയ്തു.

പ്രസ്തുത ലേഖനം വിശകലനം ചെയ്തത് തിരുവിതാംകൂറിലെ ആഭരണങ്ങളും അവ ഉപയോഗിക്കുന്നതിലുള്ള നിയന്ത്രണങ്ങളുമാണ്. ഇതിന്റെ അടിസ്ഥാനം ഇവിടെ നിലനിന്നിരുന്ന സാമൂഹ്യഘടനയിലുള്ള വൈജാത്യമായിരുന്നു. സംഘകാലം മുതൽക്കുതന്നെ തൊഴിൽപരമായ വിഭാഗീയത നിലനിന്നിരുന്നു. പക്ഷേ അതൊരിക്കലും ജാതിപരമായിരുന്നില്ല. ഒരു വീട്ടിൽ തന്നെ വ്യത്യസ്ത തൊഴിൽ ചെയ്തിരുന്നവരു ായിരുന്നു. പിന്നീട്, ബ്രാഹ്മണരുടെ ആഗമനത്തോടെയാണ് ഇതിന് 'ജാതി' എന്ന മാനം കൈവന്നത്. വ്യത്യസ്ത തൊഴിൽ ചെയ്തിരുന്ന ഒരു കുടംബത്തിലുള്ളവർ തന്നെ പല ജാതിക്കാരായി. സമൂഹത്തിന്റെ കടിഞ്ഞാൺ എന്നും തങ്ങളുടെ കൈവശമു ായിരിക്കണമെന്നാഗ്രഹിച്ച ബ്രാഹ്മണൻ സമൂഹത്തെ ജാതിയുടെ അടിസ്ഥാനത്തിൽ വേർതിരിച്ചു ഈ വേർതിരിവ് പതിയെ നിത്യ ജീവിതത്തെയും





ബാധിച്ചു. പലതരം നിയന്ത്രണങ്ങൾ അവർ താഴേതട്ടിലുള്ളവർക്കായി കൊ ുവന്നു. ആഭരണങ്ങളുടെ മേലുള്ള നിയന്ത്രണവും ഇതിന്റെ ഭാഗമാണ്. തിരുവിതാംകൂറിൽ നാട്ടുരാജാവിന് മേൽക്കോയ്മ ഉ ായിരുന്നതിനാൽ ഈ വിഭാഗീയത അതിന്റെ എല്ലാ വശങ്ങളെയും ഉൾക്കൊ ു. വ്യക്തിയുടെ ഇംഗിതമല്ല സമൂഹ നിയമങ്ങളാണ് പ്രശ്നം എന്ന് ഇത് പറഞ്ഞു പഠിപ്പിച്ചു. ഈ മാനദണ്ഡം തലമുറകളോളം നിലനിന്നിരുന്നു എന്നത് ഏറെ ചിന്തനീയമാണ്. ഇത്തരത്തിൽ നിലനിന്നിരുന്ന സാമൂഹിക പ്രശ്നത്തിനുള്ള പരിഹാരമായിരുന്നു ലഹളകൾ. അതിനുദാഹരണമാണ് ചരിത്രപ്രസിദ്ധമായ കല്ലുമാലസമരം. ഇത് അന്നത്തെ ആഭരണങ്ങളുടെ മേലു ായിരുന്ന നിയന്ത്രണത്തെ ഇല്ലാതാക്കി.

**സഹായക ഗ്രന്ഥങ്ങൾ**

1) വാൽട്രേഡ് ഗാംഗുലി, ഇയർറിംഗ്സ്, ഓർണമെന്റൽ ഐഡന്റിറ്റി ആൻഡ് ബ്യൂട്ടി ഇൻ ഇന്ഡ്യ, ബി.ആർ.പബ്ലിഷിംഗ്, 2007

2) സാമുവൽ മാറ്റീർ, ഞാൻ ക കേരളം, (Translated by സത്യദാസ്), ആരോ ബുക്സ്, തിരുവനന്തപുരം, 2005.

3) കേരള ഹിസ്റ്റോറിക്കൽ അസോസിയേഷൻ, കേരള ചരിത്രം, Vol.II, എറണാകുളം, 1974.

4) ഭാസ്കരനുണ്ണി,പി, പത്തൊൻപതാം നൂറ്റാ ിലെ കേരളം, കേരള സാഹിത്യ അക്കാഡമി, തൃശ്ശൂർ, 1985.

5) നാഗം അയ്യാ.വി, ട്രാവൻകൂർ സ്റ്റേറ്റ് മാനുവൽ, ഏഷ്യൻ എജ്യൂക്കേഷണൽ സർവ്വീസസ്, ന്യൂഡൽഹി, 1989.

**ജിഷ. ജെ.എസ്.**
ഗവേഷക വിദ്യാർത്ഥി

# കാവുകളും വൃക്ഷാരാധനയും

**ജയലക്ഷ്മി എസ്**

കാവുകളെ ഐശ്വര്യത്തിന്റെ പ്രതീകമായിട്ടാണ് പ്രാചീന കാലം മുതൽക്കു തന്നെ മനുഷ്യർ കരുതിയിരുന്നത്. തൻമൂലം അവയെ പരിപാലിക്കുന്നതിനും മറ്റും മനുഷ്യർക്കിടയിൽ പ്രത്യേക താല്പര്യവും ഉ  ായിരുന്നു. സർപ്പങ്ങളുടെ വാസമെന്ന നിലയിൽ കാവുകളെ വളരെ പരിശുദ്ധമായിട്ടാണ് പരിപാലിച്ചിരുന്നത്. പ്രകൃതിയുടെ പ്രതീകമായി ക  ാരാധിക്കുന്ന കാവുകൾ സകല ക്ഷുദ്ര-ദുഷ്ട ജീവികളുടേയും ആശ്രയമായിട്ടാണ് കുടികൊള്ളുന്നത്. പരിസ്ഥിതി സംരക്ഷണത്തിനു കാവുകളുടെ പങ്ക് വളരെ വലുതാണ്.

ഒരു കാലത്ത് ഔഷധ സസ്യങ്ങളും വൻമരങ്ങളും ചെറിയ ചെടികളും മറ്റും കൊ ് നിറഞ്ഞിരുന്ന വനപ്രദേശങ്ങൾ ഇന്ന് അപ്രത്യക്ഷമാകുന്ന കാഴ്ചയാണ് നമുക്ക് കാണാൻ കഴിയുന്നത്. കാവുകളിലെ വൻമരങ്ങളിൽ തന്നെ ഒരു മരത്തിനെ ആശ്രയിച്ചു ജീവിക്കുന്ന അനേകം പക്ഷിമൃഗാദികളു ്. അതായത് ഒരു മരത്തിൽ കൂട് കൂട്ടുക, ആ മരത്തിന്റെ ഫലങ്ങൾ ഭക്ഷിക്കുക, ഇലകൾ ഭക്ഷിക്കുക ഇങ്ങനെ അതിനെ മാത്രം ആശ്രയിച്ചു ജീവിക്കുന്ന എത്രയെത്ര ജീവജാലങ്ങളാണ് ഓരോ ദിവസവും വനത്തിൽ കാണപ്പെടുന്നത്. നാട്ടിൻപുറങ്ങളിലും മറ്റും കാണുന്ന ഒട്ടുമിക്ക പക്ഷിമൃഗാദികളുടേയും വാസം കാടുകളിൽ തന്നെയാണ്. ഉദാഹരണത്തിന് മരപ്പട്ടി, വള്ളിപുലി, കുരങ്ങ്, കീരി എന്നിങ്ങനെഉള്ള





വിവിവധ തരം ജീവികൾ. ഔഷധ സസ്യങ്ങളാൽ സമൃദ്ധമാണ് കാവുകൾ. മാത്രമല്ല ഇന്ന് വംശനാശഭീഷണി നേരിട്ടു കൊ  ിരിക്കുന്ന മഞ്ചാടി, കുന്നിക്കുരു, ഇഞ്ച, അപ്പൂപ്പൻ താടി എന്നിവയെ ധാരാളമായി കാവുകളിൽ കാണാം. പുരാണങ്ങളിലും മറ്റും ഓരോ നക്ഷത്രക്കാർക്കും ഓരോ മരങ്ങൾ വീതം നിർദ്ദേശിച്ചിട്ടു ്. ഇവയെ പരിപാലിച്ച് വളർത്തിയാൽ ആയുസ്സും സൗഭാഗ്യവും ഉ  ാകുമെന്നൊരു വിശ്വാസവും നിലനിൽക്കുന്നു ്. ഇവയൊക്കെ വൻമരങ്ങളാകുന്ന വൃക്ഷങ്ങളാണ്. ഇവയുടെ വളർച്ചയും കാവ് സംരക്ഷണത്തിന് സഹായകമായിട്ടു ്.

കാവുകളുടെ പരിപാലനം പ്രകൃതിയിലെ ജലാംശത്തെ സംരക്ഷിക്കുന്നതിന് സഹായിക്കുന്നു. വൃക്ഷങ്ങളുടെ വേരുകൾ മണ്ണൊലിപ്പ് തടഞ്ഞു നിർത്തി ജലത്തെ പൂർണ്ണമായും ഭൂമിയിലേക്കു തന്നെ താഴ്ത്തുന്നു. ഇത് പ്രകൃതിയിലെ ജലത്തിന്റെ അളവിൽ വർദ്ധനവ് വരുത്തുന്നതിന് സഹായകമാകുന്നു. വലിയ കാവുള്ള ക്ഷേത്രപരിസരത്തു ചെല്ലുമ്പോൾ തന്നെ പലതരം പക്ഷിമൃഗാദികളുടെ ഒച്ച നമുക്ക് കേൾക്കാൻ കഴിയും. ഇത്തരത്തിലുള്ള പക്ഷികൾ പ്രഭാതമാകുമ്പോൾ നാട്ടിൻപുറങ്ങളിലേയ്ക്കു പോകുകയും അസ്തമയമാകുമ്പോൾ കൂടണയുകയും ചെയ്യുന്നു. കാവു സംരക്ഷണത്തിലൂടെ ശുദ്ധവായുവിന്റെ അളവ് ക്രമീകരിക്കാൻ കഴിയുന്നു. തറവാടുകളിൽ കാണപ്പെടുന്ന കാവുകൾ മനുഷ്യാരോഗ്യ സംരക്ഷണത്തിൽ പ്രധാനമായ പങ്കാണ് വഹിക്കുന്നത്. കാവും പരിസരവും വൃത്തിയായും പരിപാലനമായും പവിത്രമായും സംരക്ഷിക്കുന്നതിന് തറവാടുകളിലെ ആളുകൾ പ്രത്യേകം ശ്രദ്ധിച്ചിരുന്നു.

കാവുകൾ കാലാവസ്ഥാ നിയന്ത്രണത്തിന് പലതരത്തിലാണ് സഹായകമാകുന്നത്. അതികഠിനമായ ചൂടുള്ളപ്പോഴും കാവുകളുടെ പരിസരത്ത് നിൽക്കുകയാണെങ്കിൽ അതിന്റെ മാറ്റം നമുക്ക് അനുഭവിച്ചറിയാവുന്നതാണ്. മഴയുടെ വർദ്ധനവിനും

കാവുകളുടെ വളർച്ച വളരെ പ്രയോജനം നൽകുന്ന ഒന്നു തന്നെയാണ്. എന്നാൽ കേരളത്തിന്റെ ഇന്നത്തെ അവസ്ഥ മേൽവിവരിച്ചതു പോലെ അല്ല. നിബിഡമായ വനപ്രദേശങ്ങളെല്ലാം തന്നെ ഇന്ന് മുട്ടകുന്നുകളായി മാറുന്ന കാഴ്ചയാണ് നമുക്ക് ദർശിക്കാൻ കഴിയുന്നത്. മാത്രമല്ല ഇവയുടെ സ്ഥാനത്ത് ഫ്ളാറ്റുകളുടെ വൻതോതിലുള്ള ഉയർച്ചയും കാണാവുന്നതാണ്. ഇത് കേരളത്തിൽ വരൾച്ചയുടെ അളവ് കൂട്ടുകയും മഴയുടെ തോത് കുറയ്ക്കുകയും ആണ് ചെയ്യുന്നത്. കാവുകളെയും അവിടെയുള്ള ആരാധനാ മൂർത്തികളെയും തന്ത്രമന്ത്ര വിധിപ്രകാരം കാവുമാറ്റൽ എന്ന പ്രക്രീയ വഴി തൊട്ടടുത്തുള്ള നാഗാരാധനാ കേന്ദ്രത്തിലേയ്ക്ക് മാറ്റി ചിത്രകൂടം പണിഞ്ഞ് അതിൽ പ്രതിഷ്ഠ നടത്തുന്നു. ഇത് കാവുകളുടെ നാശത്തിന് വഴിയൊരുക്കുകയും ചെയ്യുന്നു.

## വൃക്ഷാരാധന

പ്രാചീന ജനതയുടെ ആവാസകേന്ദ്രം വനപ്രദേശങ്ങളായിരുന്നല്ലോ. അങ്ങനെയാകാം വൃക്ഷാരാധനയുടെ ആരംഭവും. പ്രാചീന ജനത ദേവതകളെയും നാഗങ്ങളെയും വൃക്ഷങ്ങളുടെ ചുവട്ടിൽ കുടിയിരുത്തി ആരാധന നടത്തിയിരുന്നു. അങ്ങനെ അത്തരം വൃക്ഷങ്ങളിൽ ദൈവീക ചൈതന്യമുള്ളതായി വിശ്വസിച്ച് വൃക്ഷങ്ങളെ ആരാധിക്കുവാനും തുടങ്ങി. നാഗക്കാവുകളിലെ വൃക്ഷങ്ങൾ ഒരു കാരണവശാലും മുറിക്കരുത് എന്നാണ് വിശ്വാസം. അഥവാ മുറിക്കേ സാഹചര്യം വരുകയാണെങ്കിൽ ജ്യോതിഷപ്രകാരമുള്ള പ്രതിവിധികൾ ചെയ്തതിനുശേഷം മാത്രമേ അവ മുറിക്കുകയുള്ളൂ. ഇത് നാഗാരാധനയിൽ വൃക്ഷങ്ങളുടെ സ്വാധീനം എത്രയുടെ ന്ന് വ്യക്തമാക്കുന്നതാണ്. ദൈവസാന്നിദ്ധ്യമുള്ളതായി വിശ്വസിച്ചുപോരുന്ന വൃക്ഷങ്ങളെ ആരും മുറിക്കാൻ തയ്യാറാവുകയില്ല.





വളരെ പ ുകാലം മുതൽക്കുതന്നെ അനുവർത്തിച്ചുപോന്ന ഒരു ചടങ്ങാണ് വൃക്ഷാരാധന. കായ്കനികൾ തന്ന് തങ്ങളുടെ ജീവൻ നിലനിർത്തിയിരുന്ന വൃക്ഷങ്ങളെ പൂജിക്കേ തും സംരക്ഷിക്കേ തും തങ്ങളുടെ കടമയാണെന്ന് പ്രാചീന മനുഷ്യർ ഉറച്ചു വിശ്വസിച്ചിരുന്നു. പാലുള്ള വൃക്ഷത്തെയാണ് സാധാരണ ആരാധിച്ചിരുന്നത്. വൃക്ഷാരാധനയുടെ പ്രാധാന്യം എത്രത്തോളം ആഴത്തിലുള്ളതായിരുന്നു വെന്നതിന് തെളിവാണ് ഇവിടെ ഇന്നും കാണപ്പെടുന്ന കാവുകളും മറ്റും. അരയാൽ, കൂവളം, ഇലഞ്ഞി, വേപ്പ്, പാല, ചെമ്പകം, പന എന്നിങ്ങനെ വിവിധതരം മരങ്ങളെ ആരാധിച്ചുപോരുന്നു ്. മറ്റു ആരാധനകളിൽ നിന്ന് വ്യത്യസ്തമായി വൃക്ഷാരാധനയ്ക്ക് പ്രാചീനത ഏറെ ആണ് ഉള്ളത്. വൃക്ഷങ്ങളിൽ വിളക്കുകൾ തറച്ച് സന്ധ്യയ്ക്ക് ദീപം തെളിയിക്കുന്ന ചടങ്ങ് ചിലയിടത്ത് ഇന്നും നടന്നുവരുന്ന ഒന്നുതന്നെയാണ്. ക്ഷേത്രങ്ങളുടെ നിർമ്മാണത്തിന് വളരെ മുമ്പു തന്നെ ഒരു മരത്തിന്റെ ചുവട്ടിലോ അഥവാ ഒരു ചെറിയ കാവുകളുടെ മധ്യഭാഗത്തോ ബിംബങ്ങളെ പ്രതിഷ്ഠിച്ച് അവയെ ആരാധിച്ചിരുന്നു.

വൃക്ഷങ്ങളിൽ പുണ്യസ്ഥാനമാണ് ആൽമരത്തിന് നൽകിയിരുന്നത്. വൃക്ഷരാജാവായിട്ടാണ് ആൽമരത്തെ ക ുവരുന്നത്. ക്ഷേത്രാചാരങ്ങളുടെ കൂട്ടത്തിൽ ക്ഷേത്രങ്ങളോടൊപ്പം ആൽമരത്തേയും വച്ചുപിടിപ്പിക്കാറു ്. ക്ഷേത്രങ്ങളിൽ പ്രതിഷ്ഠ വയ്ക്കുന്നതുപോലെ തന്നെ പ്രാധാന്യമാണ് അരയാൽ നടീലിനുള്ളത്. കേരളത്തിൽ മാത്രമല്ല ലോകത്ത് പലയിടങ്ങളിലും ഭക്തിയോടുകൂടി പരിപാലിക്കുന്ന ഒരു വൃക്ഷമാണ് അരയാൽ. കേരളത്തിലെ ഒട്ടുമിക്ക ക്ഷേത്രങ്ങളിലും ക്ഷേത്രമതിൽക്കെട്ടിനകത്തോ പുറത്തോ ആൽമരം ഉ ായിരിക്കും. ചില സ്ഥലങ്ങളിൽ ആൽമരത്തിനു ചുറ്റും സർപ്പപ്രതിഷ്ഠകളേയും കാണാവുന്നതാണ്. ത്രിമൂർത്തികളുടെ ആവാസ കേന്ദ്രമെന്ന നിലയിൽ ദൈവീക പരിവേഷമാണ്

ആൽമരത്തിന് നൽകിയിരിക്കുന്നത്. ചുവട്ടിൽ ബ്രഹ്മാവ്, മദ്ധ്യഭാഗത്ത് വിഷ്ണു, അഗ്രഭാഗത്ത് ശിവൻ എന്നിവർ യഥാക്രമം കുടികൊള്ളുന്നുവെന്ന വിശ്വാസമാണ് ഹിന്ദുപുരാണത്തിൽ ക ുവരുന്നത്. അതുകൊ ് ആൽമരത്തെ പ്രദക്ഷിണം ചെയ്താൽ സർവ്വ ഐശ്യര്യങ്ങളും ഉ ാകുമെന്നാണ് വിശ്വാസം. ബുദ്ധമതക്കാരും ആലിനെ പവിത്ര വൃക്ഷമായിട്ടാണ് കാണുന്നത്. അരയാലിനെ സാധാരണ ഏഴുപ്രാവശ്യമാണ് വലംവയ്ക്കേ ത്. നാഗ പ്രതിഷ്ഠയുള്ള അരയാലിനെ സന്ധ്യയ്ക്കു വലംവയ്ക്കരുതെന്നാണ് പറയുന്നത്. അതിനു കാരണം സന്ധ്യകഴിയുമ്പോൾ ഈ മരത്തിൽ മൂധേവി കയറുകയും നമ്മൾ വലം വയ്ക്കുമ്പോൾ നമ്മുടെ ശരീരത്തിൽ മൂധേവി കയറിക്കൂടുകയും ഇത് ഐശ്വര്യ ക്ഷയത്തിന് കാരണമാവുകയും ചെയ്യുന്നു എന്നൊരു വിശ്വാസം നിലവിലു ്.

വേപ്പിന്റെ ഔഷധഗുണത്തിനും ദൈവീക ചൈതന്യത്തിനു പിന്നിലും ഒരു ഐതീഹ്യമു ്. അതായത് പാലാഴിമഥന സമയത്തു ലഭിച്ച അമൃതുമായി ഇന്ദ്രൻ ഐരാവതത്തിന്റെ പുറത്തു കയറി ദേവലോകത്തേയ്ക്കു വരുന്ന സമയത്ത് അമൃത് തുളുമ്പി വേപ്പിനു മുകളിൽ വീണു. അങ്ങനെയാണ് വേപ്പിന് ഔഷധഗുണവും ദൈവീക ചൈതന്യവും കൈവന്നത്. അരയാലും വേപ്പും തമ്മിൽ അഭേദ്യമായ ഒരു ബന്ധം നിലനിൽപ്പു ്. അതായത് അരയാലിനെ വരനായും വേപ്പിനെ വധുവായും സങ്കൽപ്പിച്ച് അവർ തമ്മിലുള്ള വിവാഹം ആർഭാടമായി നടത്തുന്ന പലക്ഷേത്രങ്ങളും ഇവിടെ ഉ ്. ഈ ഒരു വിശ്വാസത്തിനു പിന്നിലും ഒരു ഐതീഹ്യമു ്. അതായത് പരശുരാമന്റെ അമ്മയുടെ മറ്റൊരു ജന്മമാണ് വേപ്പ് മരമെന്നൊരു വിശ്വാസം നിലനിൽക്കുന്നു ്. എങ്ങനെയെന്നാൽ മഹേന്ദ്രനെ ക ു ഭ്രമിച്ച രേണുകയെ വധിക്കാൻ ഭർത്താവായ ജമദഗ്നി മഹർഷി പുത്രനായ പരശുരാമനോട് ആജ്ഞാപിച്ചു. പിതാവിന്റെ ആജ്ഞ പുത്രൻ നടപ്പിലാക്കി.





എന്നാൽ പിന്നീട് രേണുകയ്ക്ക് ജീവൻ തിരിച്ചു ലഭിച്ചു. അപ്പോൾ തന്നെ ഭൂമിയിൽ ആദ്യമായി വേപ്പുമരവും ഉ ായി. പരമേശ്വരന്റെ അനുഗ്രഹത്താൽ വേപ്പുമരത്തിന് രേണുകാദേവിയുടെ അംശം ലഭിച്ചുവെന്നതാണ് ഐതീഹ്യം. മഹാദേവന്റെ ജന്മവൃക്ഷമായ അരയാലും രേണുകയുടെ പ്രതീകമായ വേപ്പും തമ്മിൽ വിവാഹിതരാകുന്നുവെന്നുള്ള സങ്കൽപ്പമാണ് ഇവിടെ നിലനിൽക്കുന്നത്. പാർവ്വതീദേവിയുടെ അംശമായിട്ടാണ് രേണുകയെ കാണുന്നത്. ആലിനേയും വേപ്പിനേയും ഒന്നായി ചേർക്കുന്നത് മുൻജന്മ പുണ്യമായിട്ടാണ് പ്രാചീന തലമുറ ക ുവരുന്നത്. എറണാകുളം ജില്ലയിലെ ആമേട ക്ഷേത്രത്തിലും പാലക്കാട്ടുള്ള മലയക്കുളത്തും ഇത്തരത്തിലുള്ള ചടങ്ങ് നടന്നിട്ടു ്.

യക്ഷസങ്കൽപ്പമനുസരിച്ചും വൃക്ഷാരാധന നടത്തുന്നു ്. അതായത് പ്രാചീന ജനത പ്രകൃതി ദേവനായിട്ടാണ് യക്ഷനെ ക ിരുന്നത്. യക്ഷസങ്കൽപ്പമനുസരിച്ച് പ്രധാനമായും വൃക്ഷാരാധന നടത്തുന്നത് യക്ഷിയേയും യക്ഷനേയും പ്രധാനസ്ഥാനം നൽകിയാണ് ആരാധിച്ചു പോരുന്നത്. യക്ഷൻമാരുടെ ആവിർഭാവം ബ്രഹ്മാവ്, പുലസ്ത്യൻ, പുലഹൻ, കശ്യപൻ എന്നിവരിൽ നിന്നാണെന്നും യക്ഷിണികളെ അവരുടെ സ്ത്രീപതിപ്പുകളുമായിട്ടാണ് കരുതുന്നത്. വൃക്ഷവുമായി ബന്ധപ്പെട്ട യക്ഷികളെ സാലഭഞ്ജികമാരായിട്ടാണ് കണക്കാക്കുന്നത്. യക്ഷിയെ വിവിധ പേരുകൾ നൽകി ആരാധിച്ചു പോന്നു. സാധാരണ പാലുള്ള വൃക്ഷച്ചുവട്ടിലാണ് യക്ഷിക്കുസ്ഥാനം നൽകിയിരിക്കുന്നത്. കാഞ്ഞിരവും യക്ഷിയുമായി ബന്ധമുള്ള ഒരു വൃക്ഷം തന്നെയാണ്.

പ്രകൃതിയിൽ നിന്ന് പല പ്രതിബന്ധങ്ങളും നേരിടേ ി വന്ന പ്രാക്തന കാലങ്ങളിൽ ഭയവും ആശങ്കയും നിറഞ്ഞ മനുഷ്യസമൂഹം പല ആരാധനാ സങ്കൽപ്പങ്ങളും സൃഷ്ടിച്ച് അവയിൽ അഭയം തേടി. അങ്ങനെയാണ് വൃക്ഷാരാധനയ്ക്ക് ആരംഭം കുറിച്ചത്.

### *കാവുകളും വൃക്ഷാരാധനയും*

പ്രകൃതി ശക്തികളെ അത്ഭുതത്തോടെ ക ു നിന്ന പ്രാചീന ജനത വൃക്ഷങ്ങളിൽ ദൈവീക സ്ഥാനം നൽകി അവയെ തങ്ങ ളുടെ ജീവിതത്തിന്റെ ഭാഗമായി ക ് ആരാധിച്ചു പോന്നു. ഒപ്പം കാവുകൾ പ്രകൃതിയുടെ വരദാനമാണെന്ന വിശ്വാസത്തിൽ കാവു കളുടെ സംരക്ഷണത്തിനു മുൻതൂക്കം നൽകുകയും ചെയ്തു.

**സഹായക ഗ്രന്ഥങ്ങൾ.**


1. ഇ. ഉണ്ണികൃഷ്ണൻ - ഉത്തരകേരളത്തിലെ വിശുദ്ധവനങ്ങൾ, സംസ്കൃതി പബ്ലിക്കേഷൻസ്, കണ്ണൂർ, 1997.
2. ഡോ. സി.എസ്. ജയകുമാരിക്കുഞ്ഞമ്മ - നാഗാരാധന കേരള ത്തിൽ, അന്താ - രാഷ്ട്ര കേരളപഠനകേന്ദ്രം, കാര്യവട്ടം, നവംബർ 2012.
3. ഡോ.എം.വി. വിഷ്ണു നമ്പൂതിരി - നാടോടി വിജ്ഞാനീയം, ഡി.സി.ബുക്സ്, കോട്ടയം, ഏപ്രിൽ 2011.
4. സുരേഷ് മണ്ണാറശ്ശാല-സർപ്പാരാധനയും പ്രകൃതിസംരക്ഷണവും, കറന്റ് ബുക്സ് , കോട്ടയം, ജൂലൈ 2000.



**ജയലക്ഷ്മി എസ്**
ഗവേഷക വിദ്യാർത്ഥി

**PRACHINAKAIRALI**
Journal of Research
Devoted to Publishing Ancient Works

Edited, Printed and Published
by Dr. Rejani R.S.
Asst. Professor and Head
Oriental Research Institute and Manuscripts
Library

at Prasanth Printers, Ambalathinkara
Kazhakuttom, Trivandrum

Annual Subscription : Rupees Fifty

Asst. Professor and Head
O.R.I. & MSS Library
University of Kerala,
Kariavattom - 695 581